Reg. No. 101, M. 2293

ഒററപ്രതിക്കു 2 ണ.

# സത്യദീപം

"ഞാൻ ലോകത്തിൻെറ ദീപമാകുന്നു ; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല."

| പുസ്തകം 24 | 1126 കന്നി 11—ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നതു്—എറണാകുളം 1950 സെപ്ററംബർ 27 | ലക്കം 7 |
|---|---|---|

# തിരുസഭയെ വിട്ടുപോകുന്നവർ*

(ഫാദർ ജെ. വട്ടയ്ക്കാട്ടു്)

തിരുസഭയിൽ ശിഷ്ടരും ദുഷ്ടരും ഉണ്ടെന്നുള്ളതു സ്പഷ്ടം. വയലിലെ കളകളെപ്പററിയുള്ള ഉപമയിൽ ദിവ്യരക്ഷകൻതന്നെ ഈ വസ്തുത വിശദീകരിക്കുന്നുണ്ടു്. "അവ രണ്ടും കൊയ്ത്തുവരെ ഒരുമിച്ചു വളർന്നുകൊള്ളട്ടെ" (മത്തായി 13. 30) എന്നാണു് ദിവ്യഗുരുവിൻെറ അരുളപ്പാടു്.

എന്തുകൊണ്ടാണു് ചില കത്തോലിക്കർ സത്യസഭയെ ഉപേക്ഷിക്കുന്നതു്? നിശ്ചയമായും ഇക്കൂട്ടർ സഭയെ വിട്ടുപോകുന്നതു പരിശുദ്ധതരമായ ഒരു ജീവിതം കഴിപ്പാനല്ല; സഭയുടെ വിശ്വാസപ്രമാണങ്ങൾ വിശ്വസിക്കാൻ വിഷമതകൾ ഉള്ളതുകൊണ്ടുമല്ല; പിന്നെയോ, വേദപ്രമാണങ്ങൾ അനുസരിപ്പാൻ വിഷമമായുള്ളതുകൊണ്ടത്രേ.

ഈ സംഗതി ക്രിസ്തുനാഥൻ, വിരുന്നിനു വിളിക്കപ്പെട്ടവരുടെ ഉപമയിൽ വ്യക്തമാക്കുന്നുണ്ടു്. ക്ഷണിതാക്കൾ തങ്ങളുടെ ക്ഷണം തിരസ്കരിച്ചതു് എന്തുകൊണ്ടു? ആത്മംഭരിത്വം, അഥവാ അഹംഭാവം, ലോകസക്തി, ഭോഗസുഖേച്ഛ (egotism, worldliness, and sex) എന്നീ മൂന്നു സംഗതികൾ വിരുന്നിൽ സംബന്ധിക്കുന്നതിനു അവർക്കു വിലങ്ങുതടികളായി. ക്ഷണിക്കപ്പെട്ടവരുടെ ഒഴിവുകഴിവുകൾ ഏവ? ഒരുവൻ ഒരു നിലം വാങ്ങി, അപരനു്, അഞ്ചേർ കാളകളെ പരീക്ഷിക്കാൻ പോകണം; വേറൊരുത്തൻ, വിവാഹം ചെയ്തു. നിലംവാങ്ങുന്നതോ, കാളകളെ പരീക്ഷിക്കുന്നതോ, വിവാഹം കഴിക്കുന്നതോ, തെററല്ല. പിന്നെ, എന്തിനു് ക്രിസ്തു "ക്ഷണിക്കപ്പെട്ടിരുന്ന ആ മനുഷ്യരിൽ ഒരുത്തൻപോലും എൻെറ അത്താഴം ആസ്വദിക്കയില്ല" (ലൂക്കാ. 14. 24) എന്നു പറഞ്ഞു? എന്തുകൊണ്ടെന്നാൽ, അവർ ലൗകികവും അപ്രധാനവുമായ കാര്യങ്ങൾക്കു്, ദൈവരാജ്യത്തേയും ആത്മരക്ഷയേയുംകാൾ മുൻഗണന നൽകി; അതെ അവർ തങ്ങളുടെ ജീവിതപരമാന്ത്യത്തെ പുറംതള്ളി. ഈദൃശന്മാരുടെ ബഹിഷ്കരണത്തിനുള്ള നിദാനങ്ങൾ ഓരോന്നിനെയും കുറിച്ചു് ഇനി നമുക്കു് പരിശോധിക്കാം.

## 1. അഹംഭാവം

"അഹമ്മതി അടൻവീഴ്ച"; "അഹംഭാവം നാശത്തിനു വഴികാട്ടി" എന്നീ പഴഞ്ചൊല്ലുകളിൽ പതിരില്ല.

ഒരുവൻ അഹങ്കാരംകൊണ്ടു് വിജ്രംഭിതനാകുമ്പോൾ, ദൈവത്തിനുപോലും അവനെ പഠിപ്പിക്കുവാൻ സാധ്യമല്ല. വെറുംവയററിൽ മദ്യം കടന്നാലുള്ള അപകടമാണു്, വെറും തലമണ്ടയിൽ അല്പം അറിവും പ്രവേശിച്ചാൽ. ഈ ഇരുകൂട്ടരും "പിച്ചും പേയും" പറയും; പേക്കൂത്തുകൾ കാട്ടും.


## 2. ലോകസക്തി

ലൗകികകാര്യങ്ങളിലുള്ള ക്രമാതീതമായ പക്ഷം നിമിത്തം, ചിലർ മതകാര്യങ്ങൾ ഭക്തിപരമായ ഒരാഡംബരം മാത്രമായി പരിഗണിക്കുന്നു. തന്മൂലം ഈ സംസാരസക്തരുടെ ആത്മചൈതന്യം ക്രമേണ ക്ഷയിക്കയും, ഇവർ ഒടുവിൽ സത്യസഭയെ വെടിയുകയും ചെയ്യുന്നു.

## 3. ഭോഗസുഖേച്ഛ

വിഷയസുഖങ്ങളിലുള്ള അമിതമായ

### പത്രോസാകുന്ന പാറമേൽ




Adapted from "The St. Louis Register"

ആസക്തിയും ഒരുവനെ അപകടത്തിലാക്കുന്നു. ഭോഗസുഖേച്ഛു, തൻെറ സ്വന്തം ദേഹത്തെ സേവിക്കയും, ആരാധിക്കയും ചെയ്യുകൊണ്ടു്, ദേഹിയുടെ കാര്യം വിസ്മരിക്കുന്നു; പരിത്യാഗം അവനു് പരിവർജ്യം. പലപ്പോഴും, ചീത്ത നടപടികളാണു് സംശയങ്ങൾ ജനിപ്പിക്കുന്നതു്; സംശയങ്ങളല്ല, ദുർനടപടിക്കു് വഴിതെളിക്കുന്നതു്.

ഇപ്രകാരം അധഃപതിച്ചവരുടെ അനന്തരകാര്യപരിപാടി, തങ്ങളുടെ കുററങ്ങളെ ന്യായീകരിപ്പാൻ പണിപ്പെടുക എന്നതാണു്. സഭയെ ഉപേക്ഷിച്ചവൻ ഒരുപക്ഷെ പുലമ്പിയേക്കും "ഞാൻ കുമ്പസാരത്തിൽ വിശ്വസിക്കുന്നില്ല" എന്നു്. ഈ ജല്പകൻെറ വിവക്ഷ യഥാർത്ഥത്തിൽ ഇതാണു്: — "ഞാൻ പാപത്തിൽ ജീവിക്കയാണു്; എൻെറ പാപചര്യയെ ഉപേക്ഷിപ്പാൻ എനിക്കു മനസ്സില്ലാത്തതിനാൽ, എൻെറ ദുഷ്കൃതികളെ ഞാൻ ഇപ്പോൾ എൻെറ ബുദ്ധിയുപയോഗിച്ചു വെള്ളപൂശുകയാണു്. അതുകൊണ്ടാണു് ഞാൻ, കുമ്പസാരമെന്ന കൂദാശയെ—പാപത്തിനുള്ള പ്രതിവിധിയെ—നിഷേധിക്കുന്നതു്." മറെറാരുവൻ തട്ടിമൂളിച്ചേക്കാം "നരകമുണ്ടെന്നു് വിശ്വസിക്കുന്നതു മഹാ മൗഢ്യം" എന്നു്. ഇതിൻെറ അർത്ഥം ഇങ്ങനെയാണു്:— "ഞാൻ വിതയ്ക്കുന്നതെന്തോ അതു ഞാൻ കൊയ്യുമെന്നു് എനിക്കു നല്ലവണ്ണമറിയാം. ഇപ്പോൾ ഞാൻ തിന്മ വിതയ്ക്കയാണു്; നരകമാണു് ഞാൻ കൊയ്തെടുക്കുവാൻ, സമ്പാദിപ്പാൻ, പോകുന്നതു്. ഈ വിചാരം എൻെറ സന്തോഷംകൊല്ലിയാണു്. അതിനാൽ നരകമുണ്ടെന്നുള്ള വസ്തുത നിഷേധിക്കാതെ എനിക്കു് ഒട്ടും സമാധാനമില്ല."

എന്നാൽ, പ്രസ്തുതകാരണങ്ങളാൽ സഭയെ ഉപേക്ഷിച്ചവരെ, സഭാമാതാവിൻെറ മടിയിലേക്കു തിരിച്ചുകൊണ്ടുവരാനുള്ള മാർഗ്ഗങ്ങൾ ഏവയെല്ലാമെന്നു് അറിഞ്ഞിരിക്കുണ്ടതു്, അവശ്യം ആവശ്യമത്രെ. ഇതിനുള്ള പ്രഥമവും പ്രധാനവുമായ ഉപാധി, ഇങ്ങനെയുള്ളവരോടു് ഒരിക്കലും, അതേ, ഒരിക്കലും, ന്യായവാദം ചെയ്യരുതു് എന്നതാണു്. ("Never, never, never argue with a fallen away.") യുക്തിമുഖാന്തിരമല്ല ഇക്കൂട്ടർ സഭയെ വെടിഞ്ഞതു്; അതിനാൽ യുക്തിമൂലം ഇവരെ പ്രത്യാഗമിപ്പിക്കുക, കൃച്ഛ്രസാധ്യം. ഉന്നംനോക്കാതെ, ഇരുട്ടത്തു് വെടിവയ്ക്കുന്നതുപോലെ ഒരു പാഴ്വേലയാണു് ഇക്കൂട്ടരോടു് യുക്തിവാദത്തിനു ഒരുമ്പെടുന്നതു്. അഹങ്കാരം നിമിത്തം സഭയെ വെടിഞ്ഞ ഒരുവനെ മാനസാന്തരപ്പെടുത്തണമെങ്കിൽ, മുട്ടുകുത്തി എളിമയോടെ നീ അവനുവേണ്ടി പ്രാർത്ഥിക്കുക; ലോകപ്രതിപത്തിയാൽ സഭയെ ഉപേക്ഷിച്ചവൻെറ മാനസാന്തരത്തിനു ഏററം പററിയ മാർഗ്ഗം, അവനെ ഒരു ഏകാന്തധ്യാനത്തിനു തയ്യാറാക്കുക എന്നതാണു്. വിഷയലമ്പടത്വം മുഖേന സഭയിൽനിന്നു അകന്നവനെ, അവൻെറ പാപഹേതുക്കൾ വെട്ടിമാററാതെ, സഭയോടു് അടുപ്പിക്കുവാൻ ഒരിക്കലും സാധ്യമല്ല. ഭോഗപ്രിയരുടെ പുറകേ, ലോകദീപമാകുന്ന ക്രിസ്തുവിൻെറ മതകാര്യങ്ങളുംകൊണ്ടു ചെന്നാൽ, കൂരിരുട്ടത്തു് കക്കാൻപോകുന്ന കള്ളൻെറ പുറകേ, ദീപംകൊളുത്തിക്കൊണ്ടു് പോയാലുള്ള അനുഭവമേ നമുക്കുണ്ടാകയുള്ളു. രാത്രിഞ്ചരനായ ഒരു മോഷ്ടാവു് വെളിച്ചം വെറുക്കുന്നതുപോലെ ദുഷ്ടജീവിതം നയിക്കുന്നവനും ലോകത്തിൻെറ വെളിച്ചമാകുന്ന ക്രിസ്തുവിനെയും അവഹേളിക്കുന്നുവത്രേ.

ക്രിസ്തുവിൻെറ ആട്ടിൻപററത്തിൽനിന്നു വഴിതെററിപ്പോയ ആടുകളെ നേർവഴിക്കു തിരിക്കാനുള്ള രണ്ടാമത്തെ ഉപാധി, മാർഗ്ഗഭ്രംശം നേരിട്ടവരോടു് നാം കാണിക്കേണ്ട സഹിഷ്ണുതയും സ്നേഹവുമാണു്. ഒരെല്ലുകിട്ടിയ പട്ടിയെപ്പോലെ നാം അവരോടു് വർത്തിക്കരുതു്. അശുദ്ധചാപല്യത്തിൽ നിപതിച്ച ഒരുവനെ അനാവശ്യമായി സദാ

(ശേഷം 12-ാം പേജിൽ)

* Address Delivered on Feb. 26, 1950. By Msgr. Fulton J. Sheen; PH. D., LL. D; S. T. D.

# ബത്‌ലഹം

(എം. ഒ. ജോസഫ്, നെടുങ്കുന്നം)

ജപമാലധ്യാനങ്ങളിലെ മൂന്നാമത്തെ രഹസ്യം ബത്‌ലഹമാണ്. കന്യകാമറിയം തന്റെ ദിവ്യസുതനെ ബത്‌ലഹം നഗരത്തിൽവെച്ചു പ്രസവിച്ചു എന്നതുമൂലമാണു അതു് നമ്മുടെ ധ്യാനത്തിനു വിഷയീഭവിച്ചിരിക്കുന്നതു്. അഗസ്റ്റസ് ചക്രവർത്തി ലോകം മുഴുവന്റേയും ഒരു കാനേഷുമാരിക്കണക്കു് എടുക്കുവാൻ ആജ്ഞാപിച്ചു എന്നും യൗസേപ്പ് ദാവീദിന്റെ ഗോത്രത്തിൽപെട്ടവനായിരുന്നതിനാൽ, ഗ്ലീലായിലെ പട്ടണമായ നസറത്തിൽനിന്നും, യൂദായിൽ ബത്‌ലഹം എന്നു വിളിക്കപ്പെടുന്ന ദാവീദിന്റെ പട്ടണത്തിലേക്കു് ഗർഭിണിയായ ഭാര്യയുമൊരുമിച്ചുപോയി എന്നും, അവിടെ ഒരു തൊഴുത്തിൽവെച്ചു മറിയം പ്രസവിച്ചു തന്റെ പുത്രനെ പിള്ളക്കച്ചകൾകൊണ്ടു ചുററി ഒരു പുൽത്തൊട്ടിയിൽ കിടത്തിയെന്നുമാണു ഇതു സംബന്ധമായി വിശുദ്ധ ലൂക്കാ സുവിശേഷകൻ പ്രസ്താവിച്ചിട്ടുള്ളതു്.

പലസ്തീനായിലെ പട്ടണങ്ങളിൽ ഏററവും ഹൃദ്യമായിട്ടുള്ളതു ബത്‌ലഹമാണു്. അതു് അത്യന്തം ശുചിത്വമുള്ളതും, മനോഹരവും, ആനന്ദസമ്പൂർണ്ണവും, പരിശുദ്ധവുമാകുന്നു. ഒരു കുന്നിൻമുകളിൽ സ്ഥിതിചെയ്യുന്ന ആ പട്ടണത്തിൽനിന്നു നോക്കിയാൽ, നാലുപാടും പരന്നു കിടക്കുന്ന വിസ്തൃതമായ യൂദയാഭൂവിഭാഗങ്ങൾ കാണാവുന്നതാണു്. നസറത്തിനെപ്പോലെയല്ലാ, ബത്‌ലഹമിനു നീണ്ട ഒരു ചരിത്രമാണുള്ളതു്. വേദപുസ്തകത്തിലെ ഉല്പത്തി പുസ്തകത്തിലും, ജോഷ്വായുടെ ഗ്രന്ഥത്തിലും ബത്‌ലഹത്തെപ്പററിയുള്ള പ്രസ്താവനകൾ ഉണ്ടു്. ഗോത്രപിതാവായ യാക്കോബിന്റെ ദ്വിതീയഭാര്യ റാഹേലിന്റെ കുഴിമാടം ഇവിടെയാകുന്നു. ദാവീദിന്റെ പിതാമഹിയായ രൂത്തിന്റെ ശ്വശ്രൂ നവോമിയുടെ ജന്മദേശം ബത്‌ലഹമാണ്. ദാവീദു ഭൂജാതനായതും ഇവിടെത്തന്നെ. ഇസ്രായേലിലെ ഒന്നാമത്തെ രാജാവായ ശമുവേൽ ഒരു വലിയ ബലിനിർവ്വഹിക്കുന്നതിനായി ബത്‌ലഹമിലേക്കു പോയതായി കാണുന്നു. വേദപുസ്തകത്തിൽ ഉടനീളം ഒരിടത്തല്ലെങ്കിൽ മറെറാരിടത്തു് ബത്‌ലഹത്തെപ്പററിയുള്ള പ്രസ്താവന കാണാവുന്നതാണ്.

ബത്‌ലഹം എന്ന പദത്തിനു സുറിയാനിയിൽ "അപ്പത്തിന്റെ ഭവനം" എന്നാണർത്ഥം. ഈ പട്ടണത്തിനു മറെറാരു പേരുണ്ടു്—എഫ്രാററാ, "ഫലപുഷ്ടം" എന്നർത്ഥം. അറബികൾ ഇന്നു് ഇതിനെ ബൈത്‌ലഹം—മാംസത്തിന്റെ ഭവനം—എന്നു വിളിക്കുന്നു. "വചനം മാംസമായ" സ്ഥലത്തിനു് അന്വർത്ഥമായ ഒരു നാമമാണിതെന്നു സമ്മതിക്കണം. ജറുസലേമിൽനിന്നു ഹെബ്രോണിലേക്കുള്ള വഴിയിൽ, അഞ്ചുമൈൽ അകലെ, പ്രകൃതിസുന്ദരമായ ഒരു ഭൂപ്രദേശത്താണ് ഈ പട്ടണം സ്ഥിതിചെയ്യുന്നതു്. ഇവിടത്തെ പ്രധാനതൊഴിൽ കൃഷിയും ആട്ടുമേയ്ക്കലുമാകുന്നു. ചുററുപാടുമുള്ള കർഷകരുടെ ഒരു ചന്തസ്ഥലവുമാണിന്നു ബത്‌ലഹം.

ഇന്നു ഇതു പ്രധാനമായും ഒരു ക്രിസ്ത്യൻ നഗരമാകുന്നു. 25 കൊല്ലം മുൻപെടുത്ത ഒരു കണക്കനുസരിച്ചു അവിടെ 5838 ഏതദ്ദേശ്യക്രിസ്ത്യാനികളും 818 മുസ്ലീമിങ്ങളും 2 യഹൂദന്മാരുമാണുണ്ടായിരുന്നതു്. ക്രിസ്ത്യാനികളിൽ മഹാഭൂരിപക്ഷവും ലത്തീൻ കത്തോലിക്കരും ബാക്കിയുള്ളവർ ഗ്രീക്കു് ഓർത്തഡോക്സ് കാരും, ശീശ്മയിൽപെട്ട സുറിയാനിക്കാരും, ഗ്രീക്ക കത്തോലിക്കരും, പ്രോട്ടസ്റ്റന്റുകാരും, ശീശ്മയിൽപെട്ട അർമ്മേനിയന്മാരും, കോപ്ററുവിഭാഗക്കാരുമായിരുന്നു.

ബത്‌ലഹമിന്റെ ഒരു വലിയ പ്രത്യേകത. അവിടത്തെ സ്ത്രീകളുടെ വേഷവിധാനമാകുന്നു. അവരുടെ വസ്ത്രങ്ങൾ അതിമനോഹരങ്ങളും ഒരു പ്രത്യേകതരത്തിലുള്ളവയുമാകുന്നു. ഇപ്പോഴത്തെ ഈ വേഷരീതി കുരിശുയോദ്ധാക്കളുടെ കാലം മുതൽക്കുള്ളതാണെന്നാണു പറയപ്പെടുന്നതു്. പാദംവരെ എത്തുന്ന അങ്കികളും, ചിത്രവേലകൾകൊണ്ടു മനോഹരമാക്കിയിട്ടുള്ള ചട്ടകളും അവർ ധരിക്കുന്നു. എന്നാൽ അവരുടെ ശിരോവസ്ത്രമാണു് അവരെ മററുള്ളവരിൽനിന്നു വ്യതിരിക്തമാക്കിക്കാണിക്കുന്നതു്. നീണ്ടുകൂർത്ത ഒരു തൊപ്പിയാണതു ; അതിനെ വലയം ചെയ്തു് ഒരു നേർത്ത വെള്ള മൂടുപടവും. ഒരു വീഥിയിലൂടെ ചരിക്കുമ്പോഴാകട്ടെ, കിണററിൻകരയിലോ വീട്ടുവാതുക്കലോ സമൂഹങ്ങളായി കൂടിനിൽക്കുമ്പോഴാകട്ടെ, ഈ സ്ത്രീകൾ നഗരത്തിനു അസുലഭമായ ഒരു മനോഹരതയാണു പ്രദാനം ചെയ്യുന്നതു്.

ബത്‌ലഹമിലെ തെരുവുകൾ ഒരു ചെരിവിലാണു്. ഒരിടത്തും അവ സമനിരപ്പിലല്ല. അവയിൽ ചിലതു മലഞ്ചെരിവിൽ ചവിട്ടുപടികൾവെട്ടി കല്ലിട്ടുറപ്പിച്ചിട്ടുള്ളവയാകുന്നു. വാഹനങ്ങൾ വളഞ്ഞ വളരെ വഴികൾ ചുററിയേ കിഴക്കേ പട്ടണത്തിലെത്തുകയുള്ളു. വീതികുറഞ്ഞ, കിഴുക്കാൻതൂക്കായ, ഈ വഴികളിലൂടെ പാദചാരികൾക്കു വേഗത്തിൽ എത്തുവാൻ സാധിക്കും. പ്രധാന കവലയ്ക്കൽനിന്നു പട്ടണത്തിന്റെ മദ്ധ്യത്തിലേക്കു കഴുതകൾക്കു കടന്നുപോകത്തക്ക ഒരു പ്രത്യേകവഴിയുണ്ടു്. വീതികൂടിയ ചവിട്ടുപടികൾ വെട്ടിയിട്ടുള്ള ഈ വഴിക്കു "കഴുതയുടെ ചവിട്ടുപടികൾ" എന്നു പറയാറുണ്ടു്.

പലസ്തീനായിലെ മററു തിരുസ്ഥലങ്ങളെക്കാൾ, നമ്മുടെ കർത്താവു ഭൂജാതം ചെയ്ത തിരുസ്ഥലത്തിനു ഒരു പ്രത്യേകതയുണ്ടു്. കോൺസ്റ്റന്റയിൻ ചക്രവർത്തി നിർമ്മിച്ച ബസലീക്കാ ഇന്നും അവിടെ നിലകൊള്ളുന്നു. പലസ്തീനായിൽ അദ്ദേഹം നിർമ്മിച്ച മറെറല്ലാ ബസ്‌ലീക്കാകളും നശിപ്പിക്കപ്പെട്ടുപോയി. അവയുടെ അടിത്തറകളും ഭിത്തികളുടെയും അലങ്കാരങ്ങളുടെയും ചില ഭാഗങ്ങളും മാത്രമേ അങ്ങിങ്ങായി ഇന്നു് അവശേഷിച്ചിട്ടുള്ളു. ഇവതന്നെയും അടുത്ത കാലത്തെ ഖനനവേലകളുടെ ഫലമായി കണ്ടുപിടിക്കപ്പെട്ടിട്ടുള്ളവയാകുന്നു.

തിരുവവതാരദേവാലയം (Church of Nativity) പട്ടണത്തിന്റെ അതിർത്തിയിൽ സാമാന്യം വിസ്താരമുള്ള ഒരു പരന്ന ഭൂഭാഗത്താണു സ്ഥിതിചെയ്യുന്നതു്. അതിന്റെ ഒരുഭാഗത്താണു പട്ടണത്തിലെ പ്രധാന ചത്വരം. മറുഭാഗം വീതിയേറിയ ഒരു മേൽത്തളമാണു്; അവിടെനിന്നു നോക്കിയാൽ വിദൂരെയുള്ള പ്രകൃതിമനോഹരതകളെ നല്ലവണ്ണം കാണുവാൻ സാധിക്കുന്നതാണു്. ഇതിനു ചുററും ബ്രഹ്മാണ്ഡങ്ങളായ പല എടുപ്പുകളുമുണ്ടു്. ഫ്രാൻസിസ്കൻ സന്യാസിമാരുടെ ആശ്രമം, അവർ നടത്തുന്ന സത്രം, യവന സന്യാസാശ്രമം മുതലായവ അവിടെയാണു്.

ബസ്ലീക്കാ മനോഹരമായ ബിസന്റയിൻ മാതൃകയിൽ നിർമ്മിച്ചിട്ടുള്ള ഒരു ആരാധനസ്ഥലമാകുന്നു. നാലു നിരയിലുള്ള സുവർണ്ണസ്തംഭങ്ങൾ ദേവാലയാന്തർഭാഗത്തെ അഞ്ചായി വിഭജിച്ചിരിക്കുന്നു. മദ്ബഹാ വളരെ ഉയരത്തിലാണു നിർമ്മിച്ചിരിക്കുന്നതു . വളരെയധികം അലങ്കാരവേലകൾ ചെയ്തിട്ടുള്ള ഒരു യവനിക മദ്ബഹായെ വേർതിരിക്കുന്നു. പൗരസ്ത്യറീത്തുകളിലുള്ള ദേവാലയങ്ങളിൽ ഇതു് സാധാരണമാണു്. മുകളിൽ വലിയ മരശീലാന്തികൾ നിരത്തി പരന്ന മച്ചു് ആക്കിയിരിക്കുകയാണു്.

ഇപ്പോൾ ഈ ബസ്ലീക്കാ ഓർത്തഡോക്സ് ഗ്രീക്കുകാർ, അർമ്മേനിയൻസഭക്കാർ, കോപ്ററുവിഭാഗക്കാർ എന്നീ മൂന്നുകൂട്ടരുടെ കൈവശമാണു ; ദേവാലയത്തിന്റെ ഉള്ളിൽ ഓരോ പ്രത്യേകഭാഗം ഇവക്കു് അവകാശപ്പെട്ടതുമാകുന്നു. ലത്തീൻകാർക്കു് അതിൽ ഒരുഭാഗത്തിനും അവകാശം ഉണ്ടായിരിക്കുന്നില്ല; യാതൊരു മതാരാധനയും അവിടെ നടത്തുവാൻ അവർക്കു് അനുവാദവും ഇല്ല. ഫ്രാൻസിസ്കൻ ദേവാലയത്തിൽനിന്നു ഗ്രോട്ടോയിലേക്കു പോകുന്നതിനുള്ള ഒരു ഇടവഴിയായിട്ടുമാത്രമാണു് അവർ ഇതിനെ ഉപയോഗിക്കുന്നതു്.

ഗ്രീക്കു് അൾത്താരയുടെ രണ്ടുവശത്തും, ഉപയോഗംകൊണ്ടു തേയ്മാനം പററിയ ഓരോ ഗോവണി ഉണ്ടു . ബത്‌ലഹമിലെ ഗുഹയിലേക്കു ഇറങ്ങുന്നതിനുള്ള വഴിയാണിതു്. ഇതിന്റെ മുകൾഭാഗം മനോഹരമായ വെങ്കലവാതിലുകളാൽ മുദ്രിതമാണു്. ബത്‌ലഹമിൽ കാണുന്ന മററു ഗുഹകളെപ്പോലെ ഇതും ആദ്യകാലത്തു ഭൂനിരപ്പിൽനിന്നു ഉയർന്നായിരിക്കണം സ്ഥിതിചെയ്തിരുന്നതു്. ക്രിസ്തുവിന്റെ അവതാരകാലത്തു ഈ ഗുഹ കന്നുകാലികൾക്കു വിശ്രമിക്കുന്നതിനുള്ള ഒരു തൊഴുത്തായിരുന്നല്ലോ. ഇന്നും ആ പ്രദേശങ്ങളിൽ കാണുന്ന ഇത്തരം ഗുഹകൾ കന്നുകാലികളെ രക്ഷിക്കുന്നതിനുള്ള തൊഴുത്തുകളായിട്ടാണു് ഉപയോഗിച്ചുപോരുന്നതു്.

മാർദ്ദവമേറിയ ചുണ്ണാമ്പുകല്ലിൽ വെട്ടിയെടുത്തിട്ടുള്ള ഈ ഗുഹ വിസ്താരമേറിയതും പല ഉപസ്കരങ്ങളോടുകൂടിയതുമാണു്. 53 കെടാവിളക്കുകൾ ഇതിന്നകത്തു് അഹോരാത്രം കത്തിക്കൊണ്ടിരിക്കുന്നു; ഇതിൽ 19 എണ്ണം ലത്തീൻകാരുടെ വകയാകുന്നു. ഇരു ഗോവണികളുടെയും കീഴ്ഭാഗത്തു് അവയുടെ ഇടയിലായി, പാറകെട്ട ഒരു പീഠംപോലെയാണു ; അവിടെ ഒരു അൾത്താരയുണ്ടു . ഗുഹയുടെ തറ വെള്ളമാർബിൾ വിരിച്ചു മനോഹരമാക്കപ്പെട്ടിരിക്കുന്നു. മദ്ധ്യത്തിൽനിന്നും അല്പം വലത്തോട്ടു മാറി പ്രകാശമാനമായ ഒരു വെള്ളിനക്ഷത്രം ഘടിപ്പിച്ചിട്ടുണ്ടു . നക്ഷത്രത്തിനു ചുററും താഴെക്കാണുന്ന വാക്കുകൾ ഉല്ലേഖനംചെയ്തിരിക്കുന്നു: "Hic De Virgine Maria Jesus Christus Natus est"(ഇവിടെ കന്യകാമറിയത്തിൽനിന്നു് ഈശോമിശിഹാ ജാതനായി.)

അങ്ങനെ, നമ്മുടെ കർത്താവു ഭൂജാതം ചെയ്തതെന്നു വിശ്വസിക്കപ്പെടുന്ന സ്ഥലം അടയാളപ്പെടുത്തപ്പെട്ടിരിക്കുന്നു. ഈ ചെറിയ തിരുവവതാരക്കപ്പേളയും ഓർത്തഡോക്സ് ഗ്രീക്കുകാരുടെ കൈവശമാകുന്നു. എന്നാൽ നക്ഷത്രത്തിനു ചുററും അഹോരാത്രം കത്തിക്കൊണ്ടിരിക്കുന്ന 15 കെടാവിളക്കുകളിൽ നാലു് എണ്ണത്തിന്റെ ഉടമസ്ഥത ലത്തീൻകാർക്കാകുന്നു. ഏതാനും അടി അപ്പുറത്തു് ചില പടികൾ ഇറങ്ങിച്ചെല്ലുന്നതു 'ഓററൊറി ഓഫ ദി മേൻജർ" എന്ന കപ്പേളയിലേക്കാണു്. ഇതു പാറയിൽ വെട്ടി ഉണ്ടാക്കിയിട്ടുള്ളതും ഭൂനിരപ്പിൽനിന്നു ഏതാനും ഇഞ്ചു് ഉയർന്നുനിൽക്കുന്നതുമായ ഒരു രഹസ്യ സങ്കേതമാകുന്നു.


ഈ കപ്പേള ലത്തീൻ റീത്തുകാർക്കു് അവകാശപ്പെട്ടതാണു്. എല്ലാദിവസവും ഫ്രാൻസിസ്കൻ സന്യാസിമാർ ഇവിടെ ദിവ്യപൂജ അർപ്പിക്കുന്നുണ്ടു്. ഇതിന്റെ ഭിത്തികൾ അമൂല്യങ്ങളായ വസ്തുക്കളാൽ അലംകൃതങ്ങളാകുന്നു. മേൽത്തട്ടിൽനിന്നു തൂക്കിയിട്ടിരിക്കുന്ന ശതക്കണക്കിനു കെടാവിളക്കുകൾ ഇതിന്റെ അന്തർഭാഗത്തെ സദാപി ശോഭായമാനമാക്കിക്കൊണ്ടിരിക്കുന്നു. ദീപങ്ങളിൽനിന്നും കുന്തുരുക്കം പുകയ്ക്കുന്നതിൽനിന്നുമുള്ള ധൂപത്താൽ ഇതിന്നകത്തെ വായു എപ്പോഴും നിബിഡമായിരിക്കുന്നു. അത്ഭുതകരമായവിധം പ്രശാന്തമായ ഒരു പ്രദേശമാണിതു്. വല്ലപ്പോഴും ഗോവണി ഇറങ്ങിവരുന്ന തീർത്ഥകന്റെ മന്ദമായ പാദപതനമല്ലാതെ ഇവിടത്തെ പ്രശാന്തതയെ യാതൊന്നും ഭഞ്ജിക്കാറില്ല. ദീപങ്ങളിൽനിന്നുള്ള പ്രകാശം തട്ടിന്മേലും ഭിത്തികളിലും ചലിക്കുന്ന ഛായകളെ പ്രക്ഷേപിച്ചുകൊണ്ടു എപ്പോഴും അന്ധകാരത്തെ അകററിക്കൊണ്ടിരിക്കുന്നു. പലസ്തീനായിലെ പോലീസുകാർ, തവണവെച്ചു , 24 മണിക്കൂറും ഈ ഗ്രോട്ടോയിൽ കാവൽ നിൽക്കുന്നുണ്ടു്.

തിരുവവതാരഗ്രോട്ടോയുടെ അഗ്രഭാഗത്തുള്ള വാതിൽ കടന്നാൽ, പല അന്തർഭൗമികമുറികളിലേക്കും പോകാവുന്ന, പാറയിൽ വെട്ടിയിട്ടുള്ള, ഒരു വഴി കാണാം. ഈ അന്തർഭൗമികമുറികളെല്ലാം ഫ്രാൻസിസ്കൻ സന്യാസിമാരുടെ കൈവശത്തിലാകുന്നു. അവയെല്ലാം ഇപ്പോൾ കപ്പേളകളാക്കിയിരിക്കുകയാണു്. ഒന്നു് വിശുദ്ധ യൗസേപ്പിനും, ഒന്നു കുഞ്ഞിപ്പൈതങ്ങൾക്കു പ്രതിഷ്ഠിച്ചിരിക്കുന്നു. പാറയുടെ ഒരു വശത്തു പകുതി ഗുഹയും പകുതി കൃത്രിമമായി പണിചെയ്തിട്ടുള്ളതുമായ ഒന്നു വിശുദ്ധ ജറോമിനു പ്രതിഷ്ഠിച്ചിരിക്കുന്നു. ഇതു വിശുദ്ധ ജറോം താമസിച്ചിരുന്ന മുറിയാണെന്നും ഇവിടെവെച്ചാണു് വേദപുസ്തകം അദ്ദേഹം ലത്തീനിലേക്കു തർജ്ജമചെയ്തതെന്നും പറയപ്പെടുന്നു. മറെറാരുമുറിയിൽ വിശുദ്ധ പൗളാ, അവരുടെ പുത്രി വി. എസ്റ്റോക്കിയം, വിശുദ്ധ ജറോം എന്നിവരുടെ കുഴിമാടങ്ങളാണുള്ളതു്.

ബസ്ലീക്കായോടു ഘടിപ്പിച്ചു ഫ്രാൻസിസ്കൻ സന്യാസിമാർ ബൃഹത്തായ ഒരു നവീനദേവാലയം സ്വന്തമായി നിർമ്മിച്ചിട്ടുണ്ടു്. ഇതിനോടു തൊട്ടടുത്താണു് ബത്‌ലഹമിൽ വരുന്ന തീർത്ഥകന്മാ



ബത്‌ലഹം നഗരം



ബത്‌ലഹമിലെ 'പിറവിയുടെ പള്ളി'യുടെ അന്തർഭാഗം

# സമാധാനമാർഗ്ഗം

മലങ്കര യാക്കോബായ സഭാംഗങ്ങളുടെ

സത്വരശ്രദ്ധയ്ക്കും അവഗാഢവിചിന്തനത്തിനുമായി സമർപ്പിക്കുന്ന

## ചില യാഥാർത്ഥ്യങ്ങൾ

### തിരുസ്സഭയുടെ പ്രധാന ലക്ഷണങ്ങൾ

വി. പത്രോസിൻെറ യഥാർത്ഥപിൻഗാമിയായ റോമ്മാ റിശ്രുപാത്രിയർക്കീസിനാൽ ഭരിക്കപ്പെട്ടുവരുന്ന കത്തോലിക്കാസഭയാണ് ക്രിസ്തു സ്ഥാപിച്ച ഏകസത്യസഭയെന്നും, എല്ലാ ക്രൈസ്തവസഭകളും ഈ സഭയുടെ വിശ്വാസം സ്വീകരിച്ച് ഇതിൻെറ ഐക്യത്തിൽ നില്ക്കയാണ വേണ്ടതെന്നും ദൈവപുത്രനായ ക്രിസ്തുവിൻെറ ഉദ്ദേശ്യവും സഭയുടെ ഭരണഘടനയും വെളിപ്പെടുത്തുന്നതായി തെളിയിച്ചല്ലോ. ഇനി സത്യസഭയുടെ ലക്ഷണങ്ങളെ ആസ്പദമാക്കി അന്വേഷിച്ചാലും കത്തോലിക്കാസഭമാത്രമാണ് ക്രിസ്തു സ്ഥാപിച്ച ഏകസത്യസഭയെന്ന് നിഷ്പ്രയാസം മനസ്സിലാകും.

എല്ലാ ക്രൈസ്തവസഭക്കാരും സ്വീകരിച്ചിട്ടുള്ള നിക്യാ (കുസ്തന്തിനോപോലീസ്) വിശ്വാസപ്രമാണത്തിൽ "കാതോലികവും ശ്ലൈഹികവും ഏകവും വിശുദ്ധവുമായ സഭയിലും ഞങ്ങൾ വിശ്വസിക്കുന്നു" എന്നു ഏററുപറയുന്നു. പുരാതനകാലംതുടങ്ങി ക്രിസ്ത്യാനികൾ അബദ്ധോപദേശങ്ങൾ പഠിപ്പിച്ചിരുന്ന വിവിധസഭകളിൽനിന്നു സത്യസഭ ഏതെന്നു മനസ്സിലാക്കിയിരുന്നതു് ഈ ലക്ഷ്യങ്ങൾ വഴിയായിട്ടാണ്. ഇക്കാലത്തും സത്യസഭയെ കണ്ടുപിടിക്കുന്നതിനു ഈ മാർഗ്ഗം ഏററവും പര്യാപ്തമത്രെ. ആകയാൽ ഇന്നു ലോകത്തിലുള്ള ഏതുസഭയ്ക്കു കാതോലികത്വം അഥവാ സാർവ്വത്രികത, ശ്ലൈഹികത്വം, ഏകത്വം, വിശുദ്ധി എന്നീ നാലുലക്ഷണങ്ങൾ പരിപൂർണ്ണമായി യോജിക്കുന്നുവോ ആ സഭയാണ് സത്യസഭ. ഈ നാലുലക്ഷണങ്ങൾ പൂർണ്ണമായി ഏതുസഭയിൽ കാണുന്നില്ലയോ ആ സഭ സത്യസഭയായിരിപ്പാൻ നിവൃത്തിയില്ല.

കത്തോലിക്കാസഭയും യാക്കോബായസഭയുമൊഴിച്ച് ഇതര ക്രൈസ്തവസഭകളൊന്നും ക്രിസ്തു സ്ഥാപിച്ച ഏകസത്യസഭയായിരിപ്പാൻ നിവൃത്തിയില്ലെന്ന് മുകളിൽ തെളിയിച്ചിട്ടുണ്ടല്ലോ. തന്നിമിത്തം സഭാലക്ഷണങ്ങൾ കത്തോലിക്കാസഭയിലാണോ യാക്കോബായസഭയിലാണോ നിറവേറിയിട്ടുള്ളതെന്ന് അന്വേഷിച്ചാൽ ക്രിസ്തു സ്ഥാപിച്ച ഏകസത്യസഭ ഇവയിൽ ഏതെന്നു കണ്ടുപിടിക്കാം.

### കത്തോലിക്കാസഭയിൽ മാത്രം ഈ നാലുലക്ഷണങ്ങൾ പൂർണ്ണമായി കാണുന്നു

#### സാർവ്വത്രികത

സാർവ്വത്രികത അഥവാ ലോകമാകെ പ്രചരിച്ചിരിക്കുക എന്നുള്ള ലക്ഷണം യാക്കോബായ സഭയിൽ നിറവേറിയിട്ടില്ല. നമ്മുടെ യാക്കോബായസഭ സിറിയായിലും കേരളത്തിലും മാത്രമേ ഗണ്യമായി പ്രചരിച്ചിട്ടുള്ളൂ. സിറിയായിൽ കഷ്ടിച്ച് ഇരുപതിനായിരത്തോളവും മലങ്കരയിൽ നാലുലക്ഷത്തോളവും അംഗങ്ങളാണ് യാക്കോബായസഭയ്ക്കുള്ളതു്. ഇങ്ങനെ യാക്കോബായസഭയുടെ ആകെയുള്ള ജനസംഖ്യ നാലുലക്ഷത്തി ഇരുപതിനായിരം മാത്രമാണ്. നേരേമറിച്ച് കത്തോലിക്കാസഭയുടെ ജനസംഖ്യ 43 കോടി അഥവാ 4300 ലക്ഷമാണ്. മററുവിധത്തിൽ പറഞ്ഞാൽ യാക്കോബായ ജനസംഖ്യയുടെ ആയിരം ഇരട്ടിയിൽ അധികമാണ് കത്തോലിക്കരുടേതു്. കത്തോലിക്കാസഭയിലെ പട്ടക്കാരുടെ മാത്രം സംഖ്യ യാക്കോബായസഭയിലെ ആകെയുള്ള ജനസംഖ്യയുടെ ഇരട്ടിയാണ്. ഇപ്പോൾ കത്തോലിക്കാസഭയിൽ ഒമ്പതുലക്ഷത്തോളം പട്ടക്കാരുണ്ട്. യാക്കോബായസഭയുടെ ആരംഭകാലത്തു് സിറിയായിൽ പതിനഞ്ചുലക്ഷത്തോളം അംഗങ്ങൾ ആ സഭയ്ക്കുണ്ടായിരുന്നു. പതിന്നാലു ശതാബ്ദങ്ങൾ മുമ്പോട്ടുപോയപ്പോൾ സിറിയായിലെ അതിൻെറ ജനസംഖ്യ ഇരുപതിനായിരമായി കുറഞ്ഞിരിക്കുന്നു!! യാക്കോബായസഭയിലെ ജനസംഖ്യ നാൾക്കുനാൾ ഇങ്ങനെ കുറഞ്ഞുവരുന്നതു കണ്ട് ആ സഭയിലെ ചില നേതാക്കന്മാർ സാധാരണജനങ്ങളെ ആശ്വസിപ്പിക്കുന്നതിനുവേണ്ടി, ക്രിസ്തു പന്ത്രണ്ടു അപ്പൊസ്തോലന്മാരെ ഒരിക്കൽ ആശ്വസിപ്പിക്കുന്നതിനായി "ചെറിയ ആട്ടിൻകൂട്ടമേ, ഭയപ്പെടേണ്ട; എന്തുകൊണ്ടെന്നാൽ നിങ്ങൾക്കു രാജ്യം തരുവാൻ നിങ്ങളുടെ പിതാവിനു പ്രസാദിച്ചിരിക്കുന്നു" (ലൂക്കാ. 12,32) എന്നു അരുളിച്ചെയ്ത വാക്യം ഉദ്ധരിച്ചുകൊണ്ടു ക്രിസ്തുവിൻെറ സഭയിലെ അംഗങ്ങളുടെ സംഖ്യ എത്ര ചെറുതായിരുന്നാലും സാരമില്ലെന്നും, യാക്കോബായസഭയുടെ ജനസംഖ്യ കുറഞ്ഞുവരുന്നതിൽ ഭയപ്പെടാനൊന്നുമില്ലെന്നും പറഞ്ഞുവരുന്നു. എന്നാൽ ക്രിസ്തുസ്ഥാപിച്ച സഭ ആരംഭത്തിൽ കടുകുമണിപോലെ ചെറുതാണെങ്കിലും കാലാന്തരത്തിൽ അതു വളന്നു വികസിച്ച വൻവൃക്ഷമായിത്തീരുമെന്നും, അതിൻെറ പ്രശാന്തമായ ഛായയിൽ ലോകത്തിലുള്ള സകല രാജ്യങ്ങളിലെയും ജനങ്ങൾ വിശ്രമിക്കുമെന്നും ക്രിസ്തു പ്രവചിച്ചിട്ടുണ്ടെന്നുള്ള കാര്യം ഇക്കൂട്ടർ മനസ്സിലാക്കുന്നില്ല. (മത്താ. 13, 31—32) "നിങ്ങൾ പോയി സകല ജാതികളോടും ഉപദേശിച്ച്....പഠിപ്പിക്കുവിൻ......" (മത്താ. 28, 19—20) "നിങ്ങൾ ഓറെശ്ലേത്തും, യൂദയാ മുഴുവനിലും സമ്രായരുടെ സ്ഥലത്തും ഭൂമിയുടെ അതിർത്തികൾവരെയും എനിക്കു സാക്ഷികളാകും" (നട. 1, 8.) എന്നും ക്രിസ്തുനാഥൻ അരുളിച്ചെയ്തിരിക്കുന്നു. ആകയാൽ അവിടുന്നു സ്ഥാപിച്ച സഭ എല്ലാപ്പോഴും അഭിവൃദ്ധി പ്രാപിച്ചുകൊണ്ടിരിക്കയല്ലാതെ നമ്മുടെ യാക്കോബായസഭയെപ്പോലെ ശതാബ്ദങ്ങൾ കഴിയുന്തോറും ക്ഷയിച്ചു ക്ഷയിച്ചു ഒടുവിൽ സഭയുടെ ആരംഭകാലത്തെ പന്ത്രണ്ടു അപ്പൊസ്തോലന്മാർ ഉൾപ്പെട്ട ചെറിയ ആട്ടിൻകൂട്ടത്തെപ്പോലെ ആയിത്തീരുകയില്ലെന്നു തീർച്ചയാണ്. ഇങ്ങനെ അനുദിനം ക്ഷയിച്ചു അധോഗതി പ്രാപിച്ചുവരുന്ന യാക്കോബായസഭ ക്രിസ്തു സ്ഥാപിച്ചതും, കടുകുവൃക്ഷംപോലെ വളരുമെന്ന് സുവിശേഷത്തിൽ പറയപ്പെടുന്നതുമായ സത്യസഭയായിരിപ്പാൻ നിവൃത്തിയില്ലല്ലോ.

സാർവ്വത്രികത എന്ന ലക്ഷണം കത്തോലിക്കാസഭയിലെപ്പോലെ വേറൊരു സഭയിലും കാണുന്നില്ല. ലോകത്തിലെ സകല ജാതിക്കാരുടെയും ഭാഷക്കാരുടെയും വേഷക്കാരുടെയും ഇടയിൽ കത്തോലിക്കാസഭ പ്രചരിച്ചിരിക്കുന്നു. ലോകത്തിൽ ആകെയുള്ള ജനസംഖ്യ 200 കോടിയോളമാണ്. കത്തോലിക്കരുടെ ജനസംഖ്യ 43 കോടിയാണ്. മററുവിധത്തിൽ പറഞ്ഞാൽ ലോകത്തിൽ ആകെയുള്ള ജനങ്ങളിൽ അഞ്ചിൽ ഒരു ഭാഗം കത്തോലിക്കരാണ്. ലോകത്തിലുള്ള മററു ക്രൈസ്തവസഭകൾ എല്ലാററിൻെറയുംകൂടിയുള്ള ജനസംഖ്യ ഒരുമിച്ചുകൂട്ടിയാലും കത്തോലിക്കാസഭയുടെ ജനസംഖ്യയോളം വരുന്നതല്ല. കത്തോലിക്കരൊഴിച്ചു ലോകത്തിലുള്ള ക്രിസ്ത്യാനികളുടെ ആകെയുള്ള ജനസംഖ്യ 32 കോടിയോളം അത്രെ. ഇങ്ങനെ കത്തോലിക്കാസഭയുടെ വ്യാപ്തിക്കു അനുയോജ്യമായ ജനസംഖ്യയും ആ സഭയ്ക്കുണ്ട്. ആകയാൽ സാർവ്വത്രികത എന്ന ലക്ഷണം കത്തോലിക്കാസഭയിൽ മാത്രം പൂർണ്ണമായി നിറവേറിയിരിക്കുന്നു.

ലോകത്തിൽ ആകെയുള്ള പുറജാതിക്കാരുടെ സംഖ്യ കത്തോലിക്ക ജനസംഖ്യയെക്കാൾ കൂടുതലായതുകൊണ്ടു് സാർവത്രികത എന്ന ലക്ഷണം കത്തോലിക്കാസഭയെക്കാൾ പുറജാതി മതത്തിനല്ലേ യോജിക്കുന്നതെന്ന് ചില അകത്തോലിക്കർ ആക്ഷേപപൂർവ്വം ചോദിക്കുന്നതായി ഞങ്ങൾ കേട്ടിട്ടുണ്ട്. അതിനുള്ള മറുപടി ഇപ്രകാരമാണ്. പുറജാതിമതം ദൈവസ്ഥാപിത മതമല്ലെന്ന് ഒന്നും രണ്ടും ഖണ്ഡികകളിൽ തെളിയിച്ചിട്ടുണ്ടല്ലോ. വിവിധ ക്രൈസ്തവസഭകളിൽ ഏതാണ ക്രിസ്തു സ്ഥാപിച്ച സാക്ഷാൽ സഭയെന്നു കണ്ടുപിടിക്കുന്നതിനാണ സഭയുടെ നാലു ലക്ഷണങ്ങളെ സഭാപിതാക്കന്മാർ ചൂണ്ടിക്കാണിക്കുന്നതു്. ആകയാൽ പുറജാതിമതം ലോകമാകെ വ്യാപിച്ചിരുന്നാലും അതിൻെറ ജനസംഖ്യ എത്ര കൂടിയിരുന്നാലും അതു ശരിയായ മതമല്ലെന്നും, നേരെമറിച്ചു അനേകം ക്രൈസ്തവസഭകളിൽവച്ച് ഒരെണ്ണത്തിനുമാത്രം സാർവത്രികത എന്ന ലക്ഷണം പൂർണ്ണമായിട്ടുണ്ടെങ്കിൽ അതു പ്രത്യേകം പരിഗണിക്കപ്പെടേണ്ട ഒരു സംഗതിയാണെന്നും നാം മനസ്സിലാക്കേണ്ടതാണ്.

നാലാം നൂററാണ്ടിൽ (381-ൽ) കുസ്തന്തിനോപോലീസിൽ നടന്ന പൊതു സൂനഹദോസിൽവച്ചാണ സത്യസഭയ്ക്കു സാർവത്രികത ആദിയായ നാലു ലക്ഷണങ്ങൾ ഉള്ളതായി പിതാക്കന്മാർ പ്രഖ്യാപനം ചെയ്തതു്. അന്നും ലോകത്തിൽ ആകെയുള്ള പുറജാതികളുടെ സംഖ്യ ക്രിസ്ത്യാനികളുടേതിനെക്കാൾ വളരെ കൂടുതലായിരുന്നു. ആകയാൽ ഇക്കാലത്തും കത്തോലിക്കരെക്കാൾ പുറജാതിക്കാർ അധികമുണ്ടായിരുന്നാലും സാർവത്രികത എന്ന ലക്ഷണം പുറജാതിമതത്തിനു കൂടുതൽ യോജിക്കുന്നുണ്ടെന്നു പറയുന്നതിൽ അർത്ഥമില്ല. പുറജാതിമതങ്ങളൊന്നും കത്തോലിക്കാസഭയെപ്പോലെ ലോകമെങ്ങും പ്രചരിച്ചിട്ടുമില്ല. ഹിന്ദുമതം ഇൻഡ്യയിലും, ബുദ്ധമതം ചൈനായിലും ജപ്പാനിലും, മഹമ്മദുമതം ടർക്കിയിലും അറേബ്യായിലും, യഹൂദമതം സിറിയായിലും പലസ്തീനായിലുമാണ് പ്രധാനമായി പ്രചരിച്ചിട്ടുള്ളതു്. തന്മൂലം ഈ മതങ്ങൾക്കൊന്നിനും സാർവത്രികത എന്ന ലക്ഷണമില്ല.

കടുകുമണിയോടും പുളിച്ച മാവിനോടുമാണ ക്രിസ്തു തൻെറ സഭയെ ഉപമിക്കുന്നതു്. "സ്വർഗ്ഗരാജ്യം ഒരു മനുഷ്യൻ എടുത്തു തൻെറ വയലിൽ വിതച്ച കടുകുമണിയോടു സദൃശമാകുന്നു. അതു സകല വിത്തുകളിലും ചെറുതാകുന്നു. എന്നാൽ അതു വളരുമ്പോൾ സകല ചെടികളെയുംകാൾ വലുതാകയും, ആകാശപ്പറവവന്ന് അതിൻെറ കൊമ്പുകളിൽ കൂടുണ്ടാക്കുവാൻ തക്കവണ്ണം വൃക്ഷമായിത്തീരുകയും ചെയ്യുന്നു..........സ്വർഗ്ഗരാജ്യം മൂന്നിടങ്ങഴി മാവിൽ, അതു മുഴുവൻ പുളിക്കുവോളം ഒരു സ്ത്രീ എടുത്തു കുഴച്ചുവച്ച പുളിച്ച മാവിനോടു സദൃശമാകുന്നു." (മത്താ. 13, 31—33). കടുകുമണി ഒരു ദിവസംകൊണ്ടല്ല കിളിർത്തു വലിയ വൃക്ഷമായിത്തീരുന്നതു്: മൂന്നിടങ്ങഴി മാവു പുളിപ്പുചേർക്കുന്ന ഉടനെയല്ല പുളിക്കുന്നതു്. ഇതുപോലെ ആരംഭകാലത്തു പന്ത്രണ്ടു അപ്പൊസ്തോലന്മാർ മാത്രം അംഗങ്ങളായുണ്ടായിരുന്ന സഭ ഏതാനും വർഷങ്ങൾകൊണ്ടോ ഏതാനും നൂററാണ്ടുകൾകൊണ്ടോ പുറജാതിക്കാരാൽ നിബിഡമായ ലോകത്തെ മുഴുവൻ മാനസാന്തരപ്പെടുത്തി മനുഷ്യരെയെല്ലാം ക്രിസ്ത്യാനികളാക്കിത്തീർത്തെന്നു വരുന്നതല്ല. ശതാബ്ദങ്ങൾ മുമ്പോട്ടുപോകുന്തോറും ക്രിസ്തുവിൻെറ സഭ ലോകത്തിൽ കൂടുതൽ കൂടുതൽ പ്രചരിക്കയും, അതിൻെറ ജനസംഖ്യ ഗണ്യമായവിധം അഭിവൃദ്ധിപ്രാപിച്ചുകൊണ്ടിരിക്കയും ചെയ്യും. ഇങ്ങനെ കാലം മുമ്പോട്ടുപോകുന്തോറും മററെല്ലാ ക്രൈസ്തവസഭകളെയുംകാൾ കത്തോലിക്കാസഭമാത്രം ഈ വിധത്തിൽ ഗണ്യമായി പ്രചരിക്കയും ജനസംഖ്യയിൽ അഭിവൃദ്ധി പ്രാപിക്കയും ചെയ്തുകൊണ്ടിരിക്കുന്നു. ഇതിനാലത്രെ കത്തോലിക്കാസഭയ്ക്കുമാത്രമേ സാവത്രികത എന്ന ലക്ഷണം യോജിക്കുന്നുള്ളു എന്നു പറയുന്നതു്.

#### ശ്ലൈഹികത്വം

ശ്ലൈഹികത്വം എന്ന ലക്ഷണം യാക്കോബായ സഭയ്ക്കു അശേഷം യോജിക്കുന്നില്ലെന്നു സഭാചരിത്രം ചൂണ്ടിക്കാണിക്കുന്നു. യാക്കോബായ സഭ എന്ന അതിൻെറ പേരുതന്നെ ക്രിസ്തുവിനാൽ സ്ഥാപിതവും ശ്ലീഹന്മാരുടെ കാലത്തുള്ളതുമായ സഭയല്ല അതെന്നു വിളിച്ചുപറയുന്നു. ക്രിസ്തു സ്ഥാപിച്ച സഭയ്ക്കു ഏതെങ്കിലും വ്യക്തിയുടെ നാമത്തോടു സംഘടിപ്പിച്ച് പേരുണ്ടാകാൻ നിവൃത്തിയില്ല. വ്യക്തികളുടെ നാമങ്ങളിൽ അറിയപ്പെടുന്ന സഭകൾ ക്രിസ്തു സ്ഥാപിച്ചതല്ലെന്നും നേരെ മറിച്ച്, ആ വ്യക്തികൾതന്നെയാണ് ആ സഭയുടെ ഉത്ഭവത്തിനു് കാരണക്കാർ എന്നും യാക്കോബായക്കാരായ നമ്മളും സമ്മതിക്കാതെ നിവൃത്തിയില്ല. ഉദാഹരണമായി ആരിയോസു് സഭ ക്രിസ്ത്വബ്ദം 325-ൽ നിക്യാസൂനഹദോസിൽവച്ചു ശപിക്കപ്പെട്ട ആരിയോസിൽനിന്നും, നെസ്തോറിയൻ സഭ 431-ൽ എപ്പേസോസു സൂനഹദോസിൽവച്ചു ശപിക്കപ്പെട്ട നെസ്തോറിയസിൽനിന്നുമാണ് ഉത്ഭവിച്ചിട്ടുള്ളതു്. ഇതുപോലെതന്നെ 451-ൽ കൽക്കദോനിയാസൂനഹദോസിൽവച്ചു ശപിക്കപ്പെട്ട എവുത്തിക്കോസ്, ദീയസ്ക്കോറോസു് എന്നിവരുടെ അബദ്ധോപദേശങ്ങളിൽനിന്നും ഉത്ഭവിച്ച ഏകസ്വഭാവവാദസഭയിൽനിന്നും (Monophysite church) ഉണ്ടായ സഭയാണ് യാക്കോബായ സഭ. മോണോഫിസൈററുകാരുടെ അതായതു് ഏകസ്വഭാവവാദികളുടെ ഇടയിൽ പല വിഭാഗങ്ങൾ ഉണ്ടായി.

ആറാംശതാബ്ദത്തിൽ ജീവിച്ചിരുന്നവനും, എദേസ്സായിലെ മെത്രാനുമായിരുന്ന യാക്കോബ് ബുർദാനാ എന്ന സന്യാസി പല വിഭാഗക്കാരായി ഭിന്നിച്ചുനിന്ന ഏകസ്വഭാവവാദികളെയെല്ലാം കൂട്ടിച്ചേർത്തു് "അന്ത്യോക്യാ പാത്രിയർക്കീസ്" എന്ന പേരിൽ ഒരു പാത്രിയർക്കീസിനെ പുതുതായി വാഴിച്ചു സംഘടിപ്പിച്ച സഭയാണ് യാക്കോബായ സഭ. യാക്കോബ് ബുർദാനാ ഇങ്ങനെ പുതുതായി ഒരു പാത്രിയർക്കീസിനെ വാഴിച്ച അവസരത്തിൽവി. പത്രോസു സ്ഥാപിച്ച അന്ത്യോക്യാ സിംഹാസനത്തിൽ എവുഫറോസിയൂസു് എന്ന ശരിയായ പാത്രിയർക്കീസു് വാണിരുന്നു.

മലങ്കര യാക്കോബായസഭയിൽ ചേപ്പാട്ടു മാർ ദീവന്നാസ്യോസു് തിരുമേനി വാണുകൊണ്ടിരിക്കെ അദ്ദേഹത്തിൻെറ അറിവും സമ്മതവുമില്ലാതെ അന്ത്യോക്യായിൽ പോയി യാക്കോബായ പാത്രിയർക്കീസിൽനിന്നു പട്ടമേററു തിരികെ വന്ന മാർ മത്യൂസ് അത്തനാസ്യോസിനെ മലങ്കരമെത്രാപ്പോലീത്തായായി യാക്കോബായക്കാർ സ്വീകരിക്കയുണ്ടായില്ലെന്നും, 1876-ൽ മുളന്തുരുത്തിയിൽ കൂടിയ സൂനഹദോസ് മാർ മത്യൂസ് അത്തനാസ്യോസിനെ പാഷണ്ഡിയായി പരിഗണിച്ച് യാക്കോബായസഭയിൽനിന്നു ബഹിഷ്കരിക്കയാണ് ചെയ്തതെന്നുംയാക്കോബായക്കാരെല്ലാം അറിഞ്ഞിട്ടുണ്ടല്ലോ. മാർ മത്യൂസ് അത്തനാസ്യോസിൻെറ പിൻഗാമിയായി ഇപ്പോൾ

---

* നിക്യാ വിശ്വാസപ്രമാണം എന്ന പേരിൽ സാധാരണമായി അറിയപ്പെടുന്ന വിശ്വാസപ്രമാണം 325-ൽ നിക്യായിലെ സൂനഹദോസിൽവച്ച് ആരംഭിക്കപ്പെട്ടെങ്കിലും പരിശുദ്ധാത്മാവിൻെറ ദൈവത്വത്തെയും തിരുസഭയുടെ ലക്ഷണങ്ങളെയും മററും സംബന്ധിച്ചുള്ള അതിൻെറ അവസാനഭാഗം 381-ൽ സമ്മേളിച്ച കുസ്തന്തിനോപ്പോലീസ് സൂനഹദോസിൽവച്ചാണ പൂർത്തിയാക്കപ്പെട്ടതു്.

* പുതുപ്പള്ളി യാക്കോബായപ്പള്ളി ഇടവകാംഗങ്ങളായ താഴത്തുപറപ്പള്ളിൽ പീലിപ്പോസ് വക്കീൽ, പീലിപ്പോസ്, ടീച്ചർ, സെൻറു തോമ്മസ് ഇംഗ്ലീഷ് മിഡിൽസ്കൂൾ, പുതുപ്പള്ളി, ഒളശ്ശയിൽ വക്കീൽ കുര്യൻ, വി. ഒ. അബ്രഹാം വല്യപറമ്പിൽ, കെ. വി. ജോസഫ് കോയിക്കൽ, കാട്ടിൽ ഇട്ടി വറുഗീസ്, താരെശ്ശേരിയിൽ കോരുത് കോരുതു്, അരീച്ചേരിൽ കുന്നേൽ വറുഗീസ് ജോസഫ്, കുടിലിൽ തൊമ്മൻ മാണി, കല്ലുവെട്ടാംകുഴിയിൽ കൊച്ചുലഹന്നൻ, മുള്ളിയിൽ ചാക്കോ അബ്രഹാം, മുള്ളിയിൽ അബ്രഹാം ചാക്കൊ, ഇല്ലിക്കൽ ജോൺ മർക്കോസ്, കൊട്ടൂർ ചാക്കൊ വറുഗീസ് എന്നിവർ ചേർന്നു പ്രസിദ്ധപ്പെടുത്തിയിട്ടുള്ള പ്രസ്താവനയുടെ തുടർച്ച.

---

ക്കു താമസിക്കാവുന്ന "നവസദനം" അഥവാ സത്രം നിർമ്മിക്കപ്പെട്ടിരിക്കുന്നതു്.

ഈ പട്ടണത്തിൽനിന്നു് ഒരു മൈൽ അകലെ ഒരു വയൽ ഉണ്ടു്. നമ്മുടെ കർത്താവു ഭൂജാതനായ രാത്രി ആട്ടിടയന്മാർ തങ്ങളുടെ ആടുകളെ കാത്തുകൊണ്ടിരുന്നതു് ഇവിടെയാണെന്നു പറയപ്പെടുന്നു. അതേപ്പററി തീർത്തു പറയുക സാദ്ധ്യമല്ല. എന്നാൽ ആ സ്ഥലത്തിനു അന്നത്തേതിൽനിന്നു വലിയ മാററമൊന്നും ഇന്നു വന്നിട്ടില്ല. ഇന്നും ആട്ടിൻകൂട്ടങ്ങളും അവയെ കാത്തുസൂക്ഷിക്കുന്ന ആട്ടിടയന്മാരും അവിടെ കാണാവുന്നതാണ്.

നവീകരണക്കാരെ അഥവാ മാർത്തോമ്മാക്കാരെ ഭരിച്ചുവരുന്ന മാർത്തോമ്മാ വലിയമെത്രാപ്പോലീത്താ തിരുമേനി മാർത്തോമ്മാ ശ്ലീഹാ സ്ഥാപിച്ച മലങ്കരസിംഹാസനത്തിലാണ് വാണുകൊണ്ടിരിക്കുന്നതെന്നു മാർത്തോമ്മാക്കാർ പറയുന്നുണ്ടെങ്കിലും യാക്കോബായക്കാരാരും ആ വാദം ശരിയാണെന്നു സമ്മതിച്ചു കൊടുക്കയില്ല. ഇതുപോലെ അന്ത്യോക്യാസിംഹാസനത്തിൽ ശരിയായ പാത്രിയർക്കീസ് വാണുകൊണ്ടിരിക്കവേ യാക്കോബ് ബുർദാനാ "അന്ത്യോക്യാ പാത്രിയർക്കീസ്" എന്നപേരിൽ വാഴിച്ച സേർജിയൂസും അതിനുശേഷം അദ്ദേഹത്തിന്റെ പിൻഗാമികളായി ഇന്നോളം യാക്കോബായസഭയെ ഭരിച്ചിട്ടുള്ള പാത്രിയർക്കീസുമാരും വി. പത്രോസിന്റെ യഥാർത്ഥ പിൻഗാമിയായ റോമ്മാ റീത്തു പാത്രിയർക്കീസിന്റെ ഐക്യത്തിൽനിന്നും വേർപെട്ട് വാഴിക്കപ്പെട്ട അനധികൃത പാത്രിയർക്കീസുമാരാണ്. തന്നിമിത്തം യാക്കോബായസഭയ്ക്കു വി. പത്രോസിന്റെ ഐക്യം—അപ്പസ്തോലന്മാരിൽനിന്നുള്ള ഇടമുറിയാത്ത പിൻതുടർച്ച അഥവാ ശ്ലൈഹികത്വം—നഷ്ടപ്പെട്ടിരിക്കുന്നു.

പുരാതനസഭയിലുള്ള ചില വിശ്വാസവിഷയങ്ങളെയും യാക്കോബായസഭ ഈ അടുത്ത കാലത്തു മാററിത്തുടങ്ങിയിരിക്കുന്നു. ഈ കാരണത്താലും യാക്കോബായസഭയ്ക്കു ശ്ലൈഹികത്വം എന്ന ലക്ഷണമില്ല. യാക്കോബായസഭയിലെ ഒരു വിഭാഗക്കാരായ ഓർത്തഡോക്സ് കക്ഷിക്കാർ വിദേശത്തെ യാക്കോബായ പാത്രിയർക്കീസിന്റെ അധികാരത്തെ നിഷേധിച്ച് സ്വതന്ത്രകക്ഷിയായിത്തീർന്നതോടുകൂടി പ്രോട്ടസ്റ്റൻറുകാരെ അനുകരിച്ചു വി. പത്രോസിനു മററു ശ്ലീഹന്മാരുടെ ഇടയിൽ സമന്മാരിൽ മുമ്പൻ എന്നുള്ള സ്ഥാനമല്ലാതെ പരമാധികാരമില്ലെന്നു, മാർത്തോമ്മാക്കാരെ അനുകരിച്ചു മാർത്തോമ്മാ ശ്ലീഹാ സ്ഥാപിച്ച മലങ്കരസഭ വിദേശത്തെ യാതൊരു അധികാരത്തിനും വിധേയമായിരിക്കേണ്ട ആവശ്യമില്ലെന്നും മററുമുള്ള നവീനോപദേശങ്ങൾ പഠിപ്പിച്ചുവരുന്നു. തങ്ങളുടെ സ്വാതന്ത്ര്യനിലയെ എങ്ങനെയെങ്കിലും സാധൂകരിക്കുന്നതിനുവേണ്ടി ഓർത്തഡോക്സ് കക്ഷിക്കാർ പുതുതായി സ്വീകരിച്ചിട്ടുള്ള ഉപദേശങ്ങളാണ് ഇവയെന്നും, യാക്കോബായസഭ കത്തോലിക്കാസഭയെപ്പോലെ തന്നെ വി. പത്രോസിന്റെ പരമാധികാരത്തെ ഔദ്യോഗികമായി പഠിപ്പിക്കുന്ന ഒരു സഭയാണെന്നും യാക്കോബായ സഭയിലെ മറെറാരു വിഭാഗമായ പാത്രിയർക്കീസു കക്ഷിക്കാരുടെ അഥവാ ബാവാകക്ഷികളുടെ വിശ്വാസം ഇപ്പോഴും സാക്ഷ്യം വഹിക്കുന്നു. ഓർത്തഡോക്സ് കക്ഷിക്കാർ അന്ത്യോക്യായിലെ യാക്കോബായ പാത്രിയർക്കീസിന്റെ മുടക്കിൽ ഇരിക്കുന്നതുകൊണ്ട് ഓർത്തഡോക്സ് കക്ഷിയിലെ മേല്പട്ടക്കാരുടെ പട്ടം അസാധുവാണെന്നു, അവർ വെറും അൽമായക്കാരെപ്പോലെ ആയിത്തീർന്നിരിക്കുന്നെന്നും ബാവാകക്ഷി അഥവാ പാത്രിയർക്കീസുകക്ഷി വാദിച്ചുവരുന്നു. എന്നാൽ മാമ്മോദീസാ, മൂറോൻ (സ്ഥിരീകരണം). പട്ടം എന്നീ മൂന്നു കൂദാശകൾ ഒരിക്കൽ സ്വീകരിച്ചാൽ പിന്നീട് ആവർത്തിച്ചു നൽകപ്പെടാൻ പാടില്ലെന്നും അവ മാഞ്ഞുപോകാത്ത അടയാളം ആത്മാവിൽ പതിക്കുന്നതുകൊണ്ടു ഏതെല്ലാം പാപത്തിൽ ഉൾപ്പെട്ടാലും മുടക്കപ്പെട്ടാലും ഒരു ക്രിസ്ത്യാനി പുറജാതിക്കാരനായിത്തീരുകയോ, ഒരു മേല്പട്ടക്കാരനും പട്ടക്കാരനും പട്ടംമാഞ്ഞ് അൽമായക്കാരനായിത്തീരുകയോ ചെയ്യുകയില്ലെന്നുമാണ് അപ്പോസ്തോലികകാലംതുടങ്ങിയുള്ള വിശ്വാസം. കത്തോലിക്കാസഭയിൽ ഈ വിശ്വാസം ഇപ്പോഴും നിലനില്ക്കുന്നു. ഓർത്തഡോക്സ് കക്ഷി, ബാവാകക്ഷി എന്നിങ്ങനെ രണ്ടു വിഭാഗങ്ങൾ യാക്കോബായസഭയിൽ ഉണ്ടാകുന്നതിരമുമ്പുവരെ മേല്പട്ടക്കാരൻ മുടക്കിയാൽ പട്ടം മാഞ്ഞുപോകുമെന്നുള്ള വിശ്വാസം യാക്കോബായ സഭയിൽ ഉണ്ടായിരുന്നില്ല. സമുദായവക വസ്തുക്കൾ സംബന്ധിച്ചു ഉണ്ടായ കേസ്സുനിമിത്തവും, ഓർത്തഡോക്സ് കക്ഷിക്കാരോടുള്ള വൈരാഗ്യംമൂലവും ബാവാകക്ഷിക്കാർ അപ്പോസ്തോലികവിശ്വാസം ഭേദപ്പെടുത്തി പാത്രിയർക്കീസു മുടക്കിയാൽ പട്ടം മാഞ്ഞുപോകുമെന്നുള്ള പുതിയ വാദം ഇപ്പോൾ സ്വീകരിച്ചിരിക്കുന്നു. ഈ അടുത്ത കാലങ്ങളിൽ ഓർത്തഡോക്സ് കക്ഷിയിൽനിന്നും പാത്രിയർക്കീസ് കക്ഷിയിൽ ചേർന്നിട്ടുള്ള പല പട്ടക്കാർക്കും രണ്ടാമതു പട്ടംകൊടുത്താണ് പാത്രിയർക്കീസുഭാഗത്തു ചേർത്തിട്ടുള്ളതെന്നും നാം ഓർക്കേണ്ടതാണ്. ഇങ്ങനെ യാക്കോബായസഭയിലെ രണ്ടു വിഭാഗങ്ങളും—ബാവാകക്ഷിയും ഓർത്തഡോക്സ് കക്ഷിയും—ഓരോരോ സാഹചര്യങ്ങളും സമുദായകേസ്സു സംബന്ധിച്ചുണ്ടായ മത്സരങ്ങളുംനിമിത്തം ശ്ലൈഹികമായ ഉപദേശങ്ങൾ പലതും തിരസ്കരിച്ചു നവീനോപദേശങ്ങൾ സ്വീകരിച്ചിരിക്കുന്നു. അകയാൽ ശ്ലൈഹികത്വം എന്ന ലക്ഷണം യാക്കോബായസഭയ്ക്കു ഒട്ടും യോജിക്കുന്നില്ല.

ശ്ലൈഹികത്വം എന്ന ഈ ലക്ഷണം കത്തോലിക്കാസഭയിൽ പൂർണ്ണമായി നിറവേറിയിരിക്കുന്നു. ശ്ലീഹന്മാർ പഠിപ്പിച്ച അതേ ഉപദേശങ്ങളെത്തന്നെ—ഭേദപ്പെടുത്തുകയോ, തള്ളിക്കളയുകയോ ചെയ്യാതെ—കത്തോലിക്കാസഭ പഠിപ്പിച്ചുകൊണ്ടിരിക്കുന്നു. ശ്ലീഹന്മാരിൽനിന്നും ഇടമുറിയാത്ത പിൻതുടർച്ചയും കത്തോലിക്കാസഭയ്ക്കു ഉള്ളൂ. മററു സഭകളെല്ലാം ശ്ലീഹന്മാരുടെ കാലംകഴിഞ്ഞു ഓരോരോ വ്യക്തികൾ ഉണ്ടാക്കിയിട്ടുള്ളവയാണ്. അവ ഓരോന്നും ഇന്നവർഷം ഇന്നാർ ആരംഭിച്ചതാണെന്നു ഖണ്ഡിതമായി പറയുവാൻ സാധിക്കും. ഉദാഹരണമായി ആര്യൻസഭ 325—ൽ ആരിയാസും, നെസ്തോറിയൻസഭ 431—ൽ നെസ്തോറിയാസും, യാക്കോബായസഭ ആറാം ശതാബ്ദത്തിൽ യാക്കോബുബുർദാനായും, പ്രോട്ടസ്റ്റൻറുസഭ പതിനാറാം നൂററാണ്ടിൽ മാർട്ടിൻലൂഥറും, മാർത്തോമ്മാസഭ 1875-ൽ മാർ മത്യൂസ് അത്താനാസ്യോസും ആരംഭിച്ചതാണ്. എന്നാൽ കത്തോലിക്കാസഭമാത്രം ഇങ്ങനെ ഏതെങ്കിലും കാലത്തു ഏതെങ്കിലും വ്യക്തി സ്ഥാപിച്ചതായി കത്തോലിക്കാസഭയുടെ ബദ്ധശത്രുക്കൾക്കുപോലും ചൂണ്ടിക്കാണിക്കുവാൻ സാധിക്കുന്നതല്ല. ക്രിസ്തുവല്ലാതെ വേറൊരു സ്ഥാപകൻ കത്തോലിക്കാസഭയ്ക്കു ഉണ്ടായിരുന്നെങ്കിൽ — അപ്പോസ്തോലികകാലം കഴിഞ്ഞാണ് കത്തോലിക്കാസഭ ഉത്ഭവിച്ചിരുന്നതെങ്കിൽ—കത്തോലിക്കാസഭ ഇന്നകാലത്തു ഇന്നാർ സ്ഥാപിച്ചതാണെന്നു ആ സഭയെ കഠിനമായി ആക്ഷേപിക്കുന്ന അതിന്റെ ശത്രുക്കൾ എപ്പോഴെങ്കിലും പറയുമായിരുന്നു. അങ്ങനെ ഇതുവരെ ആരും പറഞ്ഞിട്ടില്ല. ഇനി ആർക്കും പറയുവാൻ സാധിക്കുകയുമില്ല. അകയാൽ ലോകത്തിലുള്ള അസംഖ്യം ക്രൈസ്തവസഭകളിൽവച്ചു കത്തോലിക്കാസഭ മാത്രമാണ് ക്രിസ്തുവിനാൽ സ്ഥാപിതമായ സഭ. അതുമാത്രമാണ് അപ്പോസ്തോലിക കാലം തുടങ്ങിയുള്ള ഏററവും പൂർവ്വികസഭ.

അപ്പോസ്തോലന്മാരിൽനിന്നുള്ള ഇടമുറിയാത്ത പിന്തുടർച്ച കത്തോലിക്കാസഭയിൽ മാത്രമേ കാണുന്നുള്ളു എന്നു പ്രസ്താവിച്ചല്ലോ. വി. പത്രോസിന്റെ യഥാർത്ഥപിൻഗാമിയായ മാർപ്പാപ്പാ ഇപ്പോഴും റോമ്മാസിംഹാസനത്തിൽ വാഴുന്നു. ഭാഗ്യസമന്വിതം കത്തോലിക്കാസഭയെ ഭരിച്ചുവരുന്ന പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പാ റോമ്മാസിംഹാസനത്തിൽ വി. പത്രോസിന്റെ 261 ാമത്തെ പിൻഗാമിയാണ്. ലോകത്തിലുള്ള യാതൊരു ക്രൈസ്തവസഭയ്ക്കും ഇങ്ങനെയുള്ള അനുസ്യൂതമായ ഒരു അപ്പോസ്തോലിക പിൻതുടർച്ച ചൂണ്ടിക്കാണിക്കാൻ സാധിക്കയില്ല. ഉദാഹരണമായി മത്യൂസ് അത്താനാസ്യോസിനു മുമ്പു മാർത്തോമ്മാസഭയെ ഭരിച്ചിരുന്ന ഒരു മേല്പട്ടക്കാരന്റെ പേരുപറയുവാൻ മാർത്തോമ്മാക്കാരോടു ആവശ്യപ്പെട്ടാൽ മറുപടി ലഭിക്കുന്നതല്ല. എന്തുകൊണ്ടെന്നാൽ മത്യൂസ് അത്താനാസ്യോസിനു മുമ്പു മാർത്തോമ്മാസഭ എന്നൊരു സഭ ലോകത്തിൽ ഇല്ലായിരുന്നതിനാൽ അദ്ദേഹത്തിനു മുമ്പു ആരും മാർത്തോമ്മാസഭയെ ഭരിച്ചിട്ടില്ല. ഇതുപോലെ ആറാം ശതാബ്ദത്തിൽ ജീവിച്ചിരുന്ന സേർജിയൂസിനു മുമ്പു യാക്കോബായസഭയെ ഭരിച്ചിരുന്ന ഒരു പാത്രിയർക്കീസിന്റെ പേരുപറയുവാൻ യാക്കോബായക്കാരോടു ആവശ്യപ്പെട്ടാൽ അവരും മൗനം അവലംബിക്കയേ ഉള്ളൂ. എന്തുകൊണ്ടെന്നാൽ ആറാം നൂററാണ്ടിനുമുമ്പു യാക്കോബായസഭ ലോകത്തിൽ ഉണ്ടായിരുന്നില്ല. സേർജിയൂസാണ് ആ സഭയിലെ ആദ്യത്തെ പാത്രിയർക്കീസ്. എന്നാൽ കത്തോലിക്കാസഭയ്ക്കുമാത്രം വി. പത്രോസ്, ലീനോസ്, അനക്ലേത്തസ്, ക്ലീമീസ് എന്നുതുടങ്ങി ഇപ്പോഴത്തെ മാർപ്പാപ്പാവരെയുള്ള 262 മേല്പട്ടക്കാരെ ശ്ലൈഹികകാലംതുടങ്ങിയുള്ള ഭരണകർത്താക്കളായി ചൂണ്ടിക്കാണിക്കുവാൻ സാധിക്കുന്നു. ആകയാൽ ശ്ലൈഹികത്വം എന്ന ലക്ഷണം കത്തോലിക്കാസഭയിൽമാത്രമാണ് പൂർണ്ണമായി നിറവേറിയിരിക്കുന്നതു്.

(തുടരും)


# അനുഭവസാക്ഷ്യം No. 64.

കാളത്തു് പാവുണ്ണി ഔസേപ്പ് വൈദ്യൻ അവർകൾക്കു്,

പ്രിയവൈദ്യരെ,

ഞാൻ ഇന്നു് നിങ്ങളുടെ ഫാർമസിയിൽ വന്നിട്ടുള്ളതു് കാലപ്പഴക്കമുള്ള എന്റെ രോഗത്തിന്നു് നിങ്ങളുടെ ഔഷധങ്ങൾമൂലം സുഖം കിട്ടിയതിലുള്ള സന്തോഷത്തെ അറിയിക്കുവാനാണു്. ഞാൻ ആദ്യമായി 26-8-49 ലാണു് നിങ്ങളുടെ മരുന്നുകൾ വരുത്തിയതു. എന്നാൽ എന്റെ രോഗം വർദ്ധിച്ചുകൊണ്ടിരുന്ന അവസരമായിരുന്നതുകൊണ്ടു് ഇംഗ്ലീഷ് ചികിത്സതന്നെ തുടരണമെന്നുള്ള സ്നേഹിതന്മാരുടെ നിർബന്ധംമൂലം 23-4-'50 വരെ "പെൻസിലീൻ" തുടങ്ങിയ ഇഞ്ചെക്ഷനുകളും മററും ചെയ്തു് പിന്നെയും വളരെ ധനം ചിലവാക്കി. അതുകൊണ്ടൊന്നും ഫലം കിട്ടാതെ വീണ്ടും നിരാശനായപ്പോളാണു് എട്ടു മാസംമുമ്പു് ഞാൻ വരുത്തിവെച്ചിരുന്ന നിംബാസവം, ദ്രാക്ഷാഘൃതം, ശാരിബാദിതൈലം എന്നീ ഔഷധങ്ങളെ ഉപയോഗിപ്പാൻ തുടങ്ങിയതു്.

എനിക്കു ചെറുപ്പം മുതൽതന്നെ ഉള്ളതാണു് ശോധനക്കുറവു്. അതിനെ തുടന്നു കുറെക്കാലംമുമ്പു് രക്തവാതം പിടിച്ചതിന്നു് അനവധി ചികിത്സകൾ ചെയ്തു് ശമിച്ചു എങ്കിലും ശോധനക്കുറവും ദേഹത്തിലെ ചൂടും വർദ്ധിക്കയാണു് ഉണ്ടായതു്. ക്രമേണ നീർവീക്കവും വായുകോപവും തുടങ്ങി. മാത്രമല്ല 1946 മുതൽ കാലിന്റെ ഒടിയിലും മുട്ടിന്നു് താഴെയും ചൊറിഞ്ഞു് വെള്ളം വന്നുകൊണ്ടിരിക്കുന്ന ഒരുതരം ചൊറികൂടി ആരംഭിച്ചു. ഇതിനെല്ലാം ആയുർവ്വേദവും ഇംഗ്ലീഷുമായി ചെയ്തുതുടങ്ങിയ ചികിത്സകളാണു് 23-4-'50 വരെ ദീർഘിച്ചു് ചെയ്തിട്ടുള്ളതു. ഈ ചികിത്സകൾകൊണ്ടൊന്നും സിദ്ധിക്കാതിരുന്ന അനവധി ഗുണങ്ങളാണു് നിങ്ങളുടെ ദിവ്യൌഷധങ്ങൾ രണ്ടുമാസം ഉപയോഗിച്ചിട്ടുള്ളതുകൊണ്ടു് കിട്ടിയിട്ടുള്ളതു്.

1 എന്റെ കാലിന്റെ ഒടിയിലും മുട്ടിന്നു് താഴെയും ഉള്ള വ്രണങ്ങൾ ഉണങ്ങി സുഖപ്പെട്ടിരിക്കുന്നു. 2 സുഖമായവിധം ശോധന കിട്ടുന്നു. 3 മുമ്പൊരിക്കലും ഉണ്ടായിട്ടില്ലാത്തവിധം ഉറക്കം സുഖമായിട്ടുണ്ടു്. 4 ശരീരത്തിനു് നല്ല ഉണർവും ചൈതന്യവും ഉണ്ടു. 5 നാലുകൊല്ലത്തെ പഴക്കമുള്ള വായുവിന്റെ ഉപദ്രവം, അതായതു വേഗത്തിൽ നടക്കുമ്പോഴും എകന്ന സ്ഥലത്തു് കയറുമ്പോഴും, ഭക്ഷണം ചെയ്യുമ്പോഴുംമററും ഉണ്ടാകാറുള്ള നെഞ്ചുവേദനക്കും, വായുവിന്റെ ഉരുണ്ടുകയററത്തിനും വളരെ സുഖം കിട്ടിയിരിക്കുന്നു.

ഈ മൂന്നു ഔഷധങ്ങളുടെയും ഇപ്രകാരമുള്ള ആശ്ചര്യാവഹമായ ഫലത്തെ പററി ഞാൻ എന്റെ സ്നേഹിതന്മാരോടും മററും ഉപദേശിച്ചുവരുന്നു. എന്റെ ഈ അനുഭവസാക്ഷ്യം രക്തദൂഷ്യസംബന്ധമായ ഇത്തരം രോഗങ്ങൾമൂലം കഷ്ടപ്പെടുന്നവരുടെ അറിവിന്നായി പ്രസിദ്ധപ്പെടുത്തുവാൻ താല്പര്യപ്പെടുന്നു.

നെല്ലായി,
4—8—50

കല്ലറ അനന്തൻ (ഒപ്പ്.)
പൊയിൻ വീട്ടു്,
എരഞ്ഞോളി P. O. വഴി തലശ്ശേരി

കാളൻ ആയുർവ്വേദിക് ഫാർമസി, റെയിൽവേസ്റ്റേഷനു സമീപം, നെല്ലായി. P. O.


ബ. അൽഫോൻസാമ്മയുടേയും, വിശുദ്ധ തോമ്മാശ്ലീഹായുടേയും സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു ഉപകാരസ്മരണ.

എം. എം. മത്തായി, മുല്ലക്കരിയിൽ
തുടങ്ങനാട്, തൊടുപുഴ



ബ. അൽഫോൻസാമ്മയുടെ സഹായത്താൽ, അസാദ്ധ്യമായിരുന്ന തലയിൽ സുഖക്കേടു് മാറിയതിനു കൃതജ്ഞത.

വി. ജോസഫ് ഇലവുംകുടി
അക്കൗണ്ടൻറു്, ടി ഫെഡറൽ ബാങ്കു്
ലിമിററഡു്, പെരുമ്പാവൂർ.




"ഞാൻ വിവാഹം ചെയ്തപ്പോൾ ഭാര്യയുമായി കരാർചെയ്തിരിക്കുന്നതു പ്രധാനകാര്യങ്ങളുടെ തീരുമാനമെല്ലാം എനിക്കു വിട്ടുതരണമെന്നും, അപ്രധാനകാര്യങ്ങളുടെ തീരുമാനം അവൾക്കു വിട്ടുകൊടുത്തേക്കാമെന്നുമാണ്."

"എന്നിട്ടോ?"

"ഞങ്ങളുടെ വിവാഹം കഴിഞ്ഞിട്ടു് ഇപ്പോൾ 3 കൊല്ലമായി. ഇതിനകം പ്രധാനപ്രശ്നങ്ങളൊന്നും ഉദയംചെയ്തിട്ടു തന്നെയില്ല."

* * *

ഒരു പട്ടണത്തിൽ ഇടയ്ക്കിടെ ഭൂകമ്പം ഉണ്ടായിക്കൊണ്ടിരുന്നതിനാൽ, ഒരു കുട്ടിയെ അവന്റെ മാതാപിതാക്കന്മാർ അകലെയുള്ള തങ്ങളുടെ ബന്ധുക്കളുടെ പക്കലേക്കു് അയച്ചു. കുറെദിവസം കഴിഞ്ഞപ്പോൾ മാതാപിതാക്കന്മാർക്കു ലഭിച്ച സന്ദേശമാണിതു്: "കുട്ടിയെ തിരിച്ചയക്കുന്നു. പകരം ഭൂകമ്പം ഇങ്ങോട്ടയച്ചാലും വേണ്ടില്ല."

* * *

തീവണ്ടിയാത്രക്കാരിലൊരാൾ: "നിങ്ങൾ എങ്ങോട്ടാ?"

രണ്ടാമൻ: "തൃശ്ശൂർക്കു്. അവിടെയൊരു പ്രസംഗം ഉണ്ടു."

ഒന്നാമൻ: "നിങ്ങളാ മി. കെ. സി. എക്സ് എന്ന കിറുക്കന്റെ പ്രസംഗം കേൾക്കാൻ പോകയായിരിക്കും അല്ലേ? തനിക്കൊരു വേലയില്ലേ?"

ഒന്നാമൻ: "എനിക്കു പോകാതെ നിവൃത്തിയില്ല. ഞാനാണു് ആ കെ. സി. എക്സ് എന്നുപേരായ കിറുക്കൻ."

* * *

"എന്റെ മണിപ്പേഴ്സ് പോയല്ലോ?"

"എന്നിട്ടു് എല്ലായിടത്തും നോക്കിയില്ലേ?"

"കോട്ടിന്റെ അകത്തെ കീശയൊഴികെ എല്ലായിടത്തും നോക്കി."

"എന്നാൽ ആ കീശയിലുംകൂടി നോക്കരുതോ?"

"അതിൽ നോക്കീട്ടു് അവിടെയുംകൂടി അതില്ലെങ്കിൽ, എനിക്കു ഭ്രാന്തുപിടിച്ചുപോകും."

ഫാത്തിമാബാലസമിതി

# അനുദിനകൃത്യങ്ങൾ

പ്രിയ കുഞ്ഞുങ്ങളേ,


പ്രായശ്ചിത്തംസംബന്ധിച്ചു് ഫാത്തിമാബാലകർ ലോകത്തിനു നല്കിയിട്ടുള്ള ഉത്തമമാതൃകകളിൽ ചിലതിനെക്കുറിച്ചാണല്ലോ കഴിഞ്ഞ മൂന്നുനാലു ലക്കങ്ങളിൽ പ്രതിപാദിച്ചിരുന്നതു്. അവയോടു് അനുബന്ധിച്ചു് നിങ്ങൾക്കു് പ്രാവർത്തികമാക്കാവുന്ന ചില പരിത്യാഗപ്രവൃത്തികളെക്കുറിച്ചും വല്യച്ചൻ പറഞ്ഞു. ഈ ലക്കംവഴി നിങ്ങളുടെ ഓർമ്മയിൽ കൊണ്ടുവരുവാൻ ഉദ്ദേശിക്കുന്നതു് നിങ്ങളുടെ അനുദിനജീവിതത്തിൽ നിങ്ങൾ അവശ്യം സ്വാഗതംചെയ്യേണ്ട ചില ത്യാഗങ്ങളെക്കുറിച്ചാണു്.

മാതാവിന്റെ ദർശനത്തിനു ഫാത്തിമാബാലകരെ ഒരുക്കിയ ഒരു മാലാഖായുടെ കാര്യം നിങ്ങൾ ഓർമ്മിക്കുന്നുണ്ടായിരിക്കുമല്ലോ. ആ മാലാഖാ കുട്ടികളോടു് ഇടവിടാതെ പ്രാർത്ഥിക്കുന്നതിനും പ്രായശ്ചിത്തങ്ങൾ ചെയ്യുന്നതിനും ഉപദേശിച്ചു. എന്നാൽ പ്രായശ്ചിത്തങ്ങൾ അനുഷ്ഠിക്കേണ്ടതു് എങ്ങനെയെന്നു് അവർക്കു് അറിഞ്ഞുകൂടായിരുന്നു. അതുകൊണ്ടു് അവർ ദൈവദൂതനോടു് ചോദിച്ചു: "ഞങ്ങൾ എങ്ങനെയാണു് ത്യാഗം അഭ്യസിക്കേണ്ടതു ?" ഇതിനു് മാലാഖാ അവർക്കു നല്കിയ ഉത്തരം ശ്രദ്ധേയമാണു് "എല്ലാ സംഗതികളിലും നിങ്ങൾക്കു് ത്യാഗം അനുഷ്ഠിക്കുവാൻ സാധിക്കും."

പ്രിയ കുഞ്ഞുങ്ങളേ, മാലാഖാ പറഞ്ഞതിന്റെ അർത്ഥം നിങ്ങൾക്കു് മനസ്സിലായോ? "എല്ലാസംഗതികളിലും നിങ്ങൾക്കു് ത്യാഗം പരിശീലിക്കാം." എന്താണു് ഇതിന്റെ അർത്ഥം? രാവിലെമുതൽ സന്ധ്യവരെയും, സന്ധ്യമുതൽ പിറേറദിവസം പ്രഭാതംവരെയും പല കാര്യങ്ങൾ നാം ചെയ്യുന്നുണ്ടു്. മററു പല സംഗതികൾ നാം ചെയ്യാതെ ഇരിക്കുന്നുമുണ്ടു്. എന്നാൽ നാം സാക്ഷാൽ ചെയ്യേണ്ടവ ഏവ? ചെയ്യാതിരിക്കേണ്ടവ ഏവ? ഇതു ശരിയായി മനസ്സിലാക്കിയിട്ടാണു് നാം ഓരോന്നു ചെയ്യുകയോ ചെയ്യാതിരിക്കുകയോ വേണ്ടതു്. നമുക്കു് ലോകത്തിൽ ഒരു സംഗതിമാത്രമേ നിർവ്വഹിക്കേണ്ടതായുള്ളു. അതായതു് ദൈവത്തിന്റെ ഹിതം അനുസരിച്ചു പ്രവർത്തിക്കുക. നാം എന്തുചെയ്യണമെന്നു് ദൈവം കല്പിച്ചിരിക്കുന്നുവോ അതു നാം ചെയ്യണം. എന്തുചെയ്യരുതെന്നു് അവിടുന്നു് ആജ്ഞാപിച്ചിരിക്കുന്നുവോ അതു നാം ചെയ്യരുതു്. എന്നാൽ ഇങ്ങനെ ദൈവത്തിന്റെ ഇഷ്ടപ്രകാരം എപ്പോഴും പ്രവർത്തിക്കുക അത്ര എളുപ്പമല്ല. എന്തുകൊണ്ടെന്നാൽ ദൈവത്തിനു് ഇഷ്ടപ്പെടുന്നവയായിരിക്കുകയില്ല പലപ്പോഴും നമുക്കു ഇഷ്ടപ്പെടുന്നതു്. മാതാപിതാക്കന്മാരെയും നമ്മുടെ മററധികാരികളെയും നാം അനുസരിക്കണമെന്നുള്ളതാണു് ദൈവത്തിന്റെ കല്പന. എന്നാൽ ഈ കല്പന അനുസരിച്ചു് പ്രവർത്തിക്കുന്നതിനു നമുക്കു പലപ്പോഴും ഇഷ്ടമില്ല. പാഠങ്ങൾ പഠിക്കാനുള്ളസമയത്തു് അവ നാം ശരിയായി പഠിക്കണം. പ്രാർത്ഥിക്കേണ്ടസമയങ്ങളിൽ നാം ഭക്തിയോടുകൂടി പ്രാർത്ഥിക്കണം. ഇതെല്ലാമാണു ദൈവത്തിനു് ഇഷ്ടമുള്ള കാര്യങ്ങൾ. പക്ഷെ അതിനു് നമുക്കു് ഇഷ്ടമില്ല. ആ സമയങ്ങളിൽ കളിക്കുന്നതിനും ഉറങ്ങുന്നതിനുമാണു് നമുക്കു താല്പര്യം. അസത്യം പറയരുതു്; കൊതിയോടുകൂടി ഭക്ഷിക്കരുതു്; ചീത്തയായിട്ടുള്ള കാര്യങ്ങൾ പ്രവർത്തിക്കരുതു്, പറയരുതു്, വിചാരിക്കുകപോലും ചെയ്യരുതു്. പക്ഷെ ഇവയെല്ലാം വിപരീതമായി പ്രവർത്തിക്കുന്നതിനുള്ള ഒരു പ്രേരണയാണു് മിക്കപ്പോഴും അനുഭവപ്പെടുന്നതു്. ഇതു വാസ്തവമല്ലേ? ഇതുകൊണ്ടാണു വല്യച്ചൻ പറഞ്ഞതു് ദൈവത്തിന്റെ ഇഷ്ടപ്രകാരം എല്ലായ്പോഴും ജീവിക്കുക എന്നതു അത്ര എളുപ്പമുള്ള കാര്യമല്ല എന്നു്. എളുപ്പമല്ലെങ്കിലും ശരി, അപ്രകാരം നാം ജീവിക്കുമതിയാവൂ. സ്വർഗ്ഗത്തിൽ നമുക്കു സമ്മാനംകിട്ടണമെങ്കിൽ ദൈവത്തിന്റെ കല്പനകൾ നാം അനുസരിക്കണം. മററുള്ളവർ നമ്മെ ബഹുമാനിക്കണമെങ്കിൽ ദൈവത്തിന്റെ ആജ്ഞകൾ നാം നിർവ്വഹിക്കണം. സമാധാനത്തോടും സംതൃപ്തിയോടുംകൂടിയ ഒരു ജീവിതം കഴിക്കണമെങ്കിൽ ദൈവത്തിന്റെ ഇഷ്ടാനുസരണംമാത്രം നാം പ്രവർത്തിക്കണം.

ഇങ്ങനെ ദൈവത്തിന്റെ ഇഷ്ടപ്രകാരം എപ്പോഴും പ്രവർത്തിച്ചു് സൗഭാഗ്യം കരസ്ഥമാക്കുന്നതിനുവേണ്ടി നമ്മുടെ ഭാഗത്തുനിന്നും ദൈവം ആവശ്യപ്പെടുന്നതു് സമരമാണു്. ദൈവത്തിന്റെ കല്പനപ്രകാരം ചെയ്യുന്നതിൽനിന്നു് നമ്മെ മാററി നിറുത്തുവാൻ എപ്പോഴും പരിശ്രമിച്ചുകൊണ്ടിരിക്കുന്ന ചില ശക്തികളുണ്ടു്. അവ പ്രധാനമായി നമ്മിൽത്തന്നെയാണു് സ്ഥിതിചെയ്യുന്നതു്. നിഗളം, കോപം, കൊതി, അസൂയ, മോഹം, മടി മുതലായവയാണു് പ്രസ്തുതശക്തികളിൽ ചിലതു്. ഇവയോടു നാം നിരന്തരം യുദ്ധം ചെയ്തു് ജയം പ്രാപിച്ചെങ്കിൽ മാത്രമേ എല്ലാ സംഗതികളിലും ദൈവത്തിന്റെ ഇഷ്ടപ്രകാരം പ്രവർത്തിക്കുന്നതിനു് നമുക്കു സാധിക്കുകയുള്ളു. ഈ യുദ്ധത്തിൽ നാം വളരെ ക്ഷീണിക്കേണ്ടിവരും. പലപ്പോഴും മുറിവേൽക്കേണ്ടിയും വരും. ഇവയെല്ലാം പ്രായശ്ചിത്തമാണു്. ഒഴിച്ചുകൂടാത്ത, നാം ചെയ്തേമതിയാവൂ എന്നതരത്തിൽപ്പെട്ട പ്രായശ്ചിത്തങ്ങളാണു്. ഇവ പാപത്തിൽനിന്നു് നമ്മെ അകററിനിറുത്തുന്നു. അതായതു് നാം നന്നായി ജീവിക്കുന്നതിനു്, ദൈവത്തിന്റെ സ്നേഹമുള്ള കുഞ്ഞുമക്കളായി ജീവിക്കുന്നതിനു്, നമ്മെ സഹായിക്കുന്നു. മാത്രമല്ല ഈ ബുദ്ധിമുട്ടുകൾ നാം നന്നായി സഹിച്ചു വേണ്ടവിധത്തിൽ കാഴ്ചവച്ചാൽ അതു പാപികളുടെ മാനസാന്തരത്തിനു് വളരെ ഉപകരിക്കുന്നതുമാണു്.

ഇങ്ങനെ നമുക്കും ഇതരന്മാക്കും ഉപകാരമുള്ള പ്രായശ്ചിത്തങ്ങൾ ചെയ്യുന്നതിനു് കുഞ്ഞുമക്കൾ എല്ലാവരും ഏററവും ഉത്സാഹമുള്ളവരായിരിക്കണം. ഞായറാഴ്ചകളിലും കടമുള്ള മററു ദിവസങ്ങളിലും കുർബാന മുഴുവനും കാണത്തക്കവിധത്തിൽ നേരത്തെ പള്ളിയിലേക്കു പുറപ്പെടണം. ആ സമയത്തു കിടന്നുറങ്ങുന്നതിനും അല്ലെങ്കിൽ കൂട്ടുകാരുമായി കളിച്ചു നില്ക്കുന്നതിനുമുണ്ടാകാവുന്ന ആഗ്രഹം ത്യജിച്ചുകൊണ്ടു്, കുർബാന തുടങ്ങുന്നതിനു് അല്പംസമയം മുൻപുതന്നെ പള്ളിയിൽ എത്തുവാൻ ശ്രമിക്കുക. നിങ്ങളുടെ മനസ്സുപോലെയും ഇഷ്ടപ്രകാരവും ചെയ്യുന്നതിനുള്ള വാസന ഉപേക്ഷിച്ചുകൊണ്ടു് അപ്പനും അമ്മയും അദ്ധ്യാപകന്മാരും നിങ്ങളുടെ മററധികാരികളും പറയുന്നതുപോലെ മാത്രം പ്രവർത്തിക്കുക. ചീത്തക്കൂട്ടുകാരുടെ കൂടെ കൂടുന്നതിനും അവരുമായി അസഭ്യങ്ങൾപറയുന്നതിനും മററും പ്രേരിപ്പിക്കപ്പെടുമ്പോൾ ധൈര്യപൂർവ്വം പ്രസ്തുത കൂട്ടുകാരേയും സാഹചര്യങ്ങളേയും വിട്ടുപേക്ഷിക്കുക. വല്ല കാര്യലാഭത്തിനുംവേണ്ടി, പ്രത്യേകിച്ചു ശിക്ഷയിൽനിന്നും രക്ഷപെടുന്നതിനുവേണ്ടി അസത്യം പറയണമെന്നു തോന്നുന്ന അവസരങ്ങളിൽ അസത്യം പറയാതെ സത്യംമാത്രം പറയുകയും സത്യം പറയുന്നതിന്റെഫലമായി അനുഭവിക്കേണ്ടിവരുന്ന താല്ക്കാലികശിക്ഷകളെ നല്ലമനസ്സോടുകൂടി സ്വീകരിക്കുകയും ചെയ്യുക. പാഠങ്ങൾ ശരിയായി പഠിക്കുന്നതിനുള്ള മടിയെ ജയിച്ചുകൊണ്ടു് പാഠങ്ങൾ നന്നായി പഠിക്കുക. ഭക്ഷണാവസരങ്ങളിൽ ആർത്തികൂടാതെ ഭക്ഷിക്കുക. ഇങ്ങനെയെല്ലാം ചെയ്യുന്നതിനു സഹിക്കേണ്ടിവരുന്ന ബുദ്ധിമുട്ടുകളും ക്ലേശങ്ങളും പാപികളുടെ മാനസാന്തരത്തിനുവേണ്ടി കാഴ്ചവയ്ക്കാവുന്നതാണു്. കുഞ്ഞുമക്കൾ ഇങ്ങനെയെല്ലാം ചെയ്യുമെന്നു വിശ്വസിക്കുന്നു. അടുത്ത ഞായറാഴ്ച ജപമാലനാഥയുടെ മാസമായ ഒക്ടോബർ ആരംഭിക്കുന്നതാണല്ലോ. കൂടുതൽഭക്തിയോടെ കൊന്ത ചൊല്ലുവാൻ പരിശ്രമിക്കുക. ഫാത്തിമാമാതാവു് ഏവരേയും അനുഗ്രഹിക്കട്ടെ.



പരേതനായ ജോസഫ് വെള്ളൂക്കുന്നേൽ (അപ്പി)

## കത്തിനു മറുപടി

കെ. എം. വറുഗീസ്, പുനലൂർ

" . . . മാതാവിന്റെ ആഗ്രഹാനുസരണം, ഞങ്ങളുടെ അപ്പൻ പറഞ്ഞതനുസരിച്ചു്, 1126 ചിങ്ങം 1-ാംനു- മുതൽ ഞങ്ങൾ പ്രത്യേകാൽചൊല്ലുന്ന ജപമാലയും സുകൃതജപങ്ങളും മററും ഒരു ചെറിയ ബുക്കിൽ ഓരോ തീയതിയിലും കുറിച്ചുവയ്ക്കുന്നുണ്ടു്. 1-ാംനു- മുതൽ ദിവസന്തോറും ശരാശരി മൂന്നു ജപമാലയും 500-ൽ കുറയാതെ സുകൃതജപങ്ങളും ചൊല്ലുകയും മൂന്നിൽ കുറയാതെ ത്യാഗകൃത്യങ്ങൾ അനുഷ്ഠിക്കുകയും ചെയ്യുന്നുണ്ടു്. മേലിൽ ഞായറാഴ്ചതോറും കുമ്പസാരിച്ചു് വി. കുർബാന സ്വീകരിക്കണമെന്നാണു് ഞങ്ങളുടെ ആഗ്രഹം. ഞങ്ങളുടെ ഇടവക തിരുവനന്തപുരം അതിരൂപതയിൽപ്പെട്ട ഒരു മിഷൻകേന്ദ്രമാണു്. "ചെമ്പുമലപ്പള്ളി" എന്നാണു് ഇടവകയുടെ പേരു്. മാസത്തിൽ രണ്ടു തവണ മാത്രമേ ഇവിടെ കുർബാനയുള്ളു. മററു ഞായറാഴ്ചകളിൽ 4 മൈൽ നടന്നു പുനലൂർ പള്ളിയിലാണു ഞങ്ങൾ പോകുന്നതു്..."

പ്രിയപ്പെട്ട വറുഗീസും സഹോദരങ്ങളും നടത്തിവരുന്ന ഭക്താഭ്യാസങ്ങൾ വല്യച്ചനു് അത്യധികമായ ആനന്ദം പ്രദാനംചെയ്യുന്നു. ഓരോ ദിവസവും ചെയ്യുന്ന സൽകൃത്യങ്ങളുടെ കണക്കു് ഇപ്രകാരമൊരു ആദ്ധ്യാത്മികഡയറിയിൽ കുറിച്ചിടുന്നതു വളരെ നല്ലതാണു്. നിങ്ങളേയും നിങ്ങൾക്കു മാർഗ്ഗനിർദ്ദേശം ചെയ്യുന്ന നിങ്ങളുടെ പ്രിയപിതാവിനേയും ദൈവം അനുഗ്രഹിക്കട്ടെ.

എന്നു സ്വന്തം വല്യച്ചൻ

## നിങ്ങൾക്കറിയാമോ?

ഐക്യരാഷ്ട്രസമിതിയുടെ കീഴിലുള്ള സെക്രട്ടറിയേററിന്റെ സ്വഭാവം വിശദമാക്കുക.

ഉത്തരം

ഐക്യരാഷ്ട്രസംഘടനയുടെപ്രവർത്തകസമിതിയാണിതു്. ഏകദേശം 3000 പേർ ഇതിൽ ജോലി ചെയ്യുന്നുണ്ടു്. ഇതിലെ പ്രധാനോദ്യോഗസ്ഥനായ സെക്രട്ടറി ജനറലിനെ സെക്യൂറിററി കൗൺസിലിന്റെ ശുപാർശപ്രകാരം ജനറൽ അസംബ്ലി നിയമിക്കുന്നു. ഇപ്പോഴത്തെ സെക്രട്ടറിജനറൽ മി. ട്രിഗ്വേലിയാണു്. സെക്രട്ടറിയേററിന്റെ കീഴിൽ സെക്യൂറിററികൗൺസിൽ കാര്യം, സാമ്പത്തികകാര്യം, സാമൂഹ്യകാര്യം, ട്രസ്റ്റിഷിപ്പു്, പ്രസിദ്ധീകരണം, നിയമം, സമ്മേളനങ്ങളും സർവ്വീസുകളും, ഭരണധനകാര്യസർവ്വീസ് എന്നിവ സംബന്ധിച്ച 8 വകുപ്പുകളുണ്ടു്.

## ചോദ്യോത്തരപംക്തി

ചോ: "അതുകൊണ്ടു് ഇപ്പോൾ ക്രിസ്തുയേശുവിലുള്ളവർക്കു് ഒരു ശിക്ഷാവിധിയും ഇല്ല." (റോമ. 8:1) "അവനിൽ വിശ്വസിക്കുന്നവനു ന്യായവിധി ഇല്ല" (യോഹ. 3:18). ഈ വേദവാക്യങ്ങൾ പ്രകാരം ദൈവമക്കൾക്കു പിന്നെ എന്തെങ്കിലും കാരണത്താൽ ശുദ്ധീകരണസ്ഥലത്തിലെ പീഡനങ്ങൾക്കു് ഇടവരുമോ?

ഉ: മേലുദ്ധരിച്ച വേദവാക്യങ്ങളുടെ അർത്ഥം ക്രിസ്തുവിൽ വിശ്വസിക്കുകയും തദനുസരണം വർത്തിക്കയും ചെയ്യുന്നവൻ നിത്യശിക്ഷാവിധിക്കു് അധീനനാകയില്ല എന്നാണു്. സന്ദർഭം ഇതു വിശദമാക്കുന്നുണ്ടു്. റോമാക്കാർക്കുള്ള ലേഖനത്തിൽനിന്നും ചോദ്യകാരൻ ഉദ്ധരിച്ച "ശിക്ഷാവിധിയില്ല" എന്ന പ്രയോഗത്തിന്റെ അർത്ഥമെന്തെന്നു അടുത്തുവരുന്ന വാക്യത്തിൽനിന്നുതന്നെ വ്യക്തമാകുന്നു. "പാപത്തിന്റെയും മരണത്തിന്റെയും നിയമത്തിൽനിന്നുള്ള സ്വാതന്ത്ര്യ"ത്തെയാണു് അതു കുറിക്കുന്നതു്. പാപം ദ്വിവിധമരണത്തിനു കാരണമായി ഭവിച്ചു—ആദ്ധ്യാത്മികമരണവും ശാരീരികമരണവും. ക്രിസ്തു ഈ ഇരുവിധമരണത്തിൽനിന്നും—വരപ്രസാദംവഴി ആദ്ധ്യാത്മികമരണത്തിൽനിന്നും പുനരുത്ഥാനംവഴി ശാരീരികമരണത്തിൽനിന്നും—മോചനം പ്രദാനംചെയ്യുന്നുവെന്നത്രെ വി. പൗലോസിന്റെ സിദ്ധാന്തം. റോമാക്കാർക്കുള്ള ലേഖനം 8-ാം അദ്ധ്യായം മുഴുവൻ വായിച്ചാൽ ഇതു വിശദമാകാതിരിക്കയില്ല. (See also റോമ. 5,12; 1 കൊറി. 15,54—56).

"അവനിൽ വിശ്വസിക്കുന്നവനു ന്യായവിധി ഇല്ല" എന്ന വി. യോഹന്നാന്റെ സുവിശേഷത്തിലുള്ള വാക്യത്തിന്റെ അർത്ഥവും മേൽപ്പറഞ്ഞതിൽനിന്നു ഭിന്നമല്ല. ചോദ്യകാരൻ ഉദ്ധരിച്ചിരിക്കുന്നതിന്റെ മുകളിലുള്ളവാക്യങ്ങൾ ഇതു സ്പഷ്ടമാക്കുന്നുണ്ടു്. അവ താഴെ ചേർക്കുന്നു: "തന്റെ ഏകപുത്രനിൽ വിശ്വസിക്കുന്ന ഒരുത്തനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിനു് അവനെ നല്കുവാൻ തക്കവണ്ണം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു. ദൈവം തന്റെ പുത്രനെ ലോകത്തിലേക്കു് അയച്ചിരിക്കുന്നതു് അവൻമൂലം ലോകം രക്ഷപ്രാപിക്കേണ്ടതിനല്ലാതെ ലോകത്തെ ശിക്ഷാവിധി ചെയ്യുവാനല്ലല്ലോ." (യോഹ. 3:16,17.. മാർക്കോസ് 16,16-ം നോക്കുക.)

വിവാദവിഷയമായവാക്യങ്ങളിൽ നിത്യശിക്ഷാവിധിയെപ്പററിയാണു പ്രതിപാദിക്കുന്നതു് എന്നുവരികിലും, നവക്രിസ്ത്യാനികളെ സംബന്ധിച്ചിടത്തോളം, ജ്ഞാനസ്നാനംവഴി അവർ നിത്യശിക്ഷാവിധിയിൽനിന്നു മാത്രമല്ല പാപത്തിനുള്ള എല്ലാ പരിഹാരക്കടങ്ങളിൽനിന്നും വിമുക്തരായിരിക്കുന്നു എന്ന സംഗതിയും ശ്രദ്ധാർഹമായിരിക്കുന്നു. ജ്ഞാനസ്നാനാനന്തരം ചെയ്യുന്ന പാപങ്ങളിൽനിന്നു് അനുതാപവും കുമ്പസാരവുംവഴിമോചനം പ്രാപിക്കാവുന്നതാണു്. പക്ഷെ അവയ്ക്കുള്ള പരിഹാരക്കടം അവശേഷിക്കുന്നുണ്ടു്. ഇക്കാരണത്താലാണല്ലോ ജ്ഞാനസ്നാനത്തിനു ശേഷം ഗൗരവപാപങ്ങളിൽ ഉൾപ്പെടുന്നവർക്കു് തിരുസ്സഭ ആദിമശതകങ്ങൾമുതൽ "കാനോനി"കമായ ശിക്ഷകൾ നല്കിവന്നിട്ടുള്ളതു്. പ്രസ്തുതപാപങ്ങൾക്കു് ഇഹത്തിൽവച്ചു് ഏതെങ്കിലും പ്രകാരം പരിഹാരംചെയ്യാത്തപക്ഷം ശുദ്ധീകരണസ്ഥലത്തിൽവച്ചു അതു നിർവ്വഹിക്കേണ്ടിവരുമെന്നാണു സഭാസിദ്ധാന്തം. ചോദ്യകാരൻ ഉദ്ധരിച്ചിരിക്കുന്ന വേദവാക്യങ്ങൾ ഈ സിദ്ധാന്തത്തിനു യാതൊരു പ്രകാരത്തിലും എതിരാകുന്നില്ല.

---

ബ. അൽഫോൻസാമ്മയുടേയും, വി. മരിയഗൊരേത്തിയുടേയും, ഫാത്തിമാമാതാവിന്റേയും സഹായത്താൽ വാതരോഗത്തിൽനിന്നു് വിമുക്തി നേടിയതിനു് ഉപകാരസ്മരണ.

K. M. Joseph, Kavunnucatil, Kudakkachira

# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശ്ശേരി

റവ. ഡോക്ടർ ജോസഫ് പുത്തേക്കാട്ടിൽ ഡി. ഡി., ബി. എ.

Vol. 24 ‖ ERNAKULAM. SEPTEMBER 27 1950 ‖ No. 7


# തിരുനാൾമംഗളം

സഭാമല്ലാൻ, വേദപുസ്തകവിവർത്തകൻ എന്നിങ്ങനെ വിവിധനിലകളിൽ വിഖ്യാതനായിരിക്കുന്ന വി. ജറോമിൻ്റെ തിരുനാൾ അടുത്ത ശനിയാഴ്ചയാണ് തിരുസഭ ആഘോഷിക്കുന്നത്. ഈ മഹാപുണ്യവാൻ കൊല്ലം രൂപതാദ്ധ്യക്ഷനായ റൈററ് റവ. ഡോക്ടർ ജറോം ഫെർണാൻ്റസ് തിരുമനസ്സിലെ നാമഹേതുകനാകയാൽ പ്രസ്തുതസുദിനം കേരളകത്തോലിക്കരെ സംബന്ധിച്ചിടത്തോളം കൂടുതൽ ആനന്ദദായകമായിരിക്കുന്നു. തിരുമനസ്സിലെ പൈതൃകവാത്സല്യത്തിനും പ്രോത്സാഹനത്തിനും വിഷയമായിരിക്കുന്ന സത്യദീപം തിരുമനസ്സിലേക്ക് സകലവിധ മംഗളങ്ങളുമാശംസിക്കയും തിരുമേനിയുടെ നേർക്കുള്ള അ



കമഴിഞ്ഞ കൃതജ്ഞതയെ രേഖപ്പെടുത്തുകയും ചെയ്തുകൊള്ളട്ടെ. വിദ്യാഭ്യാസം, സാധുജനോദ്ധാരണം എന്നീ വിഷയങ്ങളിൽ തിരുമേനി നിർവ്വഹിച്ചുവരുന്ന നേതൃത്വം ഏവരുടേയും മുക്തകണ്ഠമായ പ്രശംസയെ അർഹിക്കുന്നതാണ്. വിശിഷ്യ കൊല്ലത്ത് കത്തോലിക്കരുടെ വകയായി ഒരൊന്നാംഗ്രേഡ് കോളെജ് സ്ഥാപിക്കുവാൻ തിരുമനസ്സുകൊണ്ടു ചെയ്ത ശ്രമം വിജയമകുടം ചൂടുവാൻ പോകയാണെന്നുള്ളത് ചാരിതാർത്ഥ്യജനകമായിരിക്കുന്നു. തിരുമനസ്സുകൊണ്ട് സമാരംഭിച്ചിരിക്കുന്ന പ്രസ്ഥാനങ്ങളെല്ലാം ഉദ്ദിഷ്ടലക്ഷ്യം പ്രാപിക്കുന്നതിനുവേണ്ട അനുഗ്രഹവും തിരുമേനിക്ക് ആയുരാരോഗ്യവും സർവ്വശക്തൻ പ്രദാനം ചെയ്യുമാറാകട്ടെ.

# സ്വാതന്ത്ര്യമോ അടിമത്തമോ?

# ഇതിൽ നിഷ്പക്ഷത സാദ്ധ്യമോ?

കഴിഞ്ഞ ലോകമഹായുദ്ധം നടന്നുകൊണ്ടിരുന്നപ്പോൾ പശ്ചിമ യൂറോപ്പിലെ പ്രജായത്തരാജ്യങ്ങളും കമ്മ്യൂണിസ്റ്റ് റഷ്യയും പൊതുശത്രുവായ ഹിററലറിനും കൂട്ടാളികൾക്കും എതിരായി സഖ്യം ചേരുകയും അവരുടെ പരസ്പരസഹകരണത്തോടുകൂടിയ സമരത്താൽ അവസാനത്തിൽ വിജയംവരിക്കുകയും ചെയ്തു. വ്യക്തികളുടേയും സമുദായങ്ങളുടേയും രാഷ്ട്രങ്ങളുടേയും സ്വാതന്ത്ര്യങ്ങളെ ചവിട്ടിമെതിക്കുവാൻ തുടങ്ങിയ നാസിസത്തേയും ഫാസിസത്തേയും അമർത്തിത്തോല്പിച്ച് അവക്കെല്ലാം മൗലികമായ സ്വാതന്ത്ര്യങ്ങൾ സുരക്ഷിതങ്ങളാക്കുവാനായിരുന്നു ഐക്യകക്ഷികളുടെ യുദ്ധോദ്ദേശം. എന്നാൽ ഐക്യകക്ഷിയിൽപെട്ട പ്രധാനശക്തികളിലൊന്നായ സോവ്യററു റഷ്യ ഏററവും കടുത്ത നാസിസവും ഫാസിസവും ആദർശമായി സ്വീകരിച്ചുപോന്നു. ഈ വസ്തുത ഐക്യകക്ഷിയിലെ മററു വിഭാഗമായ പാശ്ചാത്യരാജ്യങ്ങൾക്ക് അറിയാമായിരുന്നെങ്കിലും, അതു തല്ക്കാലം വിസ്മരിച്ചും ഹിററ്ലരെ തോല്പിക്കുവാൻ ആവശ്യകമാണെന്നു ബോദ്ധ്യപ്പെട്ടുമാണ് അവർ റഷ്യയെ കൂട്ടുപിടിച്ചത്. ഈ കൂട്ടുപിടുത്തം റഷ്യക്കും അനിവാര്യമായിരുന്നു. പാശ്ചാത്യശക്തികളുടെ കാര്യമായ സഹായംകൂടാതെ ഹിററലരുടെ ആക്രമണത്തെ തടുക്കുവാൻ റഷ്യക്കു സാദ്ധ്യമായിരുന്നില്ല. തന്മൂലം കാര്യംകാണാൻ എന്തുംചെയ്യാമെന്ന കമ്മ്യൂണിസ്റ്റ് ധാർമ്മികസിദ്ധാന്തമനുസരിച്ച്, അമേരിക്കയേയും ബ്രിട്ടനേയും അവരുടെ നേതൃത്വത്തിലുള്ള ഇതര സഖ്യരാഷ്ട്രങ്ങളേയും തൃപ്തിപ്പെടുത്തുവാൻവേണ്ടി, സാർവ്വലൗകികവിപ്ലവം എന്ന ലക്ഷ്യം താൻ ത്യജിച്ചിരിക്കുകയാണെന്നും സാർവ്വലൗകികസ്വാതന്ത്ര്യവും സമാധാനവുമെന്ന ലക്ഷ്യം താൻ വരിച്ചിരിക്കുകയാണെന്നും സ്റ്റാലിൻ പ്രഖ്യാപിച്ചു. അതിൻ്റെ ചിഹ്നമായി കമ്മ്യൂണിസ്റ്റ് സാർവ്വലൗകികവിപ്ലവസംഘടനയായ കൊമിൻടേൺ പിരിച്ചുവിട്ടിരിക്കുന്നതായി അദ്ദേഹം ഉത്തരവയച്ചു. ആ പിരിച്ചുവിടൽ സംബന്ധിച്ചു തനിക്കുള്ള പ്രജായത്തപരമായ ഉദ്ദേശങ്ങളെ വിവരിച്ചുകൊണ്ട് സ്റ്റാലിൻ താഴെക്കാണുന്ന പ്രസ്താവനയും പുറപ്പെടുവിച്ചു:

"സ്ലാവുവർഗ്ഗക്കാരുടേയും യൂറോപ്പിൽ അടിമകളാക്കപ്പെട്ടിരിക്കുന്ന ഇതരജനതതികളുടേയും മേൽ ഞങ്ങളുടെ അഭീഷ്ടങ്ങളോ ഞങ്ങളുടെ ഭരണസമ്പ്രദായമോ കെട്ടിവയ്ക്കണമെന്നുള്ള യുദ്ധോദ്ദേശങ്ങൾ ഞങ്ങൾക്കില്ല, ഞങ്ങൾക്കുണ്ടാകുവാൻ കഴിയുന്നതുമല്ല........ അവരുടെ സ്വന്തം രാജ്യങ്ങളിൽ അവർക്കു യുക്തമെന്നു തോന്നുന്ന ജീവിതസമ്പ്രദായങ്ങൾ പരിപൂർണ്ണമായ സ്വാതന്ത്ര്യത്തോടുകൂടി സംവിധാനം ചെയ്യാനുള്ള സാദ്ധ്യതയെ അവർക്കു പ്രദാനംചെയ്യണമെന്നാണ് ഞങ്ങളുടെ ഉദ്ദേശം. ഇതരരാഷ്ട്രങ്ങളുടെ ആഭ്യന്തരകാര്യങ്ങളിൽ യാതൊരുവിധത്തിലും ഞങ്ങൾ കൈകടത്തുന്നതല്ല."

യുദ്ധാനന്തരം സ്റ്റാലിൻ നടത്തിയിട്ടുള്ള കൈയേററങ്ങളും ആക്രമണങ്ങളും എവിടെ, സ്റ്റാലിൻ്റെ പ്രസ്തുത പ്രഖ്യാപനം എവിടെ? യുദ്ധകാലത്തു വലിയ ഒച്ചപ്പാടോടുകൂടി സ്റ്റാലിൻ പിരിച്ചുവിട്ട കൊമിൻടേൺ സംഘടന തത്തുല്യമായ ഒച്ചപ്പാടോടുകൂടിത്തന്നെ യുദ്ധാനന്തരം, 1947-ൽ, അദ്ദേഹം പുനരുദ്ധരിച്ചു. കൊമിൻടേൺ എന്ന പേരുമാററി കൊമിൻഫാം എന്ന പേർ സംഘടന സ്വീകരിച്ചുവെന്നുമാത്രമേ വ്യത്യാസമുള്ളൂ.

## സോവ്യററു റഷ്യയുടെ അക്രമപരമായ സാമ്രാജ്യദുർമ്മോഹം

യുദ്ധകാലത്തേക്കായി അമേരിക്കയുടെ വ്യാവസായികശക്തിസംഭരണം പ്ലാൻ ചെയ്യുന്നതിൽ മേധാവിത്വം വഹിക്കുന്ന മിസ്റ്റർ സിമിംഗ്ടൺ ഇക്കഴിഞ്ഞ സെപ്റ്റംബർ 4-ാംനു ചിക്കാഗോയിൽവച്ച് ഒരു തൊഴിലാളിമീററിംഗിൽ സോവ്യററ്റഷ്യയുടെ യുദ്ധാനന്തരമുള്ള അക്രമപരമായ സാമ്രാജ്യദുർമ്മോഹപ്രവർത്തനങ്ങളെ വിവരിച്ചതിങ്ങനെയാണ്:—

"സോവ്യററുകാർ അവരുടെ സ്വന്തം കര, കടൽ, വിമാനസൈന്യശക്തിയെ അനുസ്യൂതം വർദ്ധിപ്പിച്ചുകൊണ്ടിരിക്കുകയാണ്; അപ്രകാരംതന്നെ അവരുടെ ആററംബോമ്പു ശേഖരണവും അവ പ്രയോഗിക്കുവാനുള്ള യന്ത്രസജ്ജീകരണവും വർദ്ധിപ്പിച്ചുകൊണ്ടിരിക്കുന്നു. ലോകം പിടിച്ചടക്കുവാനുള്ള അവരുടെ പദ്ധതിക്കനുസൃതമായി സമസ്തവും ഇപ്പോൾ നടക്കുന്നതായി കാണപ്പെടുന്നു. അവരുടെ അന്തിമലക്ഷ്യത്തിലേക്കു ദ്രുതഗതിയിൽ പുരോഗമിക്കുവാൻ സ്വീകരിച്ചിരിക്കുന്ന നടപടികളിൽ ചിലതാണ് താഴെപ്പറയുന്നത്. (1) ഇക്കഴിഞ്ഞ പത്തുവർഷങ്ങളിൽ കമ്മ്യൂണിസ്റ്റുകാരോ കമ്മ്യൂണിസ്റ്റ് നിയന്ത്രണത്തിലുള്ളതോ ആയ ലോകത്തിലെ ജനങ്ങൾ ഏകദേശം 1880 ലക്ഷത്തിൽനിന്നു 8000 ലക്ഷത്തിലധികമായി വർദ്ധിച്ചിരിക്കുന്നു. (2) ലോകത്തിലെ പ്രധാനപ്പെട്ട മിക്കവാറും എല്ലാരാജ്യങ്ങളിലും കമ്മ്യൂണിസ്റ്റുകാരുടെ സ്വാധീനത്തിൽ സുസംഘടിതവും സുശിക്ഷിതവും സൈനികവുമായ ന്യൂനപക്ഷം ജനങ്ങൾ ഇപ്പോഴുണ്ട്; ഇവർ അവരവരുടെ രാജ്യങ്ങളിലെ പ്രജായത്തഗവൺമെൻറുകൾ അനുവദിക്കുന്ന സഹിഷ്ണുതയിൽനിന്നു പരമാവധി മുതലെടുക്കുന്നു; ഒരു പൊതുവായ യുദ്ധം ആരംഭിക്കുമ്പോൾ ഈ പ്രജായത്തരാജ്യങ്ങളിൽ ഏററവും ഭയങ്കരമായ നശീകരണപ്രവൃത്തികൾ നടത്തണമെന്നാണ് ഇവരുടെ ഉദ്ദേശം. (3) സമർത്ഥവും നിരന്തരവും സുനിശ്ചിതവുമായ പ്രചരണംവഴിയായി, ഡെമോക്രസിയെക്കാൾ തങ്ങൾക്കു കൂടുതൽ ഗുണകരമായ ഭരണസമ്പ്രദായം കമ്മ്യൂണിസമാണെന്ന വിശ്വാസം, ലോകത്തിൽ അധികഭാഗം ജനങ്ങളിലും ഇപ്പോൾ ഉളവാക്കിയിരിക്കുന്നു. സോവ്യററുകാർക്ക്, അവരുടെ രാജ്യത്തിനു വെളിയിൽ, കമ്മ്യൂണിസത്തിനുവേണ്ടി സമരംചെയ്യുവാൻ, സുശിക്ഷിതരായ ലക്ഷോപലക്ഷം ആളുകളുണ്ട്. തൽഫലമായി, തങ്ങളുടെ സ്വന്തം സൈന്യങ്ങളെ ഉപയോഗപ്പെടുത്താതെതന്നെ, ഡെമോക്രസി രാജ്യങ്ങളുടെ രക്തം വാർന്നൊട്ടുവാൻ അവർക്കിനിയും കഴിയുന്നതാണ്. അടുത്തുകഴിഞ്ഞ വർഷങ്ങളിലെ ഈ സംഭവവികാസങ്ങൾ ശ്രദ്ധിച്ചിട്ടുള്ളവർക്കറിയാം, ഇപ്പോഴത്തെ ലോകസ്ഥിതി ഏററവും അപകടകരമാണെന്ന്. കൊറിയാ നമ്മെ എന്തെങ്കിലും പഠിപ്പിച്ചിട്ടുണ്ടെങ്കിൽ അതു് ഈ പാഠമാണ്: ഇനിഒരാക്രമണം ഉണ്ടാകുന്നതുവരെ, പ്രസ്തുതാക്രമണത്തെ നേരിടുവാൻ സൈന്യസന്നാഹം ശേഖരിക്കുന്ന കാര്യത്തിൽ, സമാധാനകാംക്ഷികളായ ഡെമോക്രസിരാജ്യങ്ങൾക്കു കാത്തിരിക്കുവാൻ പാടില്ലെന്നുള്ളതാണത്."

ഈ അമേരിക്കൻ നേതാവിൻ്റെ വാക്കുകൾ അതിവർണ്ണനങ്ങളല്ലെന്നു കഴിഞ്ഞ പത്തുപന്ത്രണ്ടുകൊല്ലങ്ങൾക്കുള്ളിൽ റഷ്യ നടത്തിയിട്ടുള്ള ആക്രമണങ്ങളെപ്പററി അറിവുള്ളവരാരാണ് സമ്മതിക്കാത്തത്? കഴിഞ്ഞ യുദ്ധം തുടങ്ങുന്നതിനുമുൻപും അതിനിടയിലും ഫിൻലൻറ്, എസ്റ്റോണിയ, ലാററ്വിയാ, ലിത്തുവാനിയ എന്നീ ബാൾട്ടിക് രാജ്യങ്ങളേയും, യുദ്ധത്തിനിടയിൽ പോളൻറിനേയും, യുദ്ധാനന്തരം ഹങ്കറി, റുമേനിയ, ബൾഗേറിയ, യൂഗോസ്ലാവിയ, അൽബേനിയ, കിഴക്കേ ജർമ്മനി, ചെക്കൊസ്ലോവാക്കിയ എന്നീ ബാൾക്കൻസിലേയും മദ്ധ്യയൂറോപ്പിലേയും രാജ്യങ്ങളേയും സൈനികഭീഷണിയാലും തന്ത്രപ്രയോഗങ്ങളാലും സോവ്യററു റഷ്യ പിടിച്ചടക്കി സ്വാധീനത്തിൽ വച്ചിരിക്കുന്നതും ആ രാജ്യങ്ങളിലെല്ലാം കമ്മ്യൂണിസ്റ്റ് ഭരണം ഏർപ്പെടുത്തിയിരിക്കുന്നതും ലോകപ്രസിദ്ധമല്ലയോ? സ്റ്റാലിൻ്റെ അഞ്ചാംപത്തികൾ ഇപ്പറഞ്ഞരാജ്യങ്ങളിലെല്ലാം ഉണ്ടായിരുന്നെന്നും, മററുസകല രാജ്യങ്ങളിലും ഇപ്പോളുണ്ടെന്നും ആരാണ് നിഷേധിക്കുക? കഴിഞ്ഞ ലോകമഹായുദ്ധത്തിനു വളരെമുമ്പ് സാർവലൗകികവിപ്ലവത്തെ ലക്ഷ്യമാക്കിയുള്ള സ്കൂളുകൾ മോസ്കോയിൽ സ്ഥാപിക്കപ്പെട്ടു. യൂറോപ്പിലും അമേരിക്കായിലും ഏഷ്യയിലും നിന്നു കമ്മ്യൂണിസ്റ്റ് പാർട്ടിയംഗങ്ങളെ വരുത്തി അവർക്കു മാർക്സിസത്തിൽ പ്രത്യേകപരിശീലനം ആസ്കൂളുകളിൽനൽകിക്കൊണ്ടിരുന്നു. അവയിലെ ബിരുദധാരികളാണ് സോവ്യററു റഷ്യയുടെ ഉപഗ്രഹങ്ങളായിത്തീർന്ന രാജ്യങ്ങളിൽ അധികാരം പിടിച്ചെടുത്തതും ഭരണം നടത്തിക്കൊണ്ടിരിക്കുന്നതും. യൂഗോസ്ലാവിയായിലെ ടിറേറായും, ഹങ്കറിയിലെ റക്കോസിയും, ചെക്കൊസ്ലൊവാക്കിയായിലെ ഗൊട്ടവാൾഡും, ചൈനായിലെ മാവോ ചാററ്സുംഗും ഇതിനുദാഹരണങ്ങളാണ്. റുമേനിയായിലേയും ഹങ്കറിയിലേയും മററും കമ്മ്യൂണിസ്റ്റ് നേതാക്കന്മാർ അധികവും ആ നാട്ടുകാർപോലുമല്ല. സോവ്യററുറഷ്യക്കെതിരായി യുദ്ധം പൊട്ടിപ്പുറപ്പെട്ടാൽ തങ്ങൾ റഷ്യയുടെ ഭാഗത്തു ചേർന്നു സമരംചെയ്യുമെന്നു ഫ്രാൻസിലേയും ഇററലിയിലേയും അമേരിക്കയിലേയുംമററും കമ്മ്യൂണിസ്റ്റ് നേതാക്കന്മാർ പരസ്യമായി പ്രസ്താവിക്കുവാൻ മടിച്ചിട്ടില്ലെന്നും പ്രസിദ്ധമാണ്. ഇക്കാരണങ്ങളാൽ സോവ്യററു റഷ്യ സാമ്രാജ്യദുർമ്മോഹത്താൽ പ്രേരിതമാണെന്നും, ഇതരരാഷ്ട്രങ്ങളുടെ സ്വാതന്ത്ര്യത്തെ അവർ ബഹുമാനിക്കുകയില്ലെന്നും, അവരുടെ ആക്രമണപരമായ സംരംഭത്തെ നേരിടുവാൻ സൈനികശക്തിതന്നെ വേണ്ടിവരുമെന്നും ബോദ്ധ്യപ്പെട്ട് പാശ്ചാത്യപ്രജായത്തരാജ്യങ്ങൾ പരസ്പരം ഉടമ്പടികളിൽ ഏർപ്പെടുകയും സകല കഴിവുകളും പ്രയോഗിച്ച് ആയുധീകരണം വർദ്ധിപ്പിക്കുവാൻ ശ്രമിക്കുകയും ചെയ്യുന്നതിൽ അത്ഭുതപ്പെടുവാനുണ്ടോ?

## സ്വാതന്ത്ര്യമോ അടിമത്തമോ എന്നാണു പ്രശ്നം

യുദ്ധാനന്തരം സോവ്യററ് റഷ്യയുടെ അക്രമപരമായ ഏതാദൃശനടപടികൾ പാശ്ചാത്യരാജ്യങ്ങൾ ഭയത്തോടും സംശയത്തോടുംകൂടി വീക്ഷിക്കാൻ തുടങ്ങിയതിൻ്റെ ഫലമായി സോവ്യററു റഷ്യയും അവരുടെ പിടിയിലമർന്നിരിക്കുന്ന രാജ്യങ്ങളും ഒരു ചേരിയിലും, അമേരിക്കായുടെ നേതൃത്വത്തിൽ പരസ്പരം ഉടമ്പടികൾ ചെയ്തു പ്രതിരോധനത്തിനു സന്നാഹം കൂട്ടുന്ന പാശ്ചാത്യരാജ്യങ്ങൾ വേറൊരു ചേരിയിലും തിരിഞ്ഞു നില്ക്കുന്നതായിട്ടാണ് ഇൻഡ്യാ മുതലായ ഏഷ്യൻ രാജ്യങ്ങൾ വീക്ഷിക്കുന്നത്. ഈ വീക്ഷണത്തിൽ സാരമായ ആശയക്കുഴപ്പം അന്തർഭവിച്ചിട്ടില്ലയോയെന്നു സംശയിക്കേണ്ടിയിരിക്കുന്നു. അമേരിക്കൻ ചേരിയെ ക്യാപ്പിററലിസ്റ്റ് സാമ്പത്തികവ്യവസ്ഥിതി സ്വീകരിക്കുന്ന രാജ്യങ്ങളായും റഷ്യൻ ചേരിയെ കമ്മ്യൂണിസ്റ്റ് സാമ്പത്തിക വ്യവസ്ഥിതി സ്വീകരിക്കുന്ന രാജ്യങ്ങളായും സാമാന്യമായി പരിഗണിക്കുന്നു. ഈ രണ്ടു ചേരികളിലും, അവർ തമ്മിൽ നടക്കുന്ന "ശീതയുദ്ധ"ത്തിലും, ചേരാതെ നിഷ്പക്ഷരായി ഒഴിഞ്ഞുമാറിനില്ക്കുവാനാണ് ഇൻഡ്യ ഉൾപ്പെടെയുള്ള ഏഷ്യൻ രാജ്യങ്ങളുടെ ആഗ്രഹം. എന്നാൽ രണ്ടു ചേരികളുടേയും തിരിവിനടിസ്ഥാനമായിരിക്കുന്ന ആദർശം സാമ്പത്തികം മാത്രമാണോ? അതോ അതിനെക്കാൾ സാരമായ, മനുഷ്യജീവിതത്തെ ഗാഢമായി സ്പർശിക്കുന്ന, മൗലികങ്ങളായ മനുഷ്യാവകാശങ്ങളെ സംബന്ധിച്ചുള്ള ആദർശമാണോ? ഈ ചോദ്യത്തിനുത്തരം നൽകുവാൻ, അഖിലലോകവിദ്യാർത്ഥി (ക്രിസ്ത്യൻ) ഫെഡറേഷൻ്റെ സെക്രട്ടറി ഡോക്ടർ വിൻബേൺ (Winburn) തോമസ് ഡൽഹി റോട്ടറിക്ലബ്ബിൽവച്ചു കഴിഞ്ഞ സെപ്റ്റംബർ 7-ാംനു ചെയ്ത പ്രസ്താവം സഹായകമാണ്. അദ്ദേഹം പറഞ്ഞു:-

"കൊറിയായിലെ സ്ഥിതിഗതികളെ കേവലം വടക്കരും തെക്കരും തമ്മിലുള്ള യുദ്ധമായി പരിഗണിച്ചുകൂടാ. കൊറിയായിൽ സംഭവിച്ചത്, സോവ്യററു യൂണിയനും യു. എസ്. എ. യും തമ്മിലുള്ള ശീതയുദ്ധം ഉഷ്ണയുദ്ധമായി പരിണമിച്ചതാണ്. ഇൻഡ്യാക്കാരായ നിങ്ങൾക്ക് അതിഷ്ടമായിരിക്കുകയില്ല. എനിക്കും അതിഷ്ടമല്ല. എന്നാൽ വാസ്തവത്തിൽ, ഇന്നു ലോകത്തിൽ രണ്ടു രാക്ഷസന്മാരുണ്ട്; അവർ മരണസമരത്തിൽ ഏർപ്പെട്ടിരിക്കുകയുമാണ്. അതിൻ്റെ സ്വഭാവം നാം തിരിച്ചറിയുന്നതുകൊള്ളാം. എങ്കിലേ പരമാർത്ഥതയോടുകൂടി നമുക്കു പെരുമാറുവാൻ സാധിക്കുകയുള്ളു; ഈ ശക്തികളിൽ ഏതിനോടാണു നമുക്കേററവുമധികം സാധർമ്മ്യമുള്ളതെന്നു പഠിക്കാനും കഴികയുള്ളു. ലെനിൻ പറഞ്ഞു, മോസ്കോയിൽനിന്നു പാരീസിലേക്കുള്ള റോഡ് പെക്കിംഗിലും ഷാൻകായിലും കൽക്കട്ടായിലുംകൂടിയാണു പോകുന്നതെന്ന്. ഈ റോഡു ഷാൻകായും കാൻടണുംവരെയും, ഫ്രഞ്ച് ഇൻഡോ ചൈനായിൽക്കൂടിയും, ഇപ്പോൾ പണിതു കഴിഞ്ഞിരിക്കുകയാണ്. രണ്ടു കൊല്ലമായി ബർമ്മീസ് ഗവൺമെൻറ് ബർമ്മായിലെ കമ്മ്യൂണിസ്റ്റ് കക്ഷികളുമായി പൊരുതിക്കൊണ്ടിരിക്കുന്നു. അമേരിക്കായുടെ കരങ്ങൾ എല്ലായ്പ്പോഴും നിർമ്മലങ്ങളായിരുന്നെന്നു ഞാൻ പറയുകയില്ല. എന്നാൽ, ഏകദേശം 6 ആഴ്ചക്കുമുമ്പ് ബർലിനിൽ കൂടിയ സാംസ്കാരികസ്വാതന്ത്ര്യ

ത്തിൻ്റെ കോൺഗ്രസ്സ് ചൂണ്ടിക്കാണിച്ചപോലെ, ലോകത്തിലെ വിവാദവിഷയം കമ്മ്യൂണിസവും ക്യാപ്പിറ്റലിസവും തമ്മിലുള്ളതല്ല. ആ കോൺഗ്രസ്സിൽ സന്നിഹിതരായിരുന്ന ഇടതുപക്ഷക്കാരായ ഒരുനൂറു എഴുത്തുകാർ പ്രസ്താവിച്ചപോലെ, യഥാർത്ഥവിവാദവിഷയം പരിപൂർണ്ണമായ ക്രൂരഭരണവും ഏറക്കുറെയുള്ള സ്വാതന്ത്ര്യവും തമ്മിലാണ്. ഈ സമരത്തിൽ നാം ഏതു ഭാഗത്താണെന്നു നിർണ്ണയിക്കേണ്ടതു നമ്മുടെ കർത്തവ്യമാണ്."

## അമേരിക്കൻ സ്വാതന്ത്ര്യവും റഷ്യൻ അടിമത്തവും

ഇൻഡ്യൻ ഭരണഘടനയിൽ ഏതു പൗരൻ്റെയും മൗലികാവകാശങ്ങൾ ഉൾക്കൊള്ളിക്കുകയും അവ ഭദ്രമായിരിക്കത്തക്കവ്യവസ്ഥകൾ ചേർക്കുകയും ചെയ്തിട്ടുണ്ടല്ലോ. ഈ ഭരണഘടന അമേരിക്കൻ ഭരണഘടനയുടെ മാതൃകയനുസരിച്ചുള്ളതാണെന്നു് അതിൽത്തന്നെ സമ്മതിച്ചിട്ടുള്ളതും, ഇൻഡ്യൻ പ്രധാനമന്ത്രി അമേരിക്കൻ നിയമസഭകളുടെ സംയുക്തസമ്മേളനത്തിൽ പ്രഖ്യാപിച്ചിട്ടുള്ളതുമാണ്. അമേരിക്കയിലെ ഇൻഡ്യൻ സ്ഥാനപതിയായ മിസ്സസ്സ് വിജയലക്ഷ്മി പണ്ഡിററ് 1949 മേയ് 12-ാംനു തൻ്റെ നിയമനാധികാരപത്രം പ്രസിഡൻറു് ട്രൂമനു സമർപ്പിച്ചയവസരത്തിൽ ആ മഹതി ചെയ്ത പ്രസ്താവനയിൽ, ഇൻഡ്യയും അമേരിക്കയും പ്രഗാഢം സഹകരിച്ചു സാധിക്കേണ്ട ലക്ഷ്യം "ലോകത്തിൽ സമാധാനവും ഐശ്വര്യവും ഡെമൊക്രാററിക് സ്വാതന്ത്ര്യവും സംരക്ഷിക്കുക"യാണെന്നാണ് പറഞ്ഞിരുന്നതു്. ട്രൂമൻ്റെ മറുപടിപ്രസ്താവനയിൽ, 'നമ്മുടെ സ്വന്തവും പരസ്പരവുമായ താല്പര്യങ്ങളുടെ അഭിവൃദ്ധിക്കുവേണ്ടി മാത്രമല്ല, അതിലും പ്രധാനമായി ന്യായമായ സമാധാനവും സുബദ്ധമായ അഭിവൃദ്ധിയും ഡെമൊക്രാററിക് സ്വാതന്ത്ര്യവും ലോകമാസകലം കൈവരുത്തുവാൻ കഴിവുള്ള സകല സഹായങ്ങളും ഇൻഡ്യയോടു സുദൃഢം സഹകരിച്ചു പ്രദാനം ചെയ്യുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു" എന്നും പറഞ്ഞിരുന്നു.

ബ്രിട്ടീഷ് ലേബർപാർട്ടിയുടെ എക്സിക്യൂട്ടീവുകമ്മിററി പ്രസിഡൻറായിരുന്ന (പരേതനായ) പ്രൊഫസർ ലാസ്കി കഴിഞ്ഞ യുദ്ധകാലത്തു പാർട്ടിയുടെ ഒരു പ്രതിനിധി സംഘത്തിൻ്റെ നേതൃത്വം വഹിച്ചു മോസ്കോയിൽപ്പോയി മടങ്ങിയ ശേഷം, മദ്രാസിലെ "ഇൻഡ്യൻ എക്സ്പ്രസ്സ്" പത്രത്തിൽ എഴുതിയ ലേഖനത്തിൽ റഷ്യൻ അടിമത്തത്തെ വിവരിച്ചതിൽ ഒരു ഭാഗം ഇങ്ങനെയായിരുന്നു:

"റഷ്യ ഒരേ ഒരു പാർട്ടിമാത്രമുള്ള രാഷ്ട്രമാണ്. അവിടെ ഒരുത്തർക്കും മററാരു രാഷ്ട്രീയകക്ഷി രൂപീകരിക്കാൻ ശ്രമിക്കാവുന്നതല്ല. അങ്ങനെ ചെയ്യുന്നതു്, ഫലത്തിൽ, രാഷ്ട്രത്തിനെതിരായ ദ്രോഹമായി കുററാരോപണം ചെയ്യപ്പെടും. . . . രാഷ്ട്രത്തിലെ ജീവനാഡികളായ ഉദ്യോഗങ്ങൾ സമസ്തവും കമ്മ്യൂണിസ്റ്റ്പാർട്ടി അംഗങ്ങളാണു വഹിക്കുന്നതു്. ജീവനാഡികളായ സകല പ്രവർത്തനപദ്ധതികളും അവരാണ് നിർണ്ണയിക്കുന്നതു്. പാർട്ടിയുടെ വിശ്വസ്തനേതാക്കന്മാരുടെ വലയത്തിനു പുറത്തുള്ള മററാർക്കും ആ പ്രവർത്തനപദ്ധതികളെ ചോദ്യംചെയ്യാവുന്നതല്ല. റഷ്യയിലെ ഭരണാധികാരികൾ എന്ന നിലയിൽനിന്നു കമ്മ്യൂണിസ്റ്റ്പാർട്ടിയെ നൈയാമികമായി നീക്കംചെയ്യാവുന്ന യാതൊരു പരിതസ്ഥിതിയും ഇപ്പോൾ അവിടെ ഇല്ല... പ്രാഥമിക പൗരാവകാശങ്ങളായി നാം ഗണിക്കുന്നവയുടെയെല്ലാം അഭാവം പ്രസ്തുത ഭരണസമ്പ്രദായത്തിൻ്റെ വിലക്ഷണതയെ വർദ്ധിപ്പിക്കുന്നു. ഹേബിയസ് കോർപ്പസ്സ് (Habeas Corpus) എന്ന ഉത്തരവു കോടതിയിൽനിന്നു സമ്പാദിക്കാമെന്നു് ആർക്കും ഉറപ്പില്ല. പ്രസിദ്ധീകരണസ്വാതന്ത്ര്യത്തിൻ്റെയോ സംഘടനാസ്വാതന്ത്ര്യത്തിൻ്റെയോ അവകാശം ആർക്കും ഇല്ല. റഷ്യക്കു വെളിയിലുള്ളവരുമായോ, റഷ്യയിൽത്തന്നെയുള്ള വിദേശികളുമായോ നേരിട്ടു സമ്പർക്കത്തിലേർപ്പെടുന്ന ആരെയും അവിടെ ആഴമായി സംശയിക്കും."

സോവ്യററുറഷ്യയുടെ പിടിയിലമർന്നിരിക്കുന്ന ഇതരരാജ്യങ്ങളിലും ഇതേ അടിമത്തംതന്നെയാണുള്ളതു്. ബ്രിട്ടീഷ് പ്രധാനമന്ത്രി മിസ്റ്റർ ആററ്ലി 1947 ജൂൺ 21-ാംനു യാർക്ക്ഷെയറിലെ ഖനനത്തൊഴിലാളികളുടെ ഭീമമായ പ്രകടനത്തിൽവച്ചു ചെയ്ത പ്രസംഗത്തിൽ ഇപ്രകാരം പ്രസ്താവിച്ചു:—

"കിഴക്കേ യൂറോപ്പിലെ പല രാജ്യങ്ങളിലും മനുഷ്യരുടെ ജന്മാവകാശങ്ങൾ നിഷേധിക്കപ്പെട്ടിരിക്കുകയാണെന്നും, ആ രാജ്യങ്ങളിലെ ഗവമ്മെൻ്റുകളെ ജനാധിപത്യങ്ങളെന്നു വിളിക്കുന്നതു് ആ പദത്തിൻ്റെ പരിഹാസപരമായ പ്രയോഗമാണെന്നുമുള്ളതിൽ എനിക്കൊരു സംശയവുമില്ല. പ്രതിപക്ഷപാർട്ടിയുടെ അവകാശത്തെ എവിടെയൊക്കെ നിഷേധിക്കുന്നുവോ, തെരഞ്ഞെടുപ്പിനുള്ള സ്ഥാനാർത്ഥികളുടെ ഒരേ ഒരു പട്ടികമാത്രം സ്വീകരിക്കപ്പെടുന്ന തന്ത്രം എവിടെയൊക്കെക്കാണുന്നുവോ, നിലവിലിരിക്കുന്ന ഗവമ്മെൻ്റിനെ ബാലററുപെട്ടി (തിരഞ്ഞെടുപ്പു്) വഴിയായി നീക്കംചെയ്യാൻ സാദ്ധ്യമല്ലാത്തതു് എവിടെയൊക്കെയാണോ, അവിടെയൊന്നും യഥാർത്ഥമായ പ്രജാധിപത്യമില്ല; യഥാർത്ഥമായ സ്വാതന്ത്ര്യവുമില്ല."

### മിസ്റ്റർ ഷൺമുഖത്തിൻ്റെ അഭിപ്രായം

പഴയ കൊച്ചിദിവാനായ, ഇൻഡ്യായൂണിയൻ ഗവമ്മെൻ്റിലെ ധനകാര്യമന്ത്രിയായിരുന്ന, മി. ഷൺമുഖംചെട്ടി മദ്രാസ് ലൊയോളാ കാളേജ് സാമ്പത്തികസമിതിയുടെ ആഭിമുഖ്യത്തിൽ കഴിഞ്ഞ സെപ്റ്റംബർ 8-ാംനു കൂടിയ യോഗത്തിൽ ഇൻഡ്യയിലെ ഇപ്പോഴത്തെ സ്ഥിതിഗതികളെ പരാമർശിച്ചു പ്രസംഗം ചെയ്തു. വിദേശമൂലധനം ഇൻഡ്യക്കാവശ്യകമാണെന്നു വിശദീകരിച്ചതിനിടയിൽ അദ്ദേഹമിപ്രകാരം പ്രസ്താവിച്ചു:-

"മൂലധനം നിക്ഷേപിക്കുവാൻ മുന്നോട്ടുവരുന്നതിൽ അമേരിക്കയുടെ ഉദ്ദേശം കമ്മ്യൂണിസത്തിനെതിരായി ഒരു പ്രതിരോധനനിര കെട്ടിപ്പടുക്കുവാനാണ്. റഷ്യൻ കമ്മ്യൂണിസത്തെ സംബന്ധിച്ചു് ഇൻഡ്യ ഇതുവരെയും ഔദ്യോഗികമായി ഒരു നയപ്രഖ്യാപനവും ചെയ്തിട്ടില്ല. നാം ദൃഢമായ അഭിപ്രായം രൂപീകരിക്കണം. ഇതിൽ ഏതെങ്കിലും വിട്ടുവീഴ്ച്ചയ്ക്കോ, പകുതിവഴിവരെയുള്ള പ്രയാണത്തിനോ അശേഷം സ്ഥാനമില്ല. കമ്മ്യൂണിസത്തിൻ്റെ രൂപത്തിലുള്ള റഷ്യൻ സാമ്രാജ്യദുർമ്മോഹമാണ് ലോകത്തിലെ സകല ഡെമോക്രസി രാജ്യങ്ങളെയും ഭീഷണിപ്പെടുത്തിക്കൊണ്ടിരിക്കുന്ന ഏററവും വലിയ വിപത്തെന്നു് നാം ശരിക്കു ഗ്രഹിക്കുന്നുണ്ടോ, ഇല്ലയോ? ഇന്നു കമ്മ്യൂണിസമെന്നു പറഞ്ഞാൽ, ഒരു പുതിയ സാമ്പത്തികസമ്പ്രദായത്തിൻ്റെ സ്ഥാപനമെന്നുമാത്രമല്ല അർത്ഥം; പിന്നെയോ അതു ബാധിക്കുന്ന രാജ്യം രാഷ്ട്രീയകാര്യങ്ങളിൽ മോസ്കോയുടെ സ്വേച്ഛരാനുശാസനങ്ങൾക്കു വിധേയമായിരിക്കുമെന്നാണർത്ഥം. കമ്മ്യൂണിസത്തിൻ്റെ ഈ ആന്തരാർത്ഥം നാം ശരിക്കു മനസ്സിലാക്കുന്നെങ്കിൽ, കമ്മ്യൂണിസത്തിൻ്റെ വേഷത്തിലുള്ള റഷ്യൻ സാമ്രാജ്യദുർമ്മോഹത്തിനെതിരായി നാം ഉറച്ചുനില്ക്കുകയാണെന്നു പ്രഖ്യാപിക്കേണ്ടതു നമ്മുടെ കർത്തവ്യമല്ലയോ? നിഷ്പക്ഷരായി നില്ക്കുകയാണെന്നും അധികാരപ്രമത്തമായ രണ്ടു ചേരികളിൽ ഒന്നിലും ചേരുകയില്ലെന്നും എത്രവളരെ പറഞ്ഞതുകൊണ്ടും നാം ഒരിടത്തും ചെന്നെത്തുകയില്ല. അമേരിക്കരുടേയും ബ്രിട്ടീഷുകാരുടേയും നയങ്ങൾ റഷ്യൻസാമ്രാജ്യദുർമ്മോഹത്തോളംതന്നെ ലോകത്തിനു വിപൽക്കരമാണെന്നാണോ നാം ധരിക്കേണ്ടതു? ഇത്തരം പറച്ചിലിൻ്റെ യഥാർത്ഥമായ അർത്ഥം, നമ്മുടെ വിദേശനയത്തെപ്പററി നമ്മുടെ മനസ്സിൽത്തന്നെ ആശയക്കുഴപ്പമുണ്ടെന്നാണ്. വിദേശകാര്യങ്ങളിൽ നമ്മുടെ ആദ്യത്തെ സംരംഭം അതായതു്, കൊറിയൻ തർക്കത്തിൽ പ്രധാനമന്ത്രി മാദ്ധ്യസ്ഥം വഹിക്കാൻ ഒരുക്കമാണെന്നുവച്ചതു്, നമ്മുടെ നിലയുടെ വല്ലായ്മയെ വെളിപ്പെടുത്തി. റഷ്യാ പിണങ്ങിയേക്കുമെന്നുള്ള ഭയം നമ്മുടെ മനസ്സിൽനിന്നു വിട്ടുപോകുന്നില്ലെന്നു തോന്നിച്ചു. ഏഷ്യയിലെ ഏററവും വലിയ രാജ്യമെന്ന നിലയിൽ, ഇത്തരം നില നാം സ്വീകരിക്കുന്നതു ശരിയല്ലെന്നാണ് എൻ്റെ അഭിപ്രായം."

കമ്മ്യൂണിസത്തിൻ്റെയും അതു ലോകമാകെ പ്രചരിപ്പിക്കുവാൻ എന്തക്രമവും സ്വീകരിക്കുന്നതിനു തയാറായിരിക്കുന്ന റഷ്യൻ സാമ്രാജ്യദുർമ്മോഹത്തിൻ്റെയും ശരിയായ സ്വഭാവം തത്വങ്ങൾ പഠിച്ചും സംഭവഗതികൾ പരിശോധിച്ചും നാം ശരിക്കു മനസ്സിലാക്കിയിരുന്നെങ്കിൽ!!

## സത്യദീപം വരിസംഖ്യ

| | | |
|---|---|---|
| പ്രതിവർഷം അഞ്ചൽ | ക. | 6—0—0 |
| പ്രതിവർഷം തപാൽ | " | 6—8—0 |
| ഇൻഡ്യക്കു പുറമെ | " | 8—0—0 |
| ഒററപ്രതി | | 0—2—0 |

## അടുത്തയാഴ്ചയിൽ

ഒക്ടോബർ

1 ഞാ: പന്തക്കുസ്താ 18-ാം ഞായർ കൊന്തമാതാവ്

2 തി: കാവൽമാലാഖാ

3 ചൊ: കൊച്ചുത്രേസ്യ

4 ബു: ഫ്രാൻസിസ്സോസ് അസ്സീസി

5 വ്യാ: പ്ലാസിദോസും കൂട്ടരും

6 വെ: ബ്രൂനോ

7 ശ: മർക്കോസ്




കോടിമതം: ശ്രീ പള്ളിക്കാപറമ്പിൽ വക്കി മാണി ഒരു വെള്ളിക്കുരിശു് പള്ളിക്കു സംഭാവനചെയ്തിരിക്കുന്നു.

—അതിരമ്പുഴ വിൻസെൻറ് ഡി പോൾ സഖ്യത്തിൻ്റെ ആഭിമുഖ്യത്തിൽ സെപ്റ്റംബർ 17-ാംനു ഒസാനാം സൺഡേ ആഘോഷിച്ചിരിക്കുന്നു. തത്സംബന്ധമായി നടത്തിയ പൊതുയോഗത്തിൽ റവ. ഫാ. ജേക്കബ് മാള്യേക്കൽ അദ്ധ്യക്ഷതവഹിച്ചു.

—പ്രവിത്താനം: ലീജിയൻ ഓഫ് മേരി സഖ്യത്തിൻ്റെ വിവിധശാഖകളുടെ ഒരു പൊതുയോഗം സെപ്റ്റംബർ 17-ാംനു റവ. ഫാ. തോമസ് മണ്ണഞ്ചേരിൽ അവർകളുടെ അദ്ധ്യക്ഷതയിൽ കൂടുകയും ശ്രീ കെ. ജെ. മാത്യു ബി. എ. പ്രസംഗിക്കുകയുംചെയ്തു.

—അർത്തുങ്കൽ: സെൻറ് തോമസ് മിഷൻ എയിഡ് ലീഗിൻ്റെ ആഭിമുഖ്യത്തിൽ ഒരു വിശേഷാൽയോഗം സെപ്റ്റംബർ 17-ാംനു റവ. ഫാ. ഇഗ്നേഷ്യസ് വെള്ളരിങ്ങാട്ടു് എസ്. ജെ. എം. എ. അവർകളുടെ അദ്ധ്യക്ഷതയിൽകൂടി. റവ. ഫാ. ജേക്കബ് വെള്ളരിങ്ങാട്ടു്, റവ. ഫാ. കെ. ജെ. സെബാസ്റ്റ്യൻ ബി. എ. എന്നിവർ പ്രസംഗിക്കയുംചെയ്തു.

—തിടനാട്ടു്: ചെറുപുഷ്പമിഷൻ ലീഗിൻ്റെ ആഭിമുഖ്യത്തിൽ സത്യദീപത്തിൻ്റെ 25 പ്രതികൾ അകത്തോലിക്കർക്കായി റിമെയിൽ ചെയ്യുകയും 3 പേർക്ക് ആഫീസിൽനിന്നു നേരിട്ടു് അയപ്പിച്ചുവരികയും ചെയ്യുന്നു.

—കവീക്കുന്നു: കോൺഗ്രസ് ശാഖയുടെ ഒരു പൊതുയോഗം സെപ്റ്റംബർ 10-ാംനു ശ്രീ കുര്യാക്കോസ് ചക്കൻകുളം അവർകളുടെ അദ്ധ്യക്ഷതയിൽകൂടി. ശ്രീ സി. കെ. തോമസ് തദവസരത്തിൽ ഒരു പ്രസംഗംചെയ്തു.

—നരിവേലി: ചെറുപുഷ്പ കോൺഫറൻസിൻ്റെ പ്രഥമവാർഷികം സെപ്റ്റംബർ 3-ാംനു റവ. ഫാ. തോമസ് മണ്ണഞ്ചേരി അവർകളുടെ അദ്ധ്യക്ഷതയിൽ നടത്തിയിരിക്കുന്നു. റവ. ഫാ. ജേക്കബ് ചുണ്ടേവാലേൽ, ശ്രീ സി. എൻ. വക്കി എന്നിവർ പ്രസംഗിച്ചു.

—കാഞ്ഞിരത്താനം: ശ്രീ ജോസഫ് മാത്യു അവർകളുടെ അദ്ധ്യക്ഷതയിൽ സെപ്റ്റംബർ 17-ാംനു കൂടിയ പൊതുയോഗത്തിൽവച്ചു് വിൻസെൻറ് ഡി പോൾ സഖ്യത്തിൻ്റെ ഒരു ശാഖ ഉൽഘാടനം ചെയ്തിരിക്കുന്നു. ശ്രീ മാത്യു പോൾ, ശ്രീ കെ. സി. ചാക്കൊ ബി. എ. എന്നിവർ തദവസരത്തിൽ ഓരോ പ്രസംഗംചെയ്യുകയുണ്ടായി.

—ഭരണങ്ങാനം: ചെറുപുഷ്പമിഷൻ ലീഗിൻ്റെ കൗൺസിൽയോഗം സെപ്റ്റംബർ 10-ാംനു ഡിറക്ടർ റവ. ഫാ. ജെ. മാലിപ്പറമ്പിൽ അവർകളുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. ലീഗ് പ്രസിഡണ്ടായി ബ്രദർ പി. എം. ജോസഫ് ബി. എസ് സി. യും സെക്രട്ടറിയായി ബ്രദർ ഇ സി. ജോസഫും തിരഞ്ഞെടുക്കപ്പെട്ടു. കൂടാതെ ഈ ജൂബിലിവത്സരത്തിൽ ലീഗ് അഖിലകേരളവ്യാപകമാക്കുന്നതിനുവേണ്ടി ഏതാനും സംഘടനാസെക്രട്ടറിമാരേയും തിരഞ്ഞെടുത്തു. ലീഗിനിപ്പോൾ 73 ശാഖകൾ ഉള്ളതായറിയുന്നു.

—കോട്ടയം സേക്രഡ് ഹാർട്ട് മൗണ്ട് ഇംഗ്ലീഷ് ഹൈസ്കൂളിൽ സെപ്റ്റംബർ 20-ാംനു റവ. ഫാദർ സ്റ്റീഫൻ ഊരാളിൽ അവർകളുടെ അദ്ധ്യക്ഷതയിൽ കൂടിയ വിദ്യാർത്ഥിയോഗത്തിൽവച്ചു് വിൻസെൻറു ഡി പോൾ സഖ്യത്തിൻ്റെ ഒരു കോൺഫറൻസ് ഉൽഘാടനം ചെയ്തിരിക്കുന്നു. തദവസരത്തിൽ ശ്രീ മാത്യു പോൾ, ശ്രീ കെ. സി. ചാക്കൊ ബി. എ. എന്നിവർ ഓരോ പ്രസംഗം ചെയ്കയുണ്ടായി.

—മററൂർ: സെപ്റ്റംബർ 24-ാംനു വിൻസെൻറ് ഡി പോൾ സഖ്യത്തിൻ്റെ ഒരു ശാഖ ഉൽഘാടനം ചെയ്തിരിക്കുന്നു.

## ചരമം

തത്തംപള്ളി: പ്രസിദ്ധ ഗായകനായ ശ്രീ വറുഗീസ് ജെ. മാള്യേക്കൽ അവർകളുടെ പിതാവു് ശ്രീ മാള്യേക്കൽ പൗലോസ് ഔസേപ്പു് സെപ്റ്റംബർ 22-ാംനു വാർദ്ധക്യസഹജമായ രോഗം നിമിത്തം നിര്യാതനായിരിക്കുന്നു.

—അമ്മാടം: പെല്ലിശേരി അന്തോനി ഔസേപ്പു് സെപ്റ്റംബർ 21-ാംനു നിര്യാതനായിരിക്കുന്നു.

—തുരുത്തിപ്പുറം: റവ. ബ്രദർ ഫ്രാൻസിസ് പയ്യപ്പിള്ളി ബി. എസ് സി. ഓണേഴ്സ് അവർകളുടെ പിതാവു് ശ്രീ ഔസേപ്പു തൊമ്മൻ സെപ്റ്റംബർ 21-ാംനു നിര്യാതനായിരിക്കുന്നു.

R. I. P.

മരിയൻ കോൺഗ്രസ്

## വേദപാഠക്കളരികൾ

മനുഷ്യൻ ജീവിക്കുന്നതു് അപ്പംകൊണ്ടുമാത്രമല്ലാതെ ദൈവത്തിൻ്റെ വചനംകൊണ്ടുകൂടിയുമാണെന്നു ക്രിസ്തുനാഥൻതന്നെയാണല്ലോ പഠിപ്പിച്ചിട്ടുള്ളതു്... . . . നമ്മുടെ ബാലികാബാലന്മാർ പൂർണ്ണമനുഷ്യരായി ഭവിക്കണമെങ്കിൽ, വീട്ടിനും നാട്ടിനും കൊള്ളത്തക്കവരാകണമെങ്കിൽ, സഭയ്ക്കും സമുദായത്തിനും ഉപകരിക്കത്തക്കവരാകണമെങ്കിൽ, അവർ ദൈവവചനം കേൾക്കേണ്ടിയിരിക്കുന്നു. അതു് അവരെ കേൾപ്പിക്കുന്നതിനുവേണ്ടിയാകുന്നു വേദപാഠക്കളരികൾ എന്നു പറയുമ്പോൾ അവയുടെ പ്രാധാന്യമെന്തെന്നു സിദ്ധിക്കുന്നുണ്ടല്ലോ.

### അവയുടെ ചരിത്രം

ചരിത്രദൃഷ്ട്യാ പരിശോധിക്കുന്നതായാൽ തിരുസ്സഭയുടെ ആദിമകാലങ്ങളിൽ ഈ പ്രസ്ഥാനം ആരംഭിക്കുകയും വിസ്മയനീയമാംവണ്ണം നടത്തപ്പെടുകയുംചെയ്തുകൊണ്ടിരുന്നതായി കാണാം. അക്കാലങ്ങളിൽ "കാരററക്കുമിനി" അല്ലെങ്കിൽ നവശിഷ്യന്മാർ എന്നറിയപ്പെട്ടിരുന്ന ഒരു കൂട്ടരെപ്പററിയുള്ള പ്രസ്താവന തിരുസ്സഭാചരിത്രപക്ഷങ്ങളിൽ കാണപ്പെടുന്നുണ്ടല്ലോ. അതു് അന്നു് ക്രൈസ്തവമതത്തിൻ്റെ ആരംഭപാഠങ്ങൾ അഭ്യസിച്ചിരുന്നവരെ ഉദ്ദേശിച്ചാണ്. ക്രൈസ്തവമതത്തിൻ്റെ മൗലികതത്വങ്ങളും ആചാരമര്യാദകളുമാണ് അവർ പഠിച്ചിരുന്നതു്. അവർ ആദ്യമായി തങ്ങളുടെ അബദ്ധങ്ങളായ തത്വങ്ങളെ ഉപേക്ഷിക്കയും നിഷിദ്ധങ്ങളായ ആചാരങ്ങളെ വർജ്ജിക്കയും, സുശിക്ഷണത്തിനു് വിധേയരാവുകയും ചെയ്യേണ്ടിയിരുന്നു. രണ്ടാമതായി അപ്പസ്തോലന്മാരുടെ വിശ്വാസസംഹിതയുടെ പ്രബോധനം അവർക്കു സ്വീകരിക്കേണ്ടതുമുണ്ടായിരുന്നു. അഗസ്തീനോസ് പുണ്യവാനാണ് ഇതിനൊരു നല്ല പദ്ധതി ക്രമപ്പെടുത്തിയതു്. അതു് പത്താംനൂററാണ്ടുവരെ പ്രചാരത്തിലുമായിരുന്നു.

യൂറോപ്പു മുഴുവനും കത്തോലിക്കാമതമായിരുന്ന മദ്ധ്യമശതകങ്ങളിൽ മതാദ്ധ്യാപനം ചെയ്യുന്ന കാര്യംമുഴുവനും നിർവ്വഹിച്ചിരുന്നതു് ഗൃഹങ്ങളിൽവെച്ചായിരുന്നു. പോരാതെവന്നിരുന്ന ഭാഗം മാത്രമേ പട്ടക്കാരും സന്യാസികളും പരിഹരിക്കുക പതിവായിരുന്നുള്ളു. എന്നാൽ പ്രൊട്ടസ്റ്റൻറു നവീകരണശേഷം പുറപ്പെട്ടുകൊണ്ടിരുന്ന അബദ്ധസമ്മിശ്രമാ

യ ചോദ്യങ്ങൾ എല്ലാററിനും മറുപടിപറകയെന്നതു സാധാരണക്കാരുടെ അറിവിനെ അതിശയിക്കുന്നതായിരുന്നു. ആകയാൽ വൈദികരും, അദ്ധ്യാപകവൃത്തിയിൽ ഏർപ്പെട്ടിരുന്നവരും ഈ കൃത്യം നടത്തേണ്ടതായി വന്നുകൂടി. അനന്തരകാലത്തു ഇടവകപ്പള്ളികളുടെ നേതൃത്വത്തിൽ മതാദ്ധ്യാപകപ്രസ്ഥാനം നിഷ്കൃഷ്ടമായി സംഘടിപ്പിക്കപ്പെടുകയും ക്രമപ്പെടുത്തപ്പെടുകയും ചെയ്യാനിടയായതു്. വിദ്യാലയങ്ങളിൽവച്ചുള്ള മതപഠനത്തിനു ഹാനിതട്ടിയിട്ടുള്ള ആധുനികകാലങ്ങളിൽ സുശിക്ഷിതരായ അദ്ധ്യാപികാദ്ധ്യാപകന്മാരെക്കൊണ്ടു ബ: വികാരിമാരുടെ മേൽനോട്ടത്തിൽ അനുസാധിക്കേണ്ടതാവശ്യം എത്രമാത്രം നേരിട്ടിരിക്കുന്നുവെന്നു് പറയേണമെന്നില്ലല്ലോ.

വേദാദ്ധ്യാപനപദ്ധതികൾ

ക്രിസ്തുവും അവിടുത്തെ ശിഷ്യന്മാരും ഉപയോഗിച്ചിരുന്ന പദ്ധതിയായിരുന്നു ഏററം നല്ലതെന്നു ആദ്യമായി പറഞ്ഞുകൊള്ളട്ടെ. അതു് ഇന്ദ്രിയങ്ങളെ ആകർഷിക്കയും ഭാവനയെ പോഷിപ്പിക്കുകയും ബുദ്ധിയെ വികസിപ്പിക്കുകയും ചെയ്യുന്നതിനു തക്കതായിരുന്നു. അനുഭവവേദ്യങ്ങളും സുപരിചിതങ്ങളുമായ വിഷയങ്ങളെടുത്തു സ്വർഗ്ഗീയവിജ്ഞാനം നൽകിയിരുന്നതിലാണു് അതിന്റെ വൈശിഷ്ട്യം അടങ്ങിയിരുന്നതു്. അതിനെ ആസ്പദമാക്കി സ്വീകരിക്കപ്പെട്ടിട്ടുള്ള നാലു പദ്ധതിയാണു് ഇപ്പോൾ സുപ്രസിദ്ധമായിട്ടുള്ളതു്. 1) സുൾപ്പീസിയൻ (Sulpician) 2) മ്യൂനിച്ച് (Meunich) 3) ആംഗ്ലിക്കൻ (Anglican) 4) അമേരിക്കൻ (A·erican). ഇവയെല്ലാററിനെയും ഇവിടെ വിവരിക്കുന്നതിനു തുടങ്ങിയാൽ ആ ലേഖനത്തിന്റെ പരിധിയെ ലംഘിക്കേണ്ടിവരുമെന്നു ശങ്കിച്ചു പ്രബന്ധകർത്താവിന്റെയും ജിജ്ഞാസുക്കളുടെയും ഗവേഷണത്തിനു വിട്ടുകൊള്ളുന്നു.

കേരളത്തിനു പററിയ പദ്ധതി

മേൽപ്പറഞ്ഞവയെല്ലാം തന്നെ നല്ലവയാണെന്നു പൊതുവായി പറയാം. എങ്കിലും അവ തനിയൂറോപ്യൻ മാതൃകകളാകയാൽ അവയെ അതേപടി കേരളത്തിലേക്കു സ്വീകരിക്കുന്നതു് യുക്തമായിരിക്കുമെന്നു തോന്നുന്നില്ല. ആകയാൽ അവയിൽ ഓരോന്നിൽ-നിന്നു ത്യാജ്യഗ്രാഹ്യവും സ്വീകാര്യാസ്വീകരണവും ചെയ്തു ഒരു കേരളപദ്ധതി രൂപവൽക്കരിക്കുന്നതായിരിക്കും ശ്രേയസ്കരമായിട്ടുള്ളതു. പ്രത്യേകിച്ചു പറയുകയാണെങ്കിൽ വേദോപദേശക്ലാസ്സുകളിൽ കഴിവുള്ളിടത്തോളം ചോദ്യോത്തരങ്ങൾ കുറയ്ക്കുകയും മനഃപാഠം പഠിക്കേണ്ടഭാരത്തെ ലഘൂകരിക്കുകയും ചെയ്യണം. ചിത്രപ്രശ്നങ്ങൾ മുഖേനയുള്ള അദ്ധ്യാപനരീതി കൂടുതലായി അവലംബിച്ചുതുടങ്ങുന്നതു നന്നായിരിക്കും. പാഠ്യവിഷയങ്ങളോടു ബന്ധപ്പെട്ട ഉദാഹരണങ്ങളും ഉപമകളും വേദപുസ്തകത്തിലും തിരുസ്സഭാചരിത്രത്തിലും നിന്നു ധാരാളമായി കണ്ടുപിടിച്ചു് അവയോടുകൂടി ചേർത്തു പഠിപ്പിക്കുവാൻ ശ്രമിക്കേണ്ടതുണ്ടു്. സംഗീതവും സംഭാഷണവും വേദോപദേശക്ലാസ്സുകളിൽ പതിവാക്കണം. ആദ്ധ്യാത്മികവിഷയങ്ങളെ കഴിയുന്നിടത്തോളം സാധനപാഠങ്ങൾ കൊണ്ടു് അനുഭവപ്പെടുത്തുവാനുള്ള ശ്രമം എത്രയും ഫലവത്തായിരിക്കും. ഇവിധങ്ങളിലെല്ലാം ഉല്ലാസപ്രദമായി നടത്തപ്പെടുന്ന ക്ലാസ്സുകളിൽ കുട്ടികളുടെ ഹാജർകാര്യത്തെക്കുറിച്ചെങ്കിലും ക്ലേശിക്കേണ്ടിവരുമെന്നു തോന്നുന്നില്ല.

വിജ്ഞാപനം

ഈ ആസൂത്രണത്തിൽ കൊടുത്തിരിക്കുന്ന പ്രധാനാശയങ്ങളെ ഉൾക്കൊള്ളിച്ചു രചിക്കുന്ന പ്രബന്ധം നവീനമായ ഒരു വേദപാഠപദ്ധതി കേരളത്തിനുവേണ്ടി രൂപവൽക്കരിക്കുന്നതിനുവേണ്ട മാർഗ്ഗനിർദ്ദേശം നൽകുന്ന ഒരു പ്രമേയമായിരിക്കണം. അതിനെ നിരൂപണവിധേയമാക്കുകയും ചെയ്യണമല്ലോ.

(പ്രസിദ്ധീകരണക്കമ്മിററി)

## അറിയിപ്പ്

പോണാട്ട്, ഇടനാട്ട്, വലവൂർ, കുടക്കച്ചിറ എന്നീ സ്ഥലങ്ങളിലെ സത്യദീപം ഏജൻറായി കെ. യു. ജോർജ്ജ്, കണിയാംപറമ്പിൽ അവർകളെ നിയമിച്ചിരിക്കുന്നു.

മാനേജർ

## നിയുക്തമെത്രാന്മാരുടെ പട്ടാഭിഷേകം

ചങ്ങനാശേരി, പാലാ നിയുക്തമെത്രാൻ തിരുമേനിമാരുടെ പട്ടാഭിഷേകം സംബന്ധിച്ച കാര്യങ്ങളെപ്പററി തീരുമാനിക്കുവാൻ നിയുക്തമായ കമ്മിററി സെപ്റ്റംബർ 25-ാംനു ചങ്ങനാശേരിയിൽ വച്ചു കൂടി. തദവസരത്തിൽ മംഗലപ്പുഴ സെമിനാരിയിൽ വച്ചു പട്ടാഭിഷേകം നടത്തപ്പെടണമെന്നാണു് തിരുമേനിമാർ ആഗ്രഹിക്കുന്നതെന്ന വിവരം കമ്മിററിയെ അറിയിക്കുകയുണ്ടായി. ഈ നിർദ്ദേശത്തെ കമ്മിററി സ്വാഗതം ചെയ്തു.

## പിതാവിന്റെ ഫോട്ടോ 12"×9" സൈസിൽ

നമ്മുടെ പിതാവായ കണ്ടത്തിൽ മാർ അഗസ്റ്റീനോസു മെത്രാപ്പോലീത്താ തിരുമേനിയുടെ ഫോട്ടോ പ്രിൻറു ചെയ്തു് 12" × 9" സൈസിൽ അച്ചടിച്ചിട്ടുള്ളവ ക്കു 3ണ. കക്ക വില്പനക്കു തയാർ! ഉടനെ സ്റ്റാമ്പുസഹിതം അപേക്ഷിപ്പിൻ.

കെ. പി.

തോട്ടകം ചർച്ച്, വൈക്കം

അടുത്ത ശനിയാഴ്ച

## പ്രഥമ ചരമവാർഷികം



ശ്രീ തട്ടിൽ മണ്ടി ചുമ്മാർ ദേവസ്സി

(പുത്തമ്പീടിക)

(Father of T D. Joseph, Factory Inspector, Charles Mandy, Asst. Sales Tax Officer, & Simon Mandy, High School teacher)

ജനനം: 15- 5-1887

മരണം: 30-9 1949

"എന്റെ അമ്മേ, എന്റെ ആശ്രയമേ."

R·I·P·

## മാനേജർമാരുടെ സമ്മേളനം

പ്രൈവററു് സെക്കണ്ടറിസ്കൂൾ ക്രിസ്ത്യൻ മാനേജർമാരുടെ ഒരു കോൺഫറൻസു് സെപ്റ്റംബർ 22-ാംനു തിരുവല്ലാ മാർത്തോമ്മാസഭാ കൗൺസിൽ ഹാളിൽവച്ചു് റവ. ഫാ. വില്യം സി. ഡി. അവർകളുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. മാർത്തോമ്മാ, യാക്കോബായ, എൽ എം. എസ്., സാൽവേഷൻ ആർമി, ബ്രദറൻ, സി. എം. എസ്., കത്തോലിക്കാ ആദിയായ വിവിധ ക്രൈസ്തവവിഭാഗങ്ങളിൽപ്പെട്ട മാനേജരന്മാരും മാനേജരന്മാരുടെ പ്രതിനിധികളുമായി 25 പേർ കോൺഫറൻസിൽ പങ്കെടുത്തു. യോഗത്തിൽ താഴെപറയുന്ന പ്രമേയം ഐകകണ്ഠ്യേന പാസാക്കുകയുണ്ടായി:

പ്രൈവററു് സെക്കണ്ടറി സ്കൂളുകളിലെ അദ്ധ്യാപകപ്രശ്നം സംബന്ധിച്ചു 19-8-1950-ൽ ഉണ്ടായിട്ടുള്ള ഗവർമ്മെണ്ടു് പ്രൊസീഡിംഗ്സ് ന്യൂനപക്ഷസമുദായങ്ങൾക്കു് പ്രൈവററു് വിദ്യാലയങ്ങൾ നടത്തുന്നതിനു ഇന്ത്യൻ ഭരണഘടനയനുവദിച്ചിട്ടുള്ള മൗലികാവകാശവ്യവസ്ഥകൾക്കു വിരുദ്ധമായിട്ടുള്ളതാണെങ്കിലും ഞങ്ങളുടെ അദ്ധ്യാപകന്മാരുടെ സാമ്പത്തികനില ഉയർത്തുന്നതിനുള്ള താല്പര്യം മൂലം താഴെപ്പറയുന്ന വ്യവസ്ഥകൾക്കു വിധേയമായി ഗവർമ്മെണ്ടിനോടു താല്ക്കാലികമായി സഹകരിക്കുന്നതിനു നിശ്ചയിച്ചിരിക്കുന്നു.

1 അദ്ധ്യാപകന്മാരെയും ഹെഡ്മാസ്റ്റർമാരെയും തെരഞ്ഞെടുക്കുകയും നിയമിക്കുകയും ചെയ്യുന്നതിൽ മാനേജർമാർക്കുള്ള അധികാരത്തിൽ ഗവമ്മെണ്ടു് ഇടപെടുകയില്ലെന്നു ഉറപ്പു നല്കണം.

2 അദ്ധ്യാപകന്മാർക്കുള്ള പ്രോവിഡൻറു് ഫണ്ടിനത്തിൽ മാനേജർമാർ കൊടുക്കേണ്ട തുക ഗവർമ്മെൻറിൽ അടയ്ക്കേണ്ട 80 ശതമാനം ഫീസ് പിരിവിൽ നിന്നു കൊടുക്കേണ്ടതാണു്.

3 മേല്പറഞ്ഞ വ്യവസ്ഥകൾ ഗവമ്മെൻറു് സമ്മതിക്കുന്നപക്ഷം മാത്രമേ നിർദ്ദിഷ്ട നിക്ഷേപതുക ഗവമ്മെൻറിൽ അടയ്ക്കുകയുള്ളു.

## കൊച്ചിതിരുവിതാംകൂർ വാർത്തകൾ

തിരു-കൊച്ചി നിയമസഭയിലെ ഒല്ലൂർ പ്രതിനിധി ശ്രീ ഇക്കണ്ടവാര്യർ നിയമസഭാസാമാജികത്വം രാജിവച്ചിരിക്കുന്നു. അദ്ദേഹം ഭക്ഷ്യോല്പാദന ബോർഡു് ചെയർമനായി പ്രവർത്തനം തുടരുന്നതാണു്.

—സാധാരണ ബസ്സുകൾക്കു് ഓരോ മൈലിനും സമതലപ്രദേശങ്ങളിൽ ആറു പൈയും സമുദ്രനിരപ്പിൽനിന്നു 3500 അടി ഉയർന്ന പ്രദേശങ്ങളിൽ 10 പൈയും അതിൽ കവിഞ്ഞ ഉയരമുള്ള പ്രദേശങ്ങളിൽ 12 പൈയും വീതവും, എക്സ്പ്രസ് ബസ്സുകൾക്കു 9 പൈ വീതവും ചാർജ്ജ് ഈടാക്കുവാൻ ഗവമ്മെൻറു അനുവദിച്ചിരിക്കുന്നു.

—ചീഫ് മിനിസ്റ്റർ, ട്രാൻസ്പോർട്ടു മന്ത്രി, ഫുഡ് പ്രൊഡക്ഷൻ ബോർഡു് ചെയർമൻ, ഇൻഡ്യാഗവമ്മെൻറു കൃഷിവകുപ്പു സെക്രട്ടറി മുതലായവർ ചേർന്നുള്ള ഹൈലെവൽ കമ്മിററി തിരുവനന്തപുരത്തുവച്ചുകൂടി മൈസൂർ മദ്രാസ്, തിരു-കൊച്ചി എന്നീ സംസ്ഥാനങ്ങൾ ഉൾപ്പെട്ട ഒരു ഫുഡ് പ്രൊഡക്ഷൻ ബോർഡു് രൂപവൽക്കരിക്കാൻ തീരുമാനിച്ചിരിക്കുന്നു. കേന്ദ്ര ഭക്ഷ്യകാര്യമന്ത്രി ശ്രീ കെ. എം. മൻഷി ബോർഡിന്റെ ചെയർമനായിരിക്കും.

—തിരു-കൊച്ചി സംസ്ഥാനത്തു് ഇപ്പോൾ നെല്ലെടുപ്പു താസിൽദാരന്മാരില്ലാത്ത 21 താലൂക്കുകളിലും 175-225ക. ഗ്രേഡിൽ ഗ്രെയിൻ പർച്ചേസിംഗു താസിൽദാരന്മാരെ നിയമിക്കുവാൻ ഗവമ്മെൻറു തീരുമാനിച്ചിരിക്കുന്നു. കൂടാതെ ഓരോ താലൂക്കിലും 4 ഫീൽഡു് ഓഫീസർമാരും ഏതാനും പ്രവൃത്തിയാരന്മാരും താസിൽദാരന്മാരുടെ കീഴിലുണ്ടായിരിക്കുന്നതാണു്.

—1950 മാർച്ചിലും അതിനു മുമ്പും തോററിട്ടുള്ളവരും ഐച്ഛികവിഷയസമ്പ്രദായത്തിൽ ഇ. എസ്. എൽ. സി. പരീക്ഷയിൽ ചേർന്നിട്ടുള്ളവരുമായ വിദ്യാർത്ഥികളെ ഉദ്ദേശിച്ചു 1950 ഒക്ടോബറിലും 51 മാർച്ചിലും ഒക്ടോബറിലും തുടർന്നു പരീക്ഷകൾ നടത്താൻ നിശ്ചയിച്ചിരിക്കുന്നതായി വിദ്യാഭ്യാസഡയറക്ടർ വിജ്ഞാപനം ചെയ്തിരിക്കുന്നു.

—മുൻനിശ്ചയം ഭേദപ്പെടുത്തി, തിരു-കൊച്ചി നിയമസഭ ഒക്ടോബർ 16-ാംനു മുതൽ സമ്മേളിക്കുവാൻ തീരുമാനിച്ചിരിക്കുന്നു.

—അടുത്ത കൊല്ലത്തേക്കു് സ്കൂൾഫൈനൽ ക്ലാസിലേക്കും ഫസ്റ്റ് ഫോറത്തിലേക്കുമുള്ള ഇംഗ്ലീഷ് റീഡറുകൾ ഗവമ്മെൻറിൽനിന്നുതന്നെ പ്രസിദ്ധപ്പെടുത്താൻ തീരുമാനിച്ചിരിക്കുന്നു. തിരുവിതാംകൂറിലേയും കൊച്ചിയിലേയും ഒന്നാം പാഠപുസ്തകത്തിനു വേണ്ട പരിഷ്കാരങ്ങൾ വരുത്തി പൊതുവായുള്ള ഒന്നാംപാഠപുസ്തകമായി അടുത്ത കൊല്ലംമുതൽ നടപ്പിലാക്കുന്നതാണു്.

## നാസിക് സമ്മേളനം

ഇൻഡ്യൻ നാഷനൽ കോൺഗ്രസിന്റെ 56-ാമതു പൊതുസമ്മേളനം സെപ്റ്റംബർ 20-ാംനു ഗാന്ധിനഗറിൽ വച്ചു ബാബു പുരുഷോത്തമദാസ് ഠാണ്ടന്റെ അദ്ധ്യക്ഷതയിൽ ആരംഭിച്ചു. കേന്ദ്രത്തിലേയും പ്രവിശ്യകളിലെയും മന്ത്രിമാരും പ്രതിനിധികളും സമ്മേളനത്തിൽ സംബന്ധിച്ചിരുന്നു. ഇൻഡ്യയിൽ ഉയർന്നുവരുന്ന വർഗ്ഗീയതത്ത്വത്തിനെതിരായും ഇൻഡോ-പാക്കിസ്ഥാൻ ഉടമ്പടി, വിദേശനയം, ഖാദി, ഗ്രാമവ്യവസായം മുതലായവയെപ്പററിയും 9 പ്രമേയങ്ങൾ സമ്മേളനം പാസാക്കുകയുണ്ടായി. സെപ്റ്റംബർ 21-ാംനു രാത്രി 11 മണിക്കു് യോഗം ഉപസംഹരിച്ചു.

## 600 മെത്രാന്മാർ

അടുത്ത നവംബർ 1-ാംനു മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു മാതാവിന്റെ സ്വർഗ്ഗാരോപണം ഒരു വിശ്വാസസത്യമായി പ്രഖ്യാപനം ചെയ്യുന്നതാണല്ലോ. തദവസരത്തിൽ ലോകത്തിന്റെ നാനാഭാഗങ്ങളിൽനിന്നു അറുനൂറോളം മെത്രാന്മാരും മെത്രാപ്പോലീത്താമാരും സന്നിഹിതരായിരിക്കുമെന്നൂഹിക്കപ്പെടുന്നു. കത്തോലിക്കാസഭയിലെ പ്രഖ്യാതരായ വേദശാസ്ത്രജ്ഞന്മാരും സന്നിഹിതരായിരിക്കും. മാർപ്പാപ്പാ തിരുമനസ്സിലെ പ്രഖ്യാപനം സെൻറു പീറററ്സ് അങ്കണത്തിൽവച്ചു നടക്കുവാനാണിടയുള്ളതു്. ഒക്ടോബർ 31-ാംനു മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു ഒരു കർദ്ദിനാൾ സംഘം വിളിച്ചുകൂട്ടുന്നതാണു്.

## വിദേശവാർത്തകൾ

ഐക്യരാഷ്ട്ര ജനറൽ അസംബ്ളിയുടെ 5-ാമതു സമ്മേളനം സെപ്റ്റംബർ 19-ാംനു ഫ്ളഷിംഗ് മെഡോസിൽ ആരംഭിച്ചു. സമ്മേളനത്തിൽ ഇൻഡ്യൻ പ്രതിനിധി, ചൈനയിലെ കമ്മ്യൂണിസ്റ്റ് ഗവമ്മെൻറു പ്രതിനിധിയെ ചൈനയുടെ പ്രതിനിധിയായി അംഗീകരിക്കണമെന്നു് ഒരു പ്രമേയം അവതരിപ്പിക്കുകയുണ്ടായി. എന്നാൽ പ്രമേയം വോട്ടിനിട്ടതിൽ തള്ളിപ്പോകയാണുണ്ടായതു്. അസംബ്ളി പ്രസിഡണ്ടായി പേർഷ്യൻ പ്രതിനിധി വി. നസറുള്ളാ എൻറാസാ തിരഞ്ഞെടുക്കപ്പെട്ടു.

—കമ്മ്യൂണിസ്റ്റു നിയന്ത്രണം സംബന്ധിച്ചു അമേരിക്കൻ ഐക്യനാടുകളിലെ രണ്ടു നിയമസഭാമണ്ഡലങ്ങളും—പ്രതിനിധിസഭയും സെനററും—പാസാക്കിയ ബിൽ പ്രസിഡൻറു ട്രൂമൻ വീറേറാ ചെയ്യുകയുണ്ടായി. എന്നാൽ വീറേറായ്ക്കു് എതിരായി രണ്ടുമണ്ഡലങ്ങളും ബിൽ വീണ്ടും പാസാക്കിയിരിക്കുന്നു.

## പട്ടിവണ്ടിയിൽ

ബൊർട്ടോലോ റവേന്നാ ഇററലിയിൽ ബ്രെഷ്യാ എന്ന സ്ഥലത്തുള്ള ഒരു സാധുകർഷകനാണു്. ഇപ്പോൾ 49 വയസ്സു പ്രായമുണ്ടു്. ഒരു തീവണ്ടിയപകടത്തിൽപ്പെട്ടു അദ്ദേഹത്തിന്റെ കാലുകൾ രണ്ടും നഷ്ടപ്പെട്ടിട്ടു കുറേനാളായി. ബൊർട്ടോലോ ഈയിടെ റോമിലേക്കു തീർത്ഥയാത്രകഴിച്ചു മടങ്ങിയിരിക്കുന്നു. അദ്ദേഹത്തിന്റെ മൂന്നു പട്ടികളെ കെട്ടിയ ഒരു വണ്ടിയിലായിരുന്നു യാത്ര. മൂന്നാഴ്ചകൊണ്ടാണു റോമിലെത്തിയതു. കുറേ അപ്പവും കുറച്ചു പണവും മാത്രമേ അദ്ദേഹത്തിന്റെ കൈവശമുണ്ടായിരുന്നുള്ളു. തന്റെ ഉററമിത്രങ്ങളായ നായ്ക്കളുടെ ഭക്ഷണം ഏറിയപങ്കും ഉദാരമതികളായ കാഴ്ചക്കാരുടെ സഹായത്താലാണു യാത്രാമദ്ധ്യേ ലഭിച്ചതെന്നു ബൊർട്ടോലോ റോമിൽവച്ചു പ്രസ്താവിച്ചു.

## തീവണ്ടിപ്പിരിവ്

ഇംഗ്ലണ്ടിലെ കത്തോലിക്കാ തപസാഘംഗങ്ങളായ 383 ആളുകൾ വിശുദ്ധവത്സരതീർത്ഥയാത്രയും കഴിഞ്ഞു റോമിൽനിന്നു പിരിഞ്ഞിരിക്കയായിരുന്നു. അവരിൽ മൂന്നു പേർ തീവണ്ടിയിൽവച്ചു അവരുടെ തൊപ്പികാണിച്ചു് ഒരു പണപ്പിരിവു നടത്തി. തീർത്ഥകരുടെ കൈവശം ബാക്കിയുണ്ടായിരുന്ന ഇററാലിയൻ നോട്ടുകൾ ഒന്നിനുപുറകെ ഒന്നായി തൊപ്പികളിൽ വീണു. ട്യൂറിൻനഗരത്തിലെത്തിയപ്പോഴേക്കും തൊപ്പികൾ മൂന്നും നിറഞ്ഞുകഴിഞ്ഞു. വി. ജോൺ ബോസ്കോയുടെ സലേഷ്യൻസഭയുടെ ആസ്ഥാനമാണല്ലോ ആ പട്ടണം. പിരിഞ്ഞുകിട്ടിയ ഗണ്യമായ ആ തുകമുഴുവൻ അവിടത്തെ സലേഷ്യൻ വിദ്യാലയത്തിലേക്കു അവർ സംഭാവനചെയ്യുകയാണുണ്ടായതു്.

ചെറുകഥ

# കുഞ്ഞന്നാമ്മ—നല്ല അയല്ക്കാരി

(ജെ. പി. ആനന്ദഭവൻ)

കുഞ്ഞന്നാമ്മ തോട്ടത്തിൽ ചെടികൾ നനച്ചുകൊണ്ടു നില്ക്കുകയാണു്. സന്ധ്യാസമയത്തെ പ്രകൃതിയുടെ മനോഹരത ആ ഉദ്യാനത്തിൽ ഉടനീളം വ്യാപരിക്കുന്നു. തൻെറ കൃത്യനിർവഹണത്തോടൊപ്പം ആ രാമണീയകതയും ആസ്വദിച്ചുകൊണ്ടു നില്ക്കുമ്പോൾ അയൽപക്കത്തെ റോസമ്മ അവിടെ വന്നു. റോസമ്മയുടെ പതിവില്ലാത്ത വരവുകണ്ടു് ജിജ്ഞാസയോടുകൂടി കുഞ്ഞന്നാമ്മ ചോദിച്ചു "എന്താ, റോസമ്മ ഇങ്ങോട്ടുകടക്കാൻ?"

"ഓ! വിശേഷിച്ചൊന്നുമില്ല......എങ്കിലും...." റോസമ്മ സംശയിച്ചുനിന്നു.

"എങ്കിലും! ......ഉം! അറുത്തുണ്ടോ, ഉള്ളതു പറയണം. എന്തോ വിശേഷം ആ വാക്കിൽ അടങ്ങിയിരിക്കുന്നു. തുറന്നു പറയണം." കുഞ്ഞന്നാമ്മ പ്രേരിപ്പിച്ചു

"പിന്നെ......ഞാൻ ഒരു അത്യാവശ്യം പ്രമാണിച്ചു വന്നതാ." റോസമ്മ തുടർന്നു:

"അത്യാവശ്യം പറയണം. നമ്മൾ അയല്ക്കാരല്ലേ? പരസ്പരം സഹായിക്കേണ്ടവർതന്നെ." കുഞ്ഞന്നാമ്മ വീണ്ടും ഉത്സാഹിപ്പിച്ചു.

"ഞങ്ങളുടെ മൂത്തമകൾ ലില്ലിക്കുട്ടിയുടെ കല്യാണം ഉറപ്പിച്ചിരിക്കയാണു്. നിങ്ങളുമൊക്കെ വരണേ."

"കൊള്ളാം, നല്ല കാര്യം! ഞങ്ങൾ പിന്നെ അയൽപക്കത്തു നടക്കുന്ന അടിയന്തിരത്തിനു വരാതിരിക്കുമോ? ഏതാണു ചെറുക്കൻ?"

"നമ്മുടെ പാപ്പുക്കുട്ടിച്ചേട്ടൻെറ മകനാ. സ്ത്രീധനം വലുതായിട്ടൊന്നും വേണ്ടെന്നു പറഞ്ഞിരിക്കയാ."

"വളരെ നല്ലതു! നമ്മുടെ ആളുകൾ സ്ത്രീധനം കൊടുത്തു മുടിഞ്ഞു. ഇനിയെങ്കിലും അതു നിറുത്തേണ്ടതുതന്നെ."

"എന്നുകരുതി ഒട്ടുമില്ലെന്നല്ല; ഒരു മുന്നൂറു രൂപാ റൊക്കവും നാലുപവൻെറ ഉരുപ്പടിയും കൊടുത്താൽ മതി."

"അതാണോ വലുതായിട്ടൊന്നും വേണ്ടെന്നു പറഞ്ഞതു്?"

"പിന്നല്ലേ? അങ്ങതിലെ മത്തായിച്ചൻെറ മകൾക്കു കൊടുത്തതു് എത്രയെന്നറിയാമോ? രണ്ടായിരം രൂപാ റൊക്കവും പത്തുപവൻെറ ഉരുപ്പടിയുമാണു്."

"അവർ ഉള്ളവരല്ലേ? ഉള്ളവർക്കു കൊടുക്കാൻ വിഷമമോ? ആട്ടും ആനയെപ്പോലെ ഞെളിഞ്ഞാലോ?"

"എങ്കിലും നമ്മളും അന്തസ്സിനു വിടാമോ? ആ ചെറുക്കൻ ഒരു ചെറിയ ശമ്പളക്കാരനാ. അപ്പോ. നമ്മള് ഒന്നും കൊടുക്കാതിരിക്കുന്നതു ശരിയാണോ?"

"ഉണ്ടെങ്കിൽ കൊടുക്കുന്നതിനും തരക്കേടില്ല. നിങ്ങൾക്കു് ആ താമസിക്കുന്ന ചെറിയ പറമ്പല്ലേ ഉള്ളൂ. അന്നന്നു വേലചെയ്തു കാലംകഴിക്കുന്ന ആളുകൾ. ഒരു ജന്മിയായ മത്തായിച്ചനെപ്പോലെയാകാൻ ഭാവിക്കുന്നതു ശരിയാണോ? ഞാൻ പറയുന്നതിൽ റോസമ്മയ്ക്കു വല്ലായ്മ തോന്നരുതു്. നിങ്ങൾ ആ പറമ്പു വിററു കൊടുക്കാൻ ഭാവിക്കുന്നോ?"

"പറമ്പു് ഒററിയാധാരമെഴുതി ആയിരം രൂപാ വാങ്ങിക്കാമെന്നു കരുതിയാണു് ഞാനിങ്ങോട്ടു വന്നതു്."

"റോസമ്മയ്ക്കു ഞാൻ ഇനി പറയുന്നതൊന്നും തീരെ രസിക്കുമെന്നു തോന്നുന്നില്ല."

"ഇല്ല; രസക്കേടൊന്നുമുണ്ടാകയില്ല."

"മുന്നൂറുരൂപാ റൊക്കംകൊടുത്തു കഴിഞ്ഞു നാലു പവൻ വാങ്ങിച്ചു് ഉരുപ്പടിയുണ്ടാക്കാൻ 700 രൂപയോ?"

"അല്ല; ഒരു അഞ്ഞൂറുരൂപയോളമെങ്കിലും അടിയന്തിരച്ചെലവിനു വേണ്ടേ? നാലുപേരക്കൊത്തു കാര്യം നടത്തിയില്ലെങ്കിൽ കൊറച്ചിലല്ലയോ?"

"എന്തു കുറച്ചിൽ? ഓരോരുത്തരുടെ കഴിവിനനുസരിച്ചു ചെലവു ചെയ്തില്ലെങ്കിൽ തറവാടു മുടിഞ്ഞുപോകുകയില്ലേ? നമ്മുടെ സമുദായത്തിനുള്ള ഒരു വലിയ ദോഷമാണു് ആഡംബരഭ്രമവും, അടിയന്തിരഭ്രമവും. അതൊന്നും നില്ക്കാതെ സമുദായം നന്നാകുമെന്നു തോന്നുന്നില്ല. ഞാൻ ഇപ്പറയുന്നതൊന്നും, ഞാൻ രൂപാ തരാനോ സഹായിക്കാനോ മടിച്ചിട്ടാണെന്നു തെററിദ്ധരിക്കരുതു്."

"നിങ്ങടെ വത്തമാനം കേട്ടിട്ടു് അങ്ങനാ തോന്നുന്നതു്."

"അതുകൊണ്ടാണു് റോസമ്മയോടു് ആദ്യമേ ഞാൻ പറഞ്ഞതു് ഞാൻ പറയുന്നതൊന്നും റോസമ്മയ്ക്കു രസിക്കയില്ലെന്നു്. ഞങ്ങൾ എന്തെങ്കിലും ഒരു ചെറിയ സഹായം ചെയ്യാം. ഒരുപത്തൻപതു രൂപാ സംഭാവന ചെയ്യാം. നിങ്ങളുടെ തറവാടു് ഒററിവാങ്ങിച്ചു നിങ്ങളെ കടക്കാരാക്കിയിട്ടു് ഒടുവിൽ തെരുവും തിണ്ണയുമാക്കാൻ ഞങ്ങൾ തയാറാകുകയില്ല. റോസമ്മ വല്ലായ്മയൊന്നും വിചാരിക്കരുതു്. ഞാൻ അവരാച്ചൻ വന്നുകഴിഞ്ഞാൽ അമ്പതു രൂപാ തരാൻ ഏപ്പാടു ചെയ്യാം. അതു തിരിയെ കിട്ടാനായിട്ടല്ല. നിങ്ങളോടു ഞാൻ പ്രത്യേകം പറയുന്നു. ഈ ആഹാരക്ഷാമകാലത്തു് അനാവശ്യമായി സദ്യകളും ആഡംബരങ്ങളും കഴിക്കരുതെന്നു്; വസ്തു ഒററിയെഴുതരുതെന്നു്. 25-ൽ കൂടുതൽ ആളുകളെ യാതൊരു കാരണവശാലും ക്ഷണിക്കരുതെന്നു് ഗവമ്മെൻറ് കർശനമായി നിരോധിച്ചിരിക്കുമ്പോൾ ജനങ്ങൾ അക്കാര്യത്തിലും കരിഞ്ചന്തയാണു നടത്തുന്നതു്. "റേഷൻകാർഡു് നേരത്തേകൂട്ടി അയച്ചിരിക്കണം" എന്നു ക്ഷണക്കത്തിൽ രേഖപ്പെടുത്തി അവിടെയും ഒരു കുട്ടിക്കരണം."

"നിങ്ങൾക്കു സമ്മതമില്ലെങ്കിൽ വേണ്ടാ. അതിനിത്രത്തോളമൊക്കെ പ്രസംഗിക്കുന്നതെന്തിനു്?" റോസമ്മ പരിഭവിച്ചു പിരിഞ്ഞു.

റോസമ്മയുടെ അഭിലാഷംപോലെ കാര്യങ്ങൾ ഒരുതരത്തിൽ മുന്നോട്ടു നീങ്ങുന്നു. അര ഏക്കർ പുരയിടവും അതിലുള്ള ഗൃഹവും വൃക്ഷങ്ങളും എല്ലാം ചേർത്തു് ആയിരത്തി ഇരുന്നൂറു രൂപായ്ക്കു് ഒരു മുസ്ലീം വ്യാപാരിക്കു് ഒററിയെഴുതി; വളരെ നാളായി ആ പറമ്പിൽ കണ്ണുവെച്ചിരുന്ന ആ മനുഷ്യൻെറ ഉദ്ദേശം ഫലിച്ചു. ഓരോ പ്രാവശ്യം 200—ം 300—ം തേങ്ങ കിട്ടുന്ന പുരയിടത്തിൻെറ ബാദ്ധ്യത അങ്ങനെ പണയപ്പെടുത്തി.

അടിയന്തിരം അത്യാഡംബരപൂർവ്വം നടന്നു. 500-ൽ പരം ആളുകൾ സദ്യയ്ക്കു ഹാജരായിരുന്നു. രണ്ടുമൂന്നു മാടുകളും പന്നികളും ആടുകളും മാംസത്തിനായി ബലികഴിക്കപ്പെട്ടു. നാലഞ്ചു ചാക്കരിയും കരിഞ്ചന്തയിൽ കൈക്കലാക്കി. പലതരത്തിലുള്ള പലഹാരങ്ങളും സജ്ജമാക്കപ്പെട്ടു. മദ്യനിരോധനമേഖലയല്ലാത്തതിനാൽ ആ വകയ്ക്കും നല്ലൊരു തുക ചെലവായി. സദിരുംപൊടിപൊടിച്ചു. എന്നു വേണ്ടാ, അന്നും അതിനോടടുത്ത ഏതാനും ദിവസങ്ങളും സമൃദ്ധിയുടെ തണലിൽ കടന്നുപോയി.

കാലങ്ങൾമുമ്പോട്ടുപോയി. റോസമ്മയും ഭർത്താവും ഇളയകുട്ടികളും മാത്രം ശേഷിച്ചു. ശൗരിക്കു്—റോസമ്മയുടെ ഭർത്താവിനു്—കിട്ടുന്ന ആഴ്ച്ചക്കൂലി കഷ്ടിച്ചു കുടുംബത്തിലെ നിത്യച്ചെലവുനടത്തിക്കൊണ്ടുപോകാൻ മാത്രം മതിയാകുന്നതായിരുന്നു. കുട്ടികൾക്കു ഫീസുകൊടുക്കാനും മററു കാര്യങ്ങൾക്കും അവർ ഞെരുങ്ങിത്തുടങ്ങി. ഈ നിലയിൽ ജീവിതം നയിക്കാൻ പ്രയാസമായിവന്നപ്പോൾ ഇനിയെന്തുമാർഗ്ഗമെന്നായി റോസമ്മയുടെയും ഭർത്താവിൻെറയും ആലോചന. അവർ പകലും രാത്രിയും ഇടവിടാതെ തലപുകഞ്ഞാലോചിച്ചതിൻെറ ഫലമായി ഒരു മാർഗ്ഗം അവരുടെ വിദഗ്ദ്ധമസ്തിഷ്കത്തിൽ ഉദിച്ചുയർന്നു. ഒററിയെഴുതിക്കൊടുത്ത പറമ്പും വീടും മറെറാരാൾക്കു് മേലൊററികൊടുത്തു കുറേരൂപാകൂടി കൈവശപ്പെടുത്താമെന്നു്. അതിലേക്കായി അവർ ആവശ്യക്കാരെ അന്വേഷിച്ചുതുടങ്ങി. ആരെയും കാണായ്കയാൽ ഒടുവിൽ, ഒററിയെഴുതിവാങ്ങിച്ചെങ്കിലും ആ പുരയിടത്തിൽ സൗജന്യമായിത്താമസിക്കാൻ അനുവദിച്ച ആ വ്യാപാരിയോടുതന്നെ കുറേ രൂപാകൂടി വാങ്ങിക്കാൻ അവർ തീർച്ചപ്പെടുത്തി. ഈ വിവരം കുഞ്ഞന്നാമ്മയും അവരാച്ചനും അറിഞ്ഞു. അവരുടെ കൂടിയാലോചനയുടെ ഫലമായി കുഞ്ഞന്നാമ്മ റോസമ്മയെ വീട്ടിൽവരുത്തി ഇപ്രകാരം പറഞ്ഞു: "റോസമ്മേ! നിങ്ങൾ എന്താണു പ്രവർത്തിക്കുന്നതെന്നു് അത്യാവശ്യത്തിൻെറ ആധിക്യം കൊണ്ടോ എന്തോ, നിങ്ങൾ അറിയുന്നില്ല. അതിൻെറ അനന്തരഫലം ഭയാനകമായിരിക്കും. നിങ്ങൾക്കും നിങ്ങളുടെ കുട്ടികൾക്കും പുരയിടമില്ലാതാകുമെന്നു മാത്രമല്ല, നിങ്ങൾക്കു കിടക്കാൻ സ്ഥലമില്ലാതെ നിങ്ങൾ തെരുവുതോറും അലയേണ്ടിവരുമെന്നുള്ളതും നിശ്ചയം."

റോസമ്മ: "ഞങ്ങൾ ഇനി എന്തുചെയ്യാനാണു്? അന്നു നിങ്ങൾ പറഞ്ഞതു കേൾക്കാഞ്ഞതു് അബദ്ധമാണെന്നു് ഇപ്പഴാ തോന്നുന്നതു്? ഒരു നില്ക്കക്കള്ളി വേണ്ടേ?"

കുഞ്ഞ: "ഞാൻ ഒരു മാർഗ്ഗം ആലോചിക്കുന്നുണ്ടു്."

ആശാഭരിതയായി റോസമ്മ ചോദിച്ചു: "എന്തുമാർഗ്ഗമാണു്? നിങ്ങൾ നല്ല മാർഗ്ഗമേ പറകയുള്ളു എന്നു ഞങ്ങൾക്കു തീർച്ചയാ."

കുഞ്ഞ: "നിങ്ങൾ ഒററിയെഴുതിയിട്ടുള്ള തുകയും തൽക്കാലം അത്യാവശ്യമുള്ള തുകയും തന്നു ഞങ്ങൾതന്നെ ആ പറമ്പു മേലൊററിയായി എടുക്കാമെന്നു കരുതുന്നു."

റോസ: (അത്യാഹ്ലാദത്തോടുകൂടി) "ഹോ! വളരെ സന്തോഷം! വളരെ ഉപകാരം."

കുഞ്ഞ: "അതെന്തുപകാരമാണു്? വേറൊരുത്തൻ ചെയ്യുന്ന ഒരു കൃത്യമല്ലേ ആയുള്ളു അതു്. എന്നാൽ ഞങ്ങളെക്കൊണ്ടു കഴിയുന്ന കാര്യമായ ഒരുപകാരമുണ്ടു്. അതു ചെയ്യാം."

റോസ: "അതെന്താണു്?"

കുഞ്ഞ: "അതോ? അതുപറയാം. ഞങ്ങൾ ആ വസ്തുവിനു മേലൊററിയാധാരം വകയിൽ 1500 രൂപാ തരുന്നു എന്നു വിചാരിക്കുക. ആ രൂപയ്ക്കു പ്രതിമാസം അരപ്പണപ്പലിശക്രമത്തിനുവരുന്ന തുകയ്ക്കു് ആ വസ്തു നിങ്ങൾക്കുതന്നെ പാട്ടം തരാം. അങ്ങനെയായാൽ ആണ്ടിൽ 90 രൂപാ പാട്ടമേ ആകുന്നുള്ളു. ഒരു തവണ കുറഞ്ഞപക്ഷം 200 തേങ്ങയിടുന്നതായാലും 8 തവണയ്ക്കു് 1600 തേങ്ങ കിട്ടും. 100-നു് 20 രൂപാ വിലക്രമമായാൽ 320 രൂപയായി. ആ നിലയിൽ ആണ്ടിൽ 230 രൂപയെങ്കിലും നിങ്ങൾക്കു് ആദായം കിട്ടുമെന്നു തീർച്ച. ആ തുകയിൽ വർഷം തോറും 150 രൂപാ നിങ്ങളുടെ പേർക്കു ബാങ്കിൽ നിക്ഷേപിച്ചാൽ 10 വർഷംകൊണ്ടു് നിങ്ങൾക്കു് ഈ ഒററിബാദ്ധ്യത തീർത്തു വസ്തു മടക്കിയെടുക്കാൻ കഴിയും. ഇതാണു് ഞങ്ങളുടെ ആലോചന."

റോസമ്മ, ആശ്ചര്യം, കൃതജ്ഞത, ആനന്ദം എന്നീ വികാരങ്ങളാൽ വിഷമിച്ചു വാക്കുമുട്ടി കുറേനേരം നിന്നുപോയി. "ദൈവംതന്നെ നിങ്ങളെ സഹായിക്കും. ഈ അഗതികൾക്കെന്തുസാധിക്കാനാണു്? ഞാൻ നിങ്ങൾ പറഞ്ഞതുകേൾക്കാതെ അപകടത്തിൽ ചാടിയിട്ടും പിടിച്ചുകരകയററാൻ നിങ്ങൾതന്നെ വന്നുചേർന്നല്ലോ. ഹോ! ദൈവം ദീർഘായുസ്സു തരട്ടെ. നിങ്ങളുടെ കുടുംബം മേല്ക്കുമേൽ വർദ്ധിക്കട്ടെ."

കുഞ്ഞന്നാമ്മ പറഞ്ഞതനുസരിച്ചു് പ്രമാണം എഴുതപ്പെട്ടു. വലിയ വിസമ്മതത്തോടുകൂടിയെങ്കിലും ആ മുസ്ലീം വ്യാപാരി വസ്തു വിട്ടൊഴിഞ്ഞു. റോസമ്മയും ശൗരിയും കുഞ്ഞന്നാമ്മയോടും അവരാച്ചനോടും നന്ദിപ്രകടിപ്പിച്ചുകൊണ്ടു് ആനന്ദബാഷ്പങ്ങളോടുകൂടി ഗൃഹത്തിലേക്കു പോയി.



"റോസമ്മ ആശ്ചര്യം, കൃതജ്ഞത, ആനന്ദം എന്നീ വികാരങ്ങളാൽ വിഷമിച്ചു് വാക്കുമുട്ടി കുറേനേരം നിന്നുപോയി."

## സൗജന്യവിതരണ ഫണ്ടു്

അകത്തോലിക്കരായ ഏതാനുംപേർക്കു് ഒരു കൊല്ലത്തേക്കു സത്യദീപം സൗജന്യമായി അയച്ചുകൊടുക്കുന്നതാണു്. അതാതു സ്ഥലത്തേ കത്തോലിക്കാപള്ളി വികാരിയുടെ സാക്ഷ്യത്തോടുകൂടി അപേക്ഷിക്കുക.

മാനേജർ, സത്യദീപം
എറണാകുളം

## ഇംഗ്ലീഷിൽ വേണം

പാമ്പുവിഷത്തിനു പ്രതിവിധിയായുള്ള ഔഷധം ആവശ്യപ്പെട്ടുകൊണ്ടു് മാംഗളൂരിലെ ഫാദർ മുള്ളേഴ്സ് ഹോസ്പിററലിലേക്കു് (ലക്കം 4 നോക്കുക) മലയാളത്തിൽ കത്തുകൾ എഴുതിവരുന്നതായറിയുന്നു. അവിടെ മലയാളം അറിയാവുന്നവരില്ലാത്തതിനാൽ കത്തുകളെല്ലാം ഇംഗ്ലീഷിൽ അയക്കേണ്ടതാണു്.

## മൈസൂർ

മൈസൂർ സെൻറ് ഫിലോമിനാസ് കോളെജിലെ കത്തോലിക്കാ വിദ്യാർത്ഥികളുടെ ഐക്യത്തെയും വിശ്വാസപരിപോഷണത്തെയും ലക്ഷ്യമാക്കി ഒരു യൂണിയൻ സ്ഥാപിച്ചു് പ്രവർത്തനം ആരംഭിച്ചിരിക്കുന്നതായറിയുന്നു. അതിൻെറ പ്രസിഡണ്ടു് ഷെവലിയർ സി. ജെ. വക്കിയാണു്.

## ചരമം

മുട്ടം: ഈരാററുപുഴയിൽ വക്കി വക്കി സെപ്റ്റംബർ 14-ാംനു- നിര്യാതനായിരിക്കുന്നു.

—കരിമ്പനക്കുളം പള്ളി ഇടവക വള്ളവശേരിൽ ചാക്കൊ മറിയം 75-ാമത്തെ വയസ്സിൽ സെപ്റ്റംബർ 13-ാംനു- നിര്യാതയായിരിക്കുന്നു.

—നെയ്യശേരി ശ്രീ കോക്കണ്ടത്തിൽ ഉലഹന്നൻ 65-ാമത്തെ വയസ്സിൽ നിര്യാതനായിരിക്കുന്നു.

(പരേതർക്കുവേണ്ടി വായനക്കാർ പ്രാർത്ഥിപ്പാറാകണം.) R. I. P.




# ഭയങ്കരപാപം

പിന്നീട് അവൻ പടവിൽ കയറി, അക്കരെ സ്വനഗരത്തിലേക്കു വന്നു. അപ്പോൾ തളർവാതബാധിതനും ശയ്യാവലംബനുമായ ഒരുവനെ അവർ അവന്റെ പക്കൽ കൊണ്ടുവന്നു. അവരുടെ വിശ്വാസംകണ്ട് ഈശോ ആ തളർവാതരോഗിയോടു പറഞ്ഞു: മകനേ, ധൈര്യമവലംബിക്കുക; നിന്റെ പാപങ്ങൾ മോചിക്കപ്പെട്ടിരിക്കുന്നു. ഇതുകേട്ട് ചില നിയമജ്ഞന്മാർ ആത്മഗതം ചെയ്തു: ഇവൻ ദൈവദൂഷണം സംസാരിക്കുന്നു. ഈശോ അവരുടെ വിചാരം മനസ്സിലാക്കിക്കൊണ്ട് അരുളിച്ചെയ്തു: നിങ്ങൾ എന്തേ അധർമ്മവിചാരങ്ങൾ നിങ്ങളുടെ ഹൃദയത്തിൽ വെച്ചു വളർത്തുന്നു? നിന്റെ പാപങ്ങൾ നിന്നോടു പൊറുക്കപ്പെട്ടിരിക്കുന്നു എന്ന് ഒരു മനുഷ്യനോട് പറയുന്നതോ, എഴുന്നേററു നടക്കുക എന്നു പറയുന്നതോ ഏതാണ് എളുപ്പമുള്ള കല്പന? മനുഷ്യപുത്രൻ ലോകത്തിൽ ആയിരിക്കുകയിൽ പാപങ്ങൾ മോചിക്കുവാൻ അവനു് അധികാരമുണ്ടെന്നു നിങ്ങളെ ബോദ്ധ്യപ്പെടുത്തേണ്ടതിനായി, എഴുന്നേററു് നിന്റെ കിടക്കയും എടുത്തു വീട്ടിലേക്കു പോവുക (എന്നു ഈശോ ആ തളർവാതരോഗിയോടു പറഞ്ഞു.) ഉടനെ അവൻ എഴുന്നേററു സ്വഭവനത്തിലേക്കു മടങ്ങി. ഇതു കണ്ടു് ജനക്കൂട്ടം ഭയവിഹ്വലരായി, ഈദൃശാധികാരങ്ങൾ മനുഷ്യർക്കു നല്കിയതിൽ ദൈവത്തെ മഹത്വപ്പെടുത്തി. (പന്തക്കുസ്താ 18-ാം ഞായർ; സുവിശേഷം; മത്താ: IX 1—8)

യുഗങ്ങളുടെ പൂവരിയിൽ പ്രതാപശാലിയായിരുന്ന ലൂസിഫർ ദൈവത്തോടു പറഞ്ഞു, "ഞാൻ നിന്നെ സേവിക്കയില്ല" എന്നു്; മനുഷ്യചരിത്രത്തിന്റെ പ്രാരംഭഘട്ടത്തിൽതന്നെ നമ്മുടെ ആദിമാതാപിതാക്കന്മാർ ദൈവത്തെപ്പോലെയാകുവാൻ ആഗ്രഹിച്ചുകൊണ്ടു കല്പനാലംഘനം നടത്തി. "ദുഷ്ടൻ അവന്റെ ഹൃദയത്തിൽ പറഞ്ഞു ദൈവമില്ലയെന്നു്."—പഴയ നിയമത്തിലെ ഒരു വേദോക്തിയാണിതു്... .. ......1758-ൽ വോൾട്ടയർ തന്റെ സ്നേഹിതനായ ഡാലംബർട്ടിനു് ഇപ്രകാരം എഴുതി: "20 കൊല്ലത്തിനകം ദൈവത്തിന്റെ കഥ കഴിഞ്ഞിരിക്കും." മറെറാരു വിപ്ലവനേതാവായിരുന്ന ഷോമററ് ഇപ്രകാരം ദൈവദൂഷണം ചെയ്തു: "ദൈവമേ, നീ അങ്ങനെ ഒരാളുണ്ടെന്നു് തെളിയിക്കുന്നതിനായി എന്റെമേൽ ഇടിവെട്ടിനെ നിപതിപ്പിച്ചാലും." ജർമ്മൻ തത്വശാസ്ത്രജ്ഞനായിരുന്ന നീഷ്(Nietzsche)ധിക്കാരമായിപ്പറഞ്ഞു: "പുരാതനദൈവം മരിച്ചിരിക്കുന്നു. ഞങ്ങളാണ് അവനെ കൊന്നതു്". അടുത്തകാലത്തു് നമ്മുടെ ഈ കേരളത്തിൽതന്നെ "പുരോഗമന" ചേരിയിൽപെട്ട ഒരു ഗ്രന്ഥകാരൻ ഇപ്രകാരം എഴുതിയിരിക്കുന്നു. "നിർദ്ദയനായ ഹേ, സർവ്വശക്താ, ദാരിദ്ര്യത്തേയും വ്യാധികളേയും ദുഃഖത്തേയും സൃഷ്ടിച്ച നീയോ സ്നേഹസ്വരൂപൻ? അഹങ്കാരികളേയും അധികാരദുർമ്മോഹികളേയും സൃഷ്ടിച്ച നീയോ നീതിമാൻ? എല്ലാ കൊള്ളകൾക്കും എല്ലാ അഴിമതികൾക്കും എന്നെന്നും കൂട്ടുനില്ക്കുന്ന നീയോ ന്യായാധിപതി... ... ...നീ മനസ്സിലാക്കണം—നൂറുനൂറായിരം സന്താനങ്ങൾ, ഞങ്ങൾ ഇവിടെയുണ്ടു്; എരിപൊരിക്കൊള്ളുന്നവർ, നിത്യദുരിതം അനുഭവിക്കുന്നവർ.........നിന്റെ നരകവും സ്വർഗ്ഗവും! വേണമെങ്കിൽ തീമഴ പെയ്യിച്ചു് നീ ഞങ്ങളെ ദഹിപ്പിക്കൂ!......"നിരീശ്വരന്മാരും ദൈവത്തെ ദുഷിക്കുന്നവരും എല്ലാകാലത്തുമുണ്ടായിട്ടുണ്ടു്. എന്നാൽ ഇന്നത്തെപ്പോലെ ദൈവതിരുനാമം ദുഷിക്കപ്പെടുകയും അവഹേളിക്കപ്പെടുകയും ചെയ്തിട്ടുള്ള ഒരു കാലസന്ധി ഇതുവരെ ഉണ്ടായിട്ടുണ്ടോ എന്നു സംശയമാണു്. നിരീശ്വരപരവും നിർമ്മതപരവുമായ ഇന്നത്തെ നിരവധി സംഘടനകളും അവയുടെ നിരന്തരമായ കുപ്രചരണങ്ങളും ദൈവനിന്ദയും ദൈവവിദ്വേഷവും സാധുതൊഴിലാളികളിലും ബാലികാബാലകന്മാരുടെ പിഞ്ചുഹൃദയങ്ങളിലും കുത്തിവെക്കുന്നുണ്ടു്. വിദ്യാലയങ്ങൾ, പത്രമാസികകൾ, പ്രസംഗവേദികൾ, വ്യവസായശാലകൾ, സിനിമാശാലകൾ, നിശാസമ്മേളനങ്ങൾ എന്നിവയിൽനിന്നും അനുദിനം ഉയർന്നുകൊണ്ടിരിക്കുന്ന ദൈവനിന്ദനങ്ങളും ദൂഷണങ്ങളും എത്ര ഭയങ്കരം!

ദൈവത്തിനുമാത്രമേ പാപങ്ങൾ വിമോചിക്കുവാൻ അധികാരമുള്ളു. പുരോഹിതന്മാർ പാപവിമോചനം നല്കുന്നുണ്ടെങ്കിൽ അതു് ദൈവത്തിന്റെ പ്രതിനിധികൾ എന്ന നിലയ്ക്കും ദൈവശക്തി ഉപയോഗിച്ചുകൊണ്ടും മാത്രമാണു്. ഇന്നത്തെ സുവിശേഷത്തിൽ ക്രിസ്തു ഒരു തളർവാതരോഗിയുടെ പാപങ്ങൾ വിമോചിക്കുകയും തദ്വാരാ താൻ സാക്ഷാൽ ദൈവമാണെന്നു പ്രഖ്യാപിക്കയും ചെയ്യുന്നു. പാപവിമോചനാധികാരം ദൈവത്തിനുമാത്രമുള്ളതാണെന്നു് ഫരീശന്മാർക്കും അറിയാമായിരുന്നു. എന്നാൽ അവർ ക്രിസ്തുവിനെ ഒരു മനുഷ്യനായി മാത്രമേ പരിഗണിച്ചിരുന്നുള്ളു. അതുകൊണ്ടു്, ഒരു മനുഷ്യൻ സ്വയം ദൈവമാണെന്നു നടിച്ചുകൊണ്ടു മനുഷ്യർക്കു പാപവിമോചനം നല്കുന്നതു് ദൈവത്തെ ദുഷിക്കുകയാണെന്നു അവർ വിധിച്ചതിൽ അബദ്ധമില്ല. "ഇവൻ ദൈവദൂഷണം സംസാരിക്കുന്നു." എന്നാൽ യഥാർത്ഥത്തിൽ ദൈവദൂഷണം സംസാരിച്ചവർ ഫരീശന്മാർ തന്നെയല്ലേ? നിരവധി അത്ഭുതങ്ങൾമൂലം ക്രിസ്തു തന്റെ ദൈവത്വം അനിഷേദ്ധ്യമായവിധത്തിൽ തെളിയിച്ചിട്ടുണ്ടായിരുന്നു. തന്നിമിത്തം അങ്ങുന്നു് ദൈവമാണെന്നും തൽഫലമായി അങ്ങേക്കു പാപങ്ങൾ മോചിക്കുവാനുള്ള അധികാരമുണ്ടായിരുന്നുവെന്നും അവർ മനസ്സിലാക്കേണ്ടതായിരുന്നു. എന്നാൽ അവരാകട്ടെ തങ്ങളുടെ അവിശ്വാസത്തിൽ ഉറച്ചുനിന്നുകൊണ്ടു സാക്ഷാൽ ദൈവമായിരുന്ന ക്രിസ്തുനാഥനു പാപങ്ങൾ വിമോചിക്കുവാനുള്ള അധികാരമില്ലെന്നു വാദിക്കുന്നു! യഥാർത്ഥത്തിൽ ഇതല്ലേ ദൈവദൂഷണം?

ദൈവത്തേയും, വിശുദ്ധന്മാരേയും, വിശുദ്ധവസ്തുക്കളേയും തിരുകർമ്മാദികളേയും കുറിച്ചു് അനാദരമായും അവഹേളനാപരമായും സംസാരിക്കുന്നതിനാണു ദൈവദൂഷണമെന്നു സംജ്ഞ നൽകിയിരിക്കുന്നതു്. ദൈവത്തെ ദുഷിക്കുന്നതു പല പ്രകാരത്തിലാകാം. ദൈവത്തിന്റെ ഗുണലക്ഷണങ്ങൾക്കു വിപരീതമായ എന്തെങ്കിലും അങ്ങയിൽ ആരോപിക്കുമ്പോൾ അതു് ദൈവദൂഷണമായിത്തീരുന്നു. ദൈവം മനുഷ്യരുടെ കഷ്ടതകളിൽ സന്തോഷിക്കുന്ന കണ്ണിൽ ചോരയില്ലാത്ത ഒരു ക്രൂരസത്വമാണു്, ഒരു സ്വേച്ഛാധിപതിയാണു്, കടുത്ത അനീതികൾ പ്രവർത്തിക്കുന്നവനാണു്, എന്നെല്ലാം പറയുമ്പോൾ അതു് ദൈവത്തിന്റെ അനന്തമായ നന്മയ്ക്കും, സ്നേഹത്തിനും, പരിശുദ്ധിക്കും, നീതിക്കും വിരുദ്ധമായുള്ള ഭയങ്കര ദൈവദൂഷണമായിത്തീരുന്നു. "ദൈവം എന്തുകൊണ്ടാണു് ദുഷ്ടന്മാരെ ശിക്ഷിക്കാത്തതു്?" "ദൈവത്തിനു് ഈ ലോകം മുഴുവനും ഭരിച്ചുകൊണ്ടുപോകുവാൻ വലിയ ഭാരമായിരിക്കുമല്ലോ" എന്നെല്ലാം പറയുന്നതും ദൈവദൂഷണമായിരിക്കും. "ഞാനും ദൈവവും പണ്ടേതന്നെ വലിയ ചങ്ങാതിമാരാണു്; അങ്ങേരു് എന്നെ ഉപദ്രവിക്കയില്ല; അങ്ങേക്കു ഇഷ്ടമുണ്ടെങ്കിലും ഇല്ലെങ്കിലും ഞാനിതു് ചെയ്യും; ഈ ലോകത്തിൽ എനിക്കു ബോധിച്ചോണം; ആ ലോകത്തിൽ അങ്ങേക്കു ബോധിച്ചോണം" എന്നെല്ലാം കേവലം ബഹുമാനലേശമില്ലാതെ സംസാരിക്കുന്നതും ദൈവദൂഷണമായിരിക്കും. ദൈവത്തെപ്പററിമാത്രം പറയാവുന്ന ഗുണവിശേഷങ്ങൾ സൃഷ്ടികൾക്കു നൽകപ്പെടുമ്പോൾ അതും ദൈവദൂഷണമായിത്തീരുന്നു. മഹാന്മാരായ മനുഷ്യരെപ്പററി അങ്ങനെയുള്ള ചില സ്തുതിഗീതങ്ങൾ നാം കേൾക്കാറുണ്ടല്ലോ. "അദ്ദേഹം ലോകത്തിന്റെ വെളിച്ചമാണു്. ലോകത്തെ രക്ഷിച്ചവനാണു്" എന്നെല്ലാം അതിതരകവിഞ്ഞ ആവേശത്തള്ളലിൽ പ്രഘോഷിച്ചുകൊണ്ടു മനുഷ്യരെ ദൈവത്വപീഠത്തിൽ പ്രതിഷ്ഠിക്കുന്നതും ആരാധിക്കുന്നതും ദൈവദൂഷണമല്ലേ? പ്രേമബദ്ധരായവർ വികാരത്തള്ളലിൽ പെട്ടുകൊണ്ടു്, "എന്റെ ഹൃദയനിക്ഷേപമേ, എന്റെ ജീവനേ, എന്റെ സർവ്വസ്വമേ, എന്റെ ദൈവമേ" എന്നെല്ലാം പ്രേമഭാജനത്തെ അഭിസംബോധനം ചെയ്തുകൊണ്ടു ആരാധിക്കുന്നതും സൂക്ഷിച്ചുവേണ്ടിയിരിക്കുന്നു.

പരി. കന്യകയേയും മററു വിശുദ്ധന്മാരേയും പററി സംസാരിക്കുമ്പോൾ പ്രകടിപ്പിക്കുന്ന നിന്ദയും അസഭ്യവർഷവും പരോക്ഷമായി ദൈവത്തിൽത്തന്നെയാണു് ചെന്നലയ്ക്കുന്നതെന്നു അല്പം ആലോചിച്ചാൽ മനസ്സിലാക്കാമല്ലോ. അങ്ങനെയുള്ള പ്രസ്താവങ്ങൾ ഇക്കാലത്തു സുലഭമാണു്—"കാഴ്ചപ്പാടുക"ളുടെ ഈ നാളുകളിൽ പ്രത്യേകിച്ചും. ഇക്കാര്യത്തിൽ എല്ലാവരും കൂടുതൽ കരുതലോടെ സംസാരിക്കേണ്ടതാണു്. "പെണ്ണുങ്ങളുടെ കുർബാനകൈക്കൊള്ളപ്പാടുകൊണ്ടു ഗോതമ്പിനു ക്ഷാമമായി", "കുർബാനയ്ക്കു വിലകൂട്ടി", "കൂദാശകളിലും കരിഞ്ചന്ത" എന്നിങ്ങനെ കൂദാശകളേയും വിശുദ്ധകാര്യങ്ങളേയുംപററിയുള്ള പരിഹാസങ്ങൾ സർവ്വദാ നിഷിദ്ധങ്ങളാണു്. "ദൈവം ഇല്ലായിരുന്നുവെങ്കിൽ നന്നായിരുന്നു", "എന്നെ ശിക്ഷിക്കുവാൻ ദൈവത്തിനു് സാധിക്കുമായിരുന്നില്ലെങ്കിൽ, ഹാ..." എന്നെല്ലാം പറയുന്നവൻ ദൈവദൂഷണം പറയുന്നു. "ദൈവം ചെയ്യുന്നതൊന്നും ശരിയാകുന്നില്ല. ഞാൻ ദൈവമായിരുന്നെങ്കിൽ, ഹാ, എത്ര ഭംഗിയായി ഞാൻ ലോകത്തെ ഭരിക്കുമായിരുന്നു" എന്നു ജല്പിക്കുന്നവരും ഭയങ്കരമായ ദൈവദൂഷണമല്ലേ ഉച്ചരിക്കുന്നതു്? "നശിച്ച മനുഷ്യർ," "നശിച്ച മഴ" "നശിച്ച മൃഗം" എന്നെല്ലാം ദൈവത്തിന്റെ സൃഷ്ടികളേയും, പ്രവൃത്തികളേയും, ക്രമീകരണങ്ങളേയും കുറിച്ചു ശാപവർഷങ്ങൾ ചൊരിയുന്നവർ ദൈവദൂഷണമാണു് ഉച്ചരിക്കുന്നതു്. കേരളത്തിലെ കൃഷിയുടെ ജയാപജയങ്ങൾ കാലാവസ്ഥയെ ആശ്രയിച്ചാണിരിക്കുന്നതു്. തന്നിമിത്തം ചിലപ്പോൾ മഴയും വെയിലും വേണ്ടതുപോലെ ലഭിക്കാതെ വരുമ്പോൾ ദൈവത്തിന്റെ ക്രമീകരണങ്ങളെ ശപിക്കാതിരിപ്പാൻ പ്രത്യേകം ശ്രദ്ധിക്കണം. ചുരുട്ടിയ മുഷ്ടികൾ ആകാശത്തിലേക്കുയർത്തുന്നതും വിശുദ്ധവസ്തുക്കളുടെനേർക്കു അനാദരവു കാണിക്കുന്നതും മററും നിസ്സംശയമായ ദൈവദൂഷണമാണെന്നു പറയേണ്ടതില്ലല്ലോ.

ഇതരപാപങ്ങൾ പരോക്ഷമായൊ അങ്ങുന്നു് നൽകിയിട്ടുള്ള പ്രമാണങ്ങൾ ലംഘിക്കപ്പെടുന്നതോതനുസരിച്ചോ മാത്രമേ ദൈവത്തെ സ്പർശിക്കയും അവമാനിക്കയും ചെയ്യുന്നുള്ളു. എന്നാൽ ദൈവദൂഷണമാകട്ടെ ദൈവത്തെ നേരിട്ടു (Personally) സ്പർശിക്കയും അവഹേളിക്കയും ചെയ്യുന്നു. തന്നിമിത്തം അതിന്റെ ഗൗരവം സ്പഷ്ടമാണല്ലോ. ദൈവത്തിൽ വിശ്വസിക്കയും അങ്ങേ ഗുണഗണങ്ങളെ സ്പഷ്ടമായി ഗ്രഹിക്കയും ചെയ്തിട്ടുള്ള ഒരു കത്തോലിക്കൻ ദൈവദൂഷണങ്ങൾ ഉച്ചരിക്കുമ്പോൾ അതു് ഗുരുതരമായിത്തീരുന്നു. നമ്മുടെ വീടുകളിൽ ദൈവദൂഷണത്തിനു് കൂടുതൽ പ്രചാരം സിദ്ധിച്ചുവരുന്നുണ്ടോ? കുരിശുവരയ്ക്കുവാൻ പഠിക്കുന്നതിനുമുമ്പുതന്നെ നമ്മുടെ കുട്ടികൾ ദൈവദൂഷണങ്ങൾ ഉച്ചരിക്കുന്നതിൽ പ്രാവീണ്യം നേടിക്കഴിയുന്നില്ലേ? കുടുംബത്തിലെ പ്രായമുള്ള അംഗങ്ങളിൽനിന്നല്ലേ കുട്ടികൾ ഇതെല്ലാം പഠിച്ചറിയുന്നതു? എന്നെല്ലാം ആത്മസംശോധന ചെയ്യേണ്ടതാണു്. കോപതാപവികാരങ്ങൾ ഉൽക്കടമാകുമ്പോൾ നാവിനെ നിയന്ത്രിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കണം. പരി. ത്രിത്വസ്തുതിഇടയ്ക്കിടെ ഉരുവിടുന്നതു നല്ലോരു പരിഹാരകൃത്യമായിരിക്കും. "സർവ്വേശ്വരൻ വാഴ്ത്തപ്പെട്ടവനാകട്ടെ" എന്നാരംഭിക്കുന്ന പരിഹാരജപം ആത്മാർത്ഥമായും ഭക്തിപൂർവ്വം ഉച്ചരിക്കുന്നതും ഏററവും അഭിലഷണീയമാണു്. സാമ്പത്തികമായ അസമത്വങ്ങൾ ഭയങ്കരമായ വിധത്തിൽ മനുഷ്യസമുദായത്തെ ഇന്നു് തുറിച്ചുനോക്കിക്കൊണ്ടിരിക്കുന്നുണ്ടു്. പട്ടിണിപ്പാവങ്ങൾ ധാരാളമുണ്ടെന്നുള്ളതു് ഒരു പരമാർത്ഥംമാത്രമാണു്. സ്വാർത്ഥവും ചൂഷണവും അനീതിയും നടമാടുന്നുണ്ടെന്നുള്ളതും പരമാർത്ഥംതന്നെയാണു്. ഭക്ഷണപ്രശ്നം നിരാശാജനകമായിത്തീർന്നിരിക്കുന്നു. എന്നാൽ, ഇതിന്റെയെല്ലാം ഉത്തരവാദിത്വം ദൈവത്തിന്റെമേൽ കെട്ടിവെച്ചുകൊണ്ടു് അങ്ങയെ ദുഷിക്കുവാൻ ഒരുമ്പെടുന്നതു് ഭയങ്കരമായ ദൈവദോഷമായിരിക്കും. സാമ്പത്തികമായ കുഴപ്പങ്ങളെല്ലാം മനുഷ്യർതന്നെയാണു് വരുത്തിവെക്കുന്നതെന്നു്—ചിലരുടെ സ്വാർത്ഥതല്പരതയും, ചൂഷണമനസ്ഥിതിയും, അനാസ്ഥയും, അനീതികളും മററുമാണു ഇതിനെല്ലാംകാരണമെന്നു്—അല്പം ആലോചിച്ചാൽ സ്പഷ്ടമാകും. അതിനു് ദൈവത്തെ ദുഷിക്കുന്നതു് കടുത്ത അനീതിയല്ലേ? (ജെ. ചെമ്മണ്ണൂർ)

ഉദ്ദിഷ്ടകാര്യം സാധിച്ചതിന്



ഫാ. പീററർ കെ. പരവര

## അറിയിപ്പ്

എന്നിൽനിന്നും പത്രം എടുത്തുകൊണ്ടിരിക്കുന്ന മാന്യവരിക്കാർ 23-ാം പുസ്തകത്തിന്റെ കുടിശിഖ തന്നുതീർക്കാനുള്ളവർ അതും 24-ാം പുസ്തകത്തിന്റെ വരിസംഖ്യ മുൻപേറും ഏൽപ്പിക്കേണ്ടതാണു് എന്നു മാന്യവരിക്കാരെല്ലാവരെയും അറിയിച്ചുകൊള്ളുന്നു.

എന്നു് കുരുവിള എം. മററത്തിൽ
വെള്ളിലാത്തൊട്ടി, മേലുകാവുമററം

## മാതാവിനോട്

(എന്നാളുമിഹ സുഖ........ എ. മ.)

1 മാനവനാഥേ! വാനവരൂപിണി
വാഴ്കതായേ! ചിരകാലം
നന്മകൾ നൽകാൻ തിന്മകൾ നീക്കാൻ
നിൻപദമേയിനി ശരണം
2 പുണ്യപൂർണ്ണം—സ്നേഹപൂർണ്ണം
അധികം-വിമലം-തവനാമം
ശാന്തിയേകി—ക്ലാന്തിയാററി-
ഭുവനം, വിമലം—തിരുനാമം
മേരിനാമം—പാടിടേണം
ലോകം—വേഗം—ഗുണനാമം
3 മാനുഷകന്മഷ മാലുകളാററുക
മാനവനായികമാതാവേ!
മാനവനിനിയും മാതൃകയേകും
വാനവർ പാടും മണവാട്ടി
വാഴ്കനാഥേ! വാനവതായേ!
വാഴ്ക വാഴ്ക നായികയേ!
അഴലുകൾ പൊഴിയും വഴിയിൽ
കഴലുകൾ ശരണം വരണം, മേരി-
(പി എൽ ഇടപ്പള്ളി)

## സൗജന്യവിതരണ ഫണ്ട്

മി. മത്തായി പൗലോസ്, തോപ്പിൽ വീട്, വടയാർ വടക്കു് ക. 6—0—0
മി. കെ. ടി. അയ്യു് C/o സൊഡാലിററി പ്രീഫെക്ട്, കല്ലൂക്കാട് 6—0—0

# തീർത്ഥകസ്മരണകൾ

VII

ഏപ്രിൽ 21-ാംനു- കാലത്തു പ്രാതൽ കഴിഞ്ഞയുടൻ ഞങ്ങളെല്ലാവരുംകൂടി വിശുദ്ധവത്സര കേന്ദ്രസമിതിയദ്ധ്യക്ഷൻ ബിഷപ്പ് പിഗ്നത്തല്ലി തിരുമേനിയെ സന്ദർശിപ്പാനായി പ്രൊപ്പഗാന്തതിരുസംഘം ആപ്പീസ് കെട്ടിടത്തിലേക്കു യാത്രതിരിച്ചു. ബൃഹദാകാരമായ പ്രസ്തുത മണിമേടയുടെ ഒന്നാം നിലയിലുള്ള ഏതാനുംമുറികളാണു കേന്ദ്രക്കമ്മിററി ആപ്പീസായി ഉപയോഗിച്ചുവരുന്നതു്. അദ്ധ്യക്ഷൻ തിരുമേനിയുടെ സെക്രട്ടറിമാരിൽ ഒരു വൈദികോത്തമൻ ഞങ്ങളെ പാർളർ മുറിയിലേക്കാനയിച്ചു. അധികം താമസിയാതെ ബിഷപ്പു പിഗ്നത്തല്ലി തിരുമനസ്സുകൊണ്ടു സുസ്മേരവദനനായി ഞങ്ങളുടെ മദ്ധ്യേ സമാഗതനായി. ഇംഗ്ലീഷു ഭാഷ നന്നായി സംസാരിക്കുവാൻ വശമുള്ള അദ്ദേഹം സൗഹാർദ്ദപൂർവ്വം ഞങ്ങൾക്കു സ്വാഗതമരുളി. ഭാരതീയരായ ഇത്രയധികം തീർത്ഥകരെ ഒന്നിച്ചുകാണുവാനിടയായതിൽ അദ്ദേഹത്തിനു അതിമാത്രമായ ചാരിതാർത്ഥ്യമുണ്ടെന്നും, ഞങ്ങൾക്കുവേണ്ട സകല ഒത്താശകളും സസന്തോഷം ചെയ്തുതരുന്നതാണെന്നും അദ്ദേഹം പറഞ്ഞു. പ്രതീക്ഷിച്ചിരുന്നത്ര തീർത്ഥകർ ഇന്ത്യയിൽനിന്നു പുറപ്പെട്ടുകാണാത്തതിൽ ജൂബിലിയാഘോഷ സെൻട്രൽ കമ്മിററിക്കുള്ള ഇച്ഛാഭംഗവും അദ്ദേഹം സൂചിപ്പിക്കാതിരുന്നില്ല. പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പാ തിരുമനസ്സിലെ പ്രതിമയോടുകൂടിയ മനോഹരമായ ജൂബിലി മെഡലുകൾ അദ്ദേഹംതന്നെ ഞങ്ങൾക്കു വിതരണം ചെയ്തു. ഭാരതീയരായ തീർത്ഥകരോടുള്ള പ്രത്യേകസൗമനസ്യത്തിൻെറ അടയാളമായി പേപ്പൽ കൂടിക്കാഴ്ചയും, അടുത്ത ഞായറാഴ്ച നടക്കുവാനിരുന്ന നാമകരണ ചടങ്ങുകൾക്കും പേപ്പൽ അൾത്താരിന്നടുത്തുള്ള സ്ഥലത്തേക്കു ഞങ്ങൾക്കു ശീട്ടുതരുന്നതാണെന്നും, ടിക്കററുകൾ ഞങ്ങളുടെ താമസസ്ഥലത്തു അന്നു വൈകുന്നേരം എത്തിച്ചുതരുവാൻ ഏർപ്പാടുചെയ്യുന്നതാണെന്നും അദ്ദേഹം പറഞ്ഞു. ആപ്പീസിൻെറ മുൻഭാഗത്തുവച്ചു ഞങ്ങളുടെ ഒരു ഗ്രൂപ്പ് ഫോട്ടോ എടുക്കുവാൻ അദ്ദേഹം സിക്രട്ടറിയോടു ചട്ടം കെട്ടുകയും ചെയ്തു. വെണ്ണക്കല്ലുകൊണ്ടുള്ളതും പുരാതനവും മനോഹരവുമായ പല പ്രതിമകളാലും, ചേതോഹരമായ ചുവർചിത്രങ്ങളാലും, വിലയേറിയ പരവതാനികളാലും മോടിയിൽ അലങ്കരിക്കപ്പെട്ടിരുന്ന ഏതാനും ശാലകളും ചുററിനടന്നു കണ്ടതിനുശേഷം ഞങ്ങൾ കീഴോട്ടിറങ്ങിയപ്പോൾ, പ്രവേശനദ്വാരത്തിൽ ഫോട്ടോഗ്രാഫർ തയ്യാറുണ്ടായിരുന്നു.

കറുത്തവരെന്നു മാത്രമല്ല, വിവിധവർണ്ണത്തിലും പല സമ്പ്രദായത്തിലുമുള്ള വേഷവിധാനങ്ങളോടുകൂടിയ ഞങ്ങളുടെ പടമെടുക്കുന്നതിൽ ഫോട്ടോഗ്രാഫർക്കു സാമാന്യത്തിൽക്കവിഞ്ഞ കൗതുകവും താല്പര്യവുമുള്ളതായി തോന്നി. പുരുഷന്മാരിൽ ചിലർ കാൽച്ചട്ടയും കോട്ടും തൊപ്പിയും ബൂട്ട്സും ധരിച്ച തനിസായിപ്പന്മാർ; മററു ചിലരാകട്ടെ നഗ്നപാദരായി മുണ്ടും ഷർട്ടും തോർത്തും മാത്രമുള്ള ശുദ്ധനാടന്മാർ; വേറെ ചിലർ സായിപ്പുമല്ല, നാടനുമല്ല എന്ന മട്ടിൽ ഉടുപ്പിട്ടവർ. വനിതകളിൽ ചുരുക്കം ചിലർ മുടി ക്രോപ്പ് ചെയ്ത്, ഫ്റോക്കും ബ്ലൗസുമായി മദാമ്മമാരെപ്പോലെയും, മററു ചിലർ കാർക്കൂന്തൽ പിന്നിൽ കെട്ടി, സാരിയിൽ പൊതിഞ്ഞ്, ഭാരതീയവനിതകളുടെ പ്രസിദ്ധമായ വസ്ത്രധാരണരീതിയിലും കാണപ്പെട്ടു. സാരിയുടുത്ത സ്ത്രീകളെ കാണുന്നതു ശീമക്കാരികൾക്കു അത്യധികം രസാവഹമായിത്തോന്നിയെങ്കിലും, സാരി വാങ്ങിച്ചോദിക്കുവാൻ മാത്രം സാരിഭ്രമം അവരിലാരെയും തീണ്ടിയതായി എൻെറ അറിവിൽ പെട്ടില്ല. ഏതായാലും വർണ്ണത്തിലും വേഷവിധാനത്തിലുമുള്ള ഈ വൈചിത്ര്യം കൊണ്ടായിരിക്കാം, ഞങ്ങൾ ചെന്നേടത്തെല്ലാം ഫോട്ടോ എടുക്കുന്നവരുടെ ബഹളം അതികലശലായിരുന്നു. ദേശാടനം നടത്തുന്നവരും, സായാഹ്നസവാരിക്കിറങ്ങുന്നവരും ചെറിയ ക്യാമറ കൊണ്ടുനടക്കുക അവിടങ്ങളിൽ സാധാരണമാണ്. ഞങ്ങളെ കണ്ടുമുട്ടുമ്പോൾ അവർക്കുണ്ടാകുന്ന കൗതുകാതിരേകത്തെ രേഖപ്പെടുത്തുവാനായി ഒരു ഫോട്ടോ എടുത്തെങ്കിലേ അവർക്കു തൃപ്തിയാകയുള്ളു. ചിലപ്പോൾ ഒന്നിച്ചായിരിക്കും. അല്ലെങ്കിൽ കുറച്ചു പേരെ തിരിച്ചായിരിക്കും. ഇങ്ങനെ ഞങ്ങൾ അറിഞ്ഞും അറിയാതെയും, ഞങ്ങളുടെ സമ്മതം വാങ്ങിയും വാങ്ങാതെയും എടുത്തിട്ടുള്ള ഫോട്ടോകൾക്കു കണക്കില്ല. ഞങ്ങളുടെ കൂട്ടത്തിൽ അധികമാളുകളുടെ പ്രത്യേകശ്രദ്ധയ്ക്കും ആകർഷണത്തിനും വിഷയീഭവിച്ചതു തെങ്കാശിക്കാരനായ മൂപ്പനാരും, കോട്ടയത്തുകാരനായ "കത്തോലിക്ക"നുമാണ്. ആറടിയിൽ കുറയാത്ത കിളരം; അതിനുചേർന്ന തടിയും. കാലിൽ വള്ളിച്ചെരിപ്പുപോലുമിടാതെ, മുണ്ടും ഷർട്ടും മാത്രം ധരിച്ചു രണ്ടാംമുണ്ടു തലയിൽ കെട്ടിയുംകൊണ്ടു ഗൗരവഭാവത്തിൽ പ്രത്യക്ഷപ്പെടുന്ന മൂപ്പനാരെ കാണുമ്പോൾ കുട്ടികളും പെണ്ണുങ്ങളും ആണുങ്ങളും ചുററും കൂടും. അവരോരോന്നു ചോദിക്കുവാൻ തുടങ്ങും. "കത്തോലിക്ക"നാണു സാമാന്യേന ഉത്തരം പറയുക. അതാകട്ടെ പച്ചമലയാളത്തിലും! എല്ലാവരും കൂടുകൂടെ ചിരിക്കും. എന്നാൽ ഇതൊന്നും കളിയാക്കിക്കൊണ്ടല്ലെന്നോർക്കണം. ഞങ്ങൾ സന്ദർശിച്ച സ്ഥലങ്ങളിലെല്ലാം ഏവരും പ്രതീക്ഷാതീതമായ ബഹുമാനാദരങ്ങളാണു ഞങ്ങളോടു പ്രദർശിപ്പിച്ചതു്.

കാലത്തെടുത്ത ഫോട്ടോയുടെ കോപ്പികൾ വൈകുന്നേരംതന്നെ ഞങ്ങളുടെ ഇടയിൽ വിതരണംചെയ്യപ്പെട്ടു. ഇതു കണ്ടപ്പോൾ ഞങ്ങൾക്കുളവായ വിസ്മയം മനസ്സിലാക്കിയ ഹോട്ടൽജോലിക്കാരിൽ ഒരാൾ പറഞ്ഞു, ഫോട്ടോ എടുത്തു ഏതാനും വിനാഴികകൾക്കുള്ളിൽ കോപ്പികൾ കൊടുക്കുകയാണ് അവിടത്തെ പതിവെന്നു്. പിന്നീടു ഞങ്ങൾക്കതു പലതവണയും അനുഭവപ്പെടുകയും ചെയ്തു. ഇവിടെയാണെങ്കിൽ ഒരു ഫോട്ടോ എടുത്താൽ രണ്ടോ മൂന്നോ ആഴ്ചയോളം ഫോട്ടോഗ്രാഫറെ അലട്ടിയാൽതന്നെ കോപ്പികൾ കിട്ടുവാൻ പ്രയാസം! സകല സംഗതികളിലും നാടൻമുറ ഇങ്ങനെയാണ്. ശീമമുറയാകട്ടെ എത്ര വ്യത്യസ്തം! തൊട്ടതിനും പിടിച്ചതിനുമൊക്കെ ശീമക്കാരെ കുററംപറയുന്ന നാട്ടുകാർ, കാര്യനിർവ്വഹണത്തിൽ അവർക്കുള്ള ചിട്ടയും നിഷ്കർഷയും കുറച്ചൊന്നനുകരിച്ചിരുന്നെങ്കിൽ! ——— (പി. കാഞ്ഞൂർ ചേറി)

പ്രസ്തകാഭിപ്രായം

### തിരുബാലസംഘത്തിൻെറ

## ചുരുങ്ങിയവിവരണം

(പ്രസാധകൻ: റവ. ഫാദർ ജോർജ്ജ് പാനികുളം, കമ്മലീത്താ മഠം, പരിയാരം A. O. ചാലക്കുടി വഴി. പക്ഷം 40, വില 3 ണ.)

അനാഗതരുടെ (Pagans) കുട്ടികൾ മാമ്മോദീസാ മുങ്ങുവാൻ ഇടയാകുന്നപക്ഷം അവരെ വളരെയധികം സഹായിക്കേണ്ടിവരുന്നതു നിമിത്തം അതിനായി വേദപ്രചാരസംഘംപോലെ വേറൊരു സംഘം പരിശുദ്ധ പിതാവു പതിനൊന്നാം പീയൂസു മാർപ്പാപ്പാ സ്ഥാപിക്കയുണ്ടായി. അതിൻെറ പേരാണു തിരുബാലസംഘം. 1922-ൽ സ്ഥാപിതമായ ഈ സംഘം ലോകത്തിനു അത്യധികം നന്മചെയ്തിട്ടുണ്ടു്. അതിൻെറ ചരിത്രവും അംഗങ്ങളുടെ ചുമതലകളും ഇതുവരെയുള്ള പ്രവർത്തനങ്ങളും വിവരിക്കുന്ന ഒരു ഇംഗ്ലീഷു പുസ്തകത്തിൻെറ പരിഭാഷയാണ് ഇവിടെ നിരൂപണത്തിനു വിധേയമാകുന്നതു്. മുക്കാൽഭാഗവും ചിത്രങ്ങളും കാൽഭാഗംമാത്രം വിവരണങ്ങളുമടങ്ങിയ ഈ ലഘുഗ്രന്ഥം എത്രയും ആകർഷകംതന്നേ. പൊന്തിഫിക്കൽ സംഘങ്ങളുടെ ഇന്ത്യയിലെ നാഷനൽ ഡിറക്ടരായ ഫാദർ ഇഗ്നേഷ്യസു സാമ എസ്. ജെ. യാണ് ഇതിൻെറ ഇംഗ്ലീഷുമൂലം രചിച്ചിട്ടുള്ളതെന്നു പറയുമ്പോൾ ഇതിൻെറ പ്രസാധകനായ ഫാദർ ജോർജ്ജ് പാനികുളത്തിനു് തിരുബാലസംഘത്തെപ്പററി ഇതിനെക്കാൾ ഭേദമായ ഒരു മാർഗ്ഗദർശി അനുവാചകരുടെ കരങ്ങളിൽ സമർപ്പിക്കുവാൻ കഴിയുകയില്ലെന്നുള്ളതിനു സന്ദേഹമില്ല. ഇതിൻെറ പ്രവർത്തകരെ സർവ്വേശ്വരൻതന്നെ അനുഗ്രഹിക്കട്ടെ.

(T. M.)

തൃശ്ശിവപേരൂർ ലൂർദ്ദ് പള്ളിക്കുറിപരസ്യം

(ബഹു. തിരു-കൊച്ചി ഗവർമ്മേണ്ടിൽനിന്നും സിദ്ധിച്ച L. Dis. 5876/50-R. D. നമ്പ്ര് അനുവാദപ്രകാരം ടി പള്ളി പന്തിയായി തുടങ്ങുന്ന

പുതിയ മാസക്കുറി

നറുക്ക് 1 ക്ക് 100 ക. 111 നറുക്ക് 11,100 ക. സല.

ആദ്യത്തെ നറുക്കെടുപ്പ് 1950 നവമ്പർ 15-ാംനു- 1126 തുലാം 29-ാംനു-

N. B. കുറിയിൽ കുറഞ്ഞതു് 1 32 അംശം (3 ക. 2. ണ. യുടെ വീതം) വരെ ചേരാവുന്നതാണ്.

കുറിയെ സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്കും, അപേക്ഷാഫാറത്തിനും താഴെ കാണുന്ന വിലാസത്തിൽ ആവശ്യപ്പെടുക.

തൃശ്ശിവപേരൂർ, 1—9—1950

ട്രസ്റ്റി, ലൂർദ്ദ് പള്ളി കുറി ആപ്പീസ്

ആരോഗ്യപംക്തി

## അകത്തിയിലയും മുരിങ്ങയിലയും

(ഡാക്ടർ എൻ. കൃഷ്ണൻതമ്പി, പബ്ലിക്ക് ഹെൽത്ത് ഡയറക്ടർ)

മേൽപ്രസ്താവിച്ച രണ്ടുതരം ഇലക്കറിസാധനങ്ങളെപ്പററി മദ്രാസ് പത്രങ്ങളിൽ പ്രസിദ്ധപ്പെടുത്തിയിരുന്നതു് നിങ്ങളിൽ പലരും അനുസ്മരിക്കുന്നുണ്ടായിരിക്കുമല്ലോ. സംസ്ഥാനത്തിലെ ജനങ്ങളുടെ അറിവിലേക്കായി ഇതിനെപ്പററി ചില വിവരങ്ങൾ പ്രസിദ്ധപ്പെടുത്തുന്നതു് ഉചിതമായിരിക്കുമെന്നു കരുതുന്നു.

തിരുനൽവേലി ഡിസ്ട്രിക്ടിലെ ഒരു ഗ്രാമത്തിൽ അടുത്തകാലത്തു് മാലക്കണ്ണ് (night blindness) എന്ന ഒരു രോഗം പ്രത്യക്ഷപ്പെടുകയുണ്ടായി. അന്വേഷണത്തിൻെറ ഫലമായി ആഹാരത്തിലെ "ഏ" ജീവകത്തിൻെറ (Vitamin A) തുടർച്ചയായുള്ള അഭാവമാണ് ഇതിനു കാരണമെന്നു മനസ്സിലാക്കുവാൻ സാധിച്ചു. പ്രസ്തുതജീവകത്തിൻെറ കുറവു പരിഹരിക്കമാത്രമേ ഈ രോഗത്തെ നേരിടേണ്ടതിനു് ആവശ്യമായിരുന്നുള്ളു. ഷാർക്കു ലിവർ ഓയിൽ, കാഡ്ലിവർ ഓയിൽ മുതലായവയിൽ പ്രസ്തുത ജീവകം ധാരാളമുണ്ട്. കൂടാതെ വെണ്ണ, മാമ്പഴം, ഓമക്കാ, തക്കാളിപ്പഴം, പച്ചിലക്കറിസാധനങ്ങൾ മുതലായവയിലും ഇതു സമൃദ്ധമായിട്ടുണ്ട്. നിത്യവും ഇവയിൽ ഏതെങ്കിലും സാധനങ്ങൾ ഉപയോഗിക്കുന്നവർക്കു മേൽപ്പറഞ്ഞ രോഗത്തെയോ "ഏ" ജീവകത്തിൻെറ അഭാവത്താലുണ്ടാകുന്ന ഇതരരോഗങ്ങളെയോ ഭയപ്പെടേണ്ട ആവശ്യമില്ല. പാവപ്പെട്ടവരുടെയിടയിൽ കാഡ്ലിവർ ഓയിലും വെണ്ണയും മററുപഴവർഗ്ഗങ്ങളും അവരുടെ ആഹാരത്തിൽ അടങ്ങിയിരിക്കുന്ന സാധാരണ സാധനങ്ങളല്ലാത്തതിനാൽ "ഏ" ജീവകം ലഭ്യമാകുന്നതിനായി അവരുടെ ആഹാരസാധനങ്ങളിൽ പച്ചിലക്കറികളെയാണു ആധാരമാക്കേണ്ടിയിരിക്കുന്നതു്. സാധാരണയായി പല തരത്തിലുള്ള കീരയാണു് പച്ചിലക്കറികളായി ഉപയോഗിച്ചുവരുന്നതു്. എന്നാൽ എല്ലാവർക്കും വിശേഷിച്ച് പാവപ്പെട്ടവർക്ക് ഇവ സുലഭമായി കിട്ടി എന്നു വരുന്നതല്ല.

മദ്രാസ് നിയമസഭയിൽ തിരുനൽവേലി ഡിസ്ട്രിക്ടിലുണ്ടായ ഈ രോഗത്തെ സംബന്ധിച്ച ഒരു ചോദ്യത്തിനു് മറുപടിയായി ബഹുമാനപ്പെട്ട ഡാക്ടർ രാജൻ പ്രസ്താവിച്ചതു് അകത്തിയിലയും മുരിങ്ങയിലയും പ്രസ്തുത രോഗത്തിനു പ്രതിവിധിയാണെന്നാണ്. ഇതിലേക്കു് എല്ലാവരുടെയും ശ്രദ്ധയെ ആകർഷിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. പ്രത്യേകപരിചരണമോ ശ്രദ്ധയോ കൂടാതെതന്നെ ധാരാളം ഇല അനേകവർഷത്തേക്കു് തുടർച്ചയായി കിട്ടത്തക്കവണ്ണം വളരുന്ന മരങ്ങളാണ് അകത്തിയും മുരിങ്ങയും. തന്മൂലം കീരയെയോ താദൃശമായ മററു് ഇലക്കറിസാധനങ്ങളെയോ അപേക്ഷിച്ച് കൂടുതൽ ലാഭകരവും സുലഭവും ആയി സിദ്ധിക്കുന്നതാണ് അകത്തിയിലയും മുരിങ്ങയിലയും. അതിനാൽ ഓരോ ഗൃഹത്തിലും അകത്തിയും മുരിങ്ങയും വൃക്ഷങ്ങൾ നട്ടുവളർത്തുന്നതിനു് ശ്രദ്ധിക്കുന്നതു നന്നായിരിക്കും. ഇവയുടെ ഇലകൾ മാത്രമല്ല പൂക്കളും ഫലങ്ങളും വളരെ പോഷകമായ ആഹാരസാധനങ്ങളാകുന്നു.

(പൊതുജനാരോഗ്യം)

——

## "കാരുണ്യവധം"

തീരാവ്യാധികൾ പിടിപെട്ടിരിക്കുന്നവരെ ഡോക്ടർമാർ ഔഷധപ്രയോഗംകൊണ്ടു നിഗ്രഹിച്ചുകളയുന്നതു ഒരു കാരുണ്യകൃത്യമാണു, വധമെന്നു പേരു പറയാനില്ല, എന്നൊരു അഭിപ്രായം ഇപ്പോൾ തലപൊക്കിവരുന്നുണ്ടല്ലോ. Mercy killing (കാരുണ്യവധം) എന്നാണു തൽപ്രണേതാക്കൾ അതിനു പേരുകൊടുത്തിരിക്കുന്നതു്. ക്രിസ്തീയ തത്വങ്ങൾക്കെന്നല്ല, സ്വഭാവപ്രമാണത്തിനുപോലും കടകവിരുദ്ധമാണു ഈ പ്രബോധനമെന്നു് അല്പം ബോധമുള്ളവർക്കെല്ലാം അറിയാം. എങ്കിലും പ്രമുഖരായ പല ആംഗ്ലിക്കൻ വൈദികന്മാർ ഈ "കാരുണ്യകൃത്യ"ത്തെ അനുകൂലിക്കുന്നുണ്ടു്. ഇംഗ്ലണ്ടിലെ മെഡിക്കൽവകുപ്പദ്ധ്യക്ഷനായ ഡോക്ടർ ഹോർഡർ ഈ അഭിപ്രായഗതിയെ സകാരണം ഖണ്ഡിച്ചിരിക്കുന്നു. വേറൊരു പ്രസിദ്ധ ഡോക്ടർ ചോദിക്കയാണ്: "തീരാവ്യാധിയെന്നു വിധിയെഴുതാൻ ആർക്കാണു കഴിയുക? അസാദ്ധ്യമെന്നു വിധിക്കപ്പെട്ട എത്ര എത്ര കേസുകൾ പൂർണ്ണസുഖം പ്രാപിച്ചതായി ഞാൻതന്നെ കണ്ടിട്ടുണ്ട്. എൻെറ പ്രിയപ്പെട്ട പിതാവു 27 വയസ്സു കഴിയുകയില്ലെന്നു ഒരു ഭിഷഗ്വരൻ വിധികല്പിച്ചതാണു്. ദൈവാനുഗ്രഹത്താൽ മക്കളെയും മക്കളുടെ മക്കളെയും കണ്ടിട്ടു് വാർദ്ധക്യത്തിലാണ് അദ്ദേഹം ചരമമടഞ്ഞതു്. "കാരുണ്യവധക്കാർക്കു" അദ്ദേഹം തലചായിച്ചുകൊടുക്കാഞ്ഞതു ഞങ്ങളുടെ ഭാഗ്യം."

## വൃദ്ധതീർത്ഥകർ

ഇററലിയിൽ ചിയേററി സ്വദേശിയായ സിഞ്ഞോർ ലൂയി ജി ഗാർസിയാ എന്ന ദേഹം വിശുദ്ധവത്സരതീർത്ഥാടനാർത്ഥം റോമിലെത്തി നാലു ബസിലിക്കാകളിലും പ്രാർത്ഥന നടത്തിക്കൊണ്ടു ഈയിടെ തൻെറ നൂറാമത്തെ ജന്മദിനം ആഘോഷിച്ചിരിക്കുന്നു. ആയിരം ഐറിഷ് തീർത്ഥകരൊന്നിച്ചു റോമിലെത്തിയ ആർഡാ വികാരിജനറാൾ മൊൺസിഞ്ഞോർ തോമ്മസ് ലാൻഗനു 98 വയസ്സു പ്രായമായി. സ്വർണ്ണക്കാലുള്ള ഒരു കുട അദ്ദേഹം പരിശുദ്ധപിതാവിനു സമർപ്പിക്കയുണ്ടായി.

——

## അർണോൾഡ് ലൺ

പ്രോട്ടസ്റ്റൻറു മതം ഉപേക്ഷിച്ച് കത്തോലിക്കാസഭയിൽ പ്രവേശിച്ച സുപ്രസിദ്ധ ആംഗ്ലേയഗ്രന്ഥകാരനും പണ്ഡിതനുമായ മി. അർനോൾഡു ലൺ ഇപ്പോൾ ആസ്ട്രേലിയായിൽ ഒരു പ്രസംഗപര്യടനം നടത്തിവരികയാണ്. മാർഗ്ഗമദ്ധ്യേ അദ്ദേഹം ഇൻഡ്യയിലിറങ്ങി കറാച്ചി, കല്ക്കട്ട മുതലായ സ്ഥലങ്ങൾ സന്ദർശിക്കുകയുണ്ടായി. സെപ്റ്റംബർ 30-ാംനു- അദ്ദേഹം ആസ്ട്രേലിയായിൽനിന്നു സാൻഫ്രാൻസിസ്കോയിലേക്കു പോകുന്നതാണ്. അവിടെ 30 കേന്ദ്രങ്ങളിൽ അദ്ദേഹം പ്രസംഗം നടത്തുന്നതായിരിക്കും.

Sathya Deepam

Vol. 24 — Ernakulam September 27 1950 — No. 7

# കണ്ണടകൾ

പത്രോസിനു കണ്ണട ഉണ്ടായിരുന്നോ?

അമേരിക്കയിൽ ബോസ്റ്റണിലെ കാഴ്ചബംഗ്ലാവിന്റെ സുകുമാരകലാവിഭാഗത്തിൽ, "ശ്ലീഹന്മാരുടെ വിശ്വാസപ്രമാണ"ത്തെ ചിത്രീകരിക്കുന്ന മനോഹരമായ ഒരു ആലേഖ്യമുണ്ടു്. ആ ചിത്രത്തിന്റെ താഴെ ഇടത്തുഭാഗത്തു അപ്പോസ്തോലപ്രമുഖനായ വിശുദ്ധ പത്രോസിനെ കാണാം. അതിനുള്ള ഒരു പ്രത്യേകത പത്രോസ് കണ്ണടകൾ ധരിച്ചിരിക്കുന്നുവെന്നതാണു്. ഒരു ബൈബിൾ കഥാപാത്രം കണ്ണടധരിക്കുകയെന്നതു സംഭവ്യമായി പ്രേക്ഷകന്മാർക്കു തോന്നാറില്ല. അപ്പോസ്തോലന്മാർ ജീവിച്ചിരുന്ന കാലത്തു കണ്ണടകൾ ഉണ്ടായിരുന്നോ, ഉണ്ടായിരുന്നാൽത്തന്നെ പാവപ്പെട്ട മുക്കുവരായ അപ്പോസ്തോലന്മാർക്കു അതു കിട്ടിയിരുന്നോ എന്നാണു് അവരുടെ സംശയം.

ചരിത്രത്തിൽ കണ്ണടകളെപ്പററിയുള്ള ആദ്യത്തെ പരാമർശനം ബി. സി. 500-നടുത്തു ജീവിച്ചിരുന്ന കൺഫ്യൂഷ്യസിന്റെ എഴുത്തുകളിലാണെന്നു തോന്നുന്നു. ഒരു ചെരുപ്പുകുത്തിയുടെ കണ്ണുകൾക്കു കണ്ണടകൊണ്ടു കാഴ്ചകൂട്ടിക്കൊടുത്തുവെന്നു അദ്ദേഹം പ്രസ്താവിക്കുന്നുണ്ടു്. അവയിലെ കണ്ണാടിക്കഷണങ്ങൾക്കു് എന്തോ ഔഷധശക്തി ഉണ്ടെന്നായിരുന്നു അന്നത്തെ ധാരണ. അല്ലാതെ പ്രകാശരശ്മികളുടെ അപക്ഷേപനിയമത്തെപ്പററി അദ്ദേഹത്തിനു് എന്തെങ്കിലും അറിയാമായിരുന്നുവെന്നു തോന്നുന്നില്ല.

1270 ൽ ചൈനാ സന്ദർശിച്ച, പ്രസിദ്ധവെനീഷ്യൻ സഞ്ചാരിയായ മാർക്കോപോളോ, ചൈനായിലെ ജനങ്ങൾ കണ്ണടകൾ ഉപയോഗിച്ചിരുന്നതായി രേഖപ്പെടുത്തിയിരിക്കുന്നു. പക്ഷെ അക്കാലത്തു അവയുടെ ഉപയോഗത്തിനു പ്രേരകമായിരുന്നതു അന്ധവിശ്വാസവും ആഭിജാത്യബോധവുമായിരുന്നുവെന്നു തോന്നുന്നു. ആമത്തോടുകൊണ്ടുള്ള ഫ്രെയിമോടുകൂടിയ കണ്ണട ദീർഘായുസ്സിനു പററിയതാണെന്നു ചൈനാക്കാർ വിശ്വസിച്ചിരുന്നു. അതുപോലെതന്നെ, കുലീനതയേയും സ്ഥാനവലുപ്പത്തേയും, ബുദ്ധിശക്തിയേയും കാണിക്കുന്നതിലേക്കും കണ്ണടകൾ ധരിച്ചിരുന്നു.

മിങ്ങുരാജവംശത്തിൽ (1260—1368) പെട്ട ഒരാൾ തന്റെ വിലയേറിയ ഒരു അശ്വത്തെ കൊടുത്തു ഒരു കണ്ണട വാങ്ങിയതായി രേഖ ഉണ്ടു. എന്നാൽ ഇന്നു സൂക്ഷിക്കപ്പെടുന്ന പ്രാചീന ചൈനീസ് കണ്ണടകൾ അന്നത്തവയുടെ യഥാർത്ഥമാതൃകകളാണെങ്കിൽ, അവ ആഭരണങ്ങളെന്നതിൽ കവിഞ്ഞു യാതൊന്നിനും പ്രയോജനപ്പെട്ടിരുന്നില്ലെന്നുള്ളതു വ്യക്തമാണു. ഇവയുടെ ഫ്രെയിമുകൾ പത്രോസിന്റെ കണ്ണടയ്ക്കുള്ള തരത്തിൽപെട്ടവതന്നെയാണു. പക്ഷെ ചൈനീസു കണ്ണടകളിൽ നീളമുള്ള പട്ടുചരടുകൾ കെട്ടി ചെവിക്കു മുകളിൽക്കൂടി ചാടു പുറകോട്ടിടുകയായിരുന്നു; ചരടിന്റെ അററത്തു കെട്ടിയിട്ടുള്ള ലോഹാഭരണങ്ങൾ തോളിന്റെ മുൻഭാഗത്തെ അലങ്കരിച്ചിരുന്നു.

ബോസ്റ്റണിലെ ചിത്രം 15 ാം നൂററാണ്ടിന്റെ ഉത്തരാർദ്ധത്തിൽ ബ്രസൽസിൽ നിർമ്മിച്ചിട്ടുള്ളതാണു. അക്കാലത്തു യൂറോപ്പിലെ തെരുവീഥികളിൽ കണ്ണടകൾ വിൽക്കപ്പെട്ടിരുന്നു. ചെരുപ്പുകുത്തുപോലെ കണ്ണടനിർമ്മാണവും അന്നു് അവിടെ ഒരു വ്യവസായമായി തീർന്നിരുന്നു. ക്രേതാക്കൾ തങ്ങൾക്കു നല്ലതെന്നു തോന്നുന്നതു വില്പനക്കാരുടെ പക്കൽനിന്നു തിരഞ്ഞെടുക്കുകയായിരുന്നു.

കണ്ണടയുടെ ഉപയോഗം വിശുദ്ധ പത്രോസു മനസ്സിലാക്കിയിരുന്നുവെന്നതിനെക്കാൾ, ഈ ചിത്രം വരച്ചകാലത്തു കണ്ണട പ്രചുരപ്രചാരത്തിലിരുന്നുവെന്നു ധരിക്കുകയാണു യുക്തമായിട്ടുള്ളതു്. ചിത്രകാരന്മാർ സമ്പന്നരായ തങ്ങളുടെ രക്ഷാധികാരികളെയാണു പലപ്പോഴും മാതൃകകളാക്കിയിരുന്നതെന്ന വസ്തുതയും വിസ്മരിക്കത്തക്കതല്ല. ഈ ചിത്രത്തിലെ പത്രോസ്, പക്ഷേ ചിത്രകാരന്റെ രക്ഷാധികാരിയുടെ ഒരു അസൽ പകർപ്പാണെന്നുവരാം. അല്ലാതെ വിനീതനായ ആ വിശുദ്ധൻ, ഒരു അലങ്കാരമായി കണ്ണടകൾ ഉപയോഗിച്ചിരുന്നുവെന്നു ധരിക്കുന്നതു ചരിത്രത്തിനു ചേരാത്തതായിരിക്കുന്നു.

യൂറോപ്പിൽ, കണ്ണടകളെപ്പററിയുള്ള ഏററവും പ്രാചീനമായ പരാമർശം 1317 ാമാണ്ടത്തെ ഒരു ശ്മശാനശിലാലേഖനത്തിലേതാണു്. അതിങ്ങനെയാണു്: "ഫ്ളോറൻസിലെ അമാരി കുടുംബത്തിൽപെട്ട സാൽവീനോ ഡി അർമാ താൻ ഇവിടെ ശയിക്കുന്നു. അയാളാണു കണ്ണടകൾ കണ്ടുപിടിച്ചതു്. ദൈവം അയാളുടെ പാപങ്ങൾ ക്ഷമിക്കട്ടെ."

---

## തിരുസഭയെ വിട്ടുപോകുന്നവർ

(1-ാം പേജ് തുടർച്ച)

വിമർശിച്ചു് എത്രയോ പ്രാവശ്യം ചിലർ ഉപവിക്കു വിരുദ്ധമായി പാപം ചെയ്യുന്നു!!! സുവിശേഷത്തിലെ ധൂർത്തപുത്രന്റെ തിരിച്ചുവരവുപ്രമാണിച്ചു് പിതാവു് നല്കിയ വിരുന്നിൽ പങ്കുകൊള്ളുവാൻ പരാങ്മുഖത പ്രകടിപ്പിച്ച മൂത്തമകന്റെ മനോഭാവം നാം കൈവെടിയണം. അധഃപതിച്ചവരെക്കാൾ നാം വളരെ മെച്ചമാണെന്നു സ്വയം അഭിമാനിക്കാതെ, "നി ന്നു എന്നു വിചാരിക്കുന്നവൻ, ഇനി വീഴാതെ സൂക്ഷിച്ചുകൊള്ളട്ടെ" (1 കോറി. 10. 12) എന്ന പ്രേഷിതപ്രമുഖന്റെ ഉപദേശത്തെ അനുസ്മരിച്ചുകൊണ്ടു്, അവരുടെ മനഃപ്രയാസങ്ങളെ മനസ്സിലാക്കി പ്രവർത്തിക്കേണ്ടതാണു്.

സത്യസഭയെ ഉപേക്ഷിച്ചവർ അനുഭവിക്കുന്ന മനോവ്യഥയും ഹൃദയഭാരവും ഒന്നു വേറെയാണു്. സത്യവിശ്വാസം സ്വീകരിച്ചു് ഏറിയനാൾ സഭയുടെ കിടയററ ആശ്വാസങ്ങൾ അനുഭവിച്ചശേഷം സഭയെ വിട്ടുപോയവന്റെയും, സഭാമാതാവിന്റെ മാറിടം ഒരിക്കലും ആസ്വദിപ്പാൻ ഭാഗ്യം സിദ്ധിക്കാതെ ജന്മനാ അപഥസഞ്ചാരം ചെയ്യുന്ന വേറൊരുത്തന്റെയും മനസ്ഥിതിതമ്മിൽ വ്യത്യാസമുണ്ടു്. ഉദാഹരണങ്ങൾകൊണ്ടു് ഈ അവസ്ഥാന്തരങ്ങൾ വ്യക്തമാക്കാം. സദ്വൃത്തയായ ഒരു സ്ത്രീയെ വിവാഹം ചെയ്തു് ദീർഘനാൾ കുടുംബജീവിതം പ്രശാന്തമായി കഴിച്ചശേഷം, കലഹപ്രിയയായ ഒരു സ്ത്രീയെ പുനർവിവാഹം ചെയ്തു് ജീവിക്കുന്ന ഒരുവന്റെ കഷ്ടജീവിതവും, കൊള്ളരുതാത്ത ഒരു സ്ത്രീയെ ഒരുവൻ കന്നികെട്ടുകഴിച്ചു അനുഭവിക്കുന്ന ജീവിതയാതനകളും തമ്മിൽ വ്യത്യാസമുണ്ടല്ലോ. പുനർവിവാഹിതൻ തന്റെ ആദ്യഭാര്യയുടെ ഗുണവിശേഷങ്ങൾ സ്മരിച്ചു സ്വയം പുണ്ണാക്കാതിരിക്കയില്ല. കന്നികെട്ടുകാരനു ഇങ്ങനെയൊരു അനുഭവം ഉണ്ടാകാത്തതിനാൽ, അയാളുടെ മനോവ്യാകുലത ഇത്ര ഗുരുതരമാകയില്ലതന്നെ. സർവ്വാംഗസുന്ദരിയായ സഭയെ ഉപേക്ഷിച്ചവരുടെയും കഥ മേൽപ്പറഞ്ഞ ഹതഭാഗ്യനായ പുനർവിവാഹിതന്റേതിനോടു തുല്യമാണു്.

വേറൊരുദാഹരണംകൂടി എടുക്കാം. ഇരുട്ടത്തു ഒരു മുറിയിൽ പ്രവേശിക്കുന്ന രണ്ടുപേരെ സൂക്ഷിക്കുക. ഇവരിൽ ഒരുവൻ ആ മുറിയിൽ ദീപം കത്തിക്കൊണ്ടിരുന്നപ്പോൾ ഉണ്ടായിരുന്നവനും, അപരൻ ആദ്യമായി ആ ശാലയിൽ പ്രവേശിക്കുന്നവനുമത്രേ. ആദ്യത്തവനു് ആ മുറിയിൽ, ദീപമണഞ്ഞുവെങ്കിലും കുറെ എത്തുംപിടിയുമുണ്ടു്. പ്രകാശം നഷ്ടപ്പെട്ടതുകൊണ്ടുള്ള ഏടാകൂടങ്ങൾ അയാൾ ഗ്രഹിക്കുന്നു. രണ്ടാമനാകട്ടെ, ആ മുറിയിൽ ഒരു ഉന്നും ഊരാലുമില്ലാതെ തപ്പിനടക്കുന്നു. ഏതാണ്ടിതുപോലെയുള്ള അനുഭവങ്ങളാണു് സത്യസഭയെ ഉപേക്ഷിച്ചവനും, സഭയെ ആശ്ലേഷിക്കാതെ അജ്ഞാനാന്ധകാരത്തിൽ ചരിക്കുന്നവനും ഉണ്ടാകുന്നതു്.

അതിനാൽ, സത്യസഭയെ ത്യജിച്ചവരുടെ ദയനീയസ്ഥിതി ഗ്രഹിച്ചു അവരോടു് അനുകമ്പാപൂർവ്വം പെരുമാറുക. ഈ ജൂബിലിവർഷത്തിൽ അവർ സഭയെ പുനരാശ്ലേഷിക്കുവാൻ സംഗതിയാകട്ടെ. തൊണ്ണൂററൊമ്പതു ആടുകളെവിട്ടു് കാണാതെപോയ ഒരാടിനെ അന്വേഷിച്ചു പുറപ്പെട്ട നല്ലിടയനായ ക്രിസ്തു (ലൂക്കാ 15-4) ഇവരെ തിരയുന്നു. ജറുസലേം ദേവാലയത്തിൽവച്ചു ദിവ്യ ഉണ്ണി നഷ്ടപ്പെട്ടതിനാൽ മനോവ്യഥ അനുഭവിച്ച പരി. മറിയം ക്രിസ്തുവിനെ നഷ്ടപ്പെടുത്തിയ പാപികളുടെ ഹൃദയവേദനയറിഞ്ഞു് അവരുടെ പ്രത്യാഗമനത്തെ അനുനിമിഷം പ്രതീക്ഷിച്ചിരിക്കുന്നു, ദിവ്യകാരുണ്യംവഴി അവരുടെ ഹൃദയങ്ങളിൽ എഴുന്നെള്ളിവന്നു് ദിവ്യസ്നേഹമധു വഴിഞ്ഞൊഴുകുന്ന കൂദാശസ്ക്കൂട്ടത്ത ചുംബനങ്ങൾ നല്കാൻ ദിവ്യകാരുണ്യ ഈശോ വെമ്പൽകൊള്ളുന്നു. പാപികളെ രക്ഷിപ്പാൻ ഹൃദയംതുടിച്ചുകൊണ്ടു രക്ഷകനായ മിശിഹാ പാപസങ്കീർത്തനവേദികയിൽ അവരെ അത്യാദരം പ്രതീക്ഷിക്കുന്നു; ക്ഷണിക്കുന്നു; മാടിവിളിക്കുന്നു.

---

വേദശാസ്ത്രപംക്തി

## ദണ്ഡവിമോചനം

ദണ്ഡവിമോചനം സംബന്ധിച്ചുള്ള സിദ്ധാന്തങ്ങളിൽ രണ്ടെണ്ണം മാത്രമേ ത്രിദന്തീനോസ് സൂനഹദോസ് വിശ്വാസസത്യങ്ങളായി അവസാനനിർണ്ണയം ചെയ്തിട്ടുള്ളു. 1 ദണ്ഡവിമോചനം അനുവദിക്കുവാൻ സത്യസഭയ്ക്കധികാരമുണ്ടു്. 2. വിശ്വാസികൾക്കു് അവ പ്രയോജനപ്രദങ്ങളാണു്. ബാക്കിയുള്ളവയെല്ലാം അധ്യവസാനം ചെയ്യപ്പെട്ടവയല്ലെങ്കിലും, കത്തോലിക്കാതത്വസംഹിതയിൽ പെട്ടവതന്നെയാണു്.

രണ്ടു അടിസ്ഥാനതത്വങ്ങളെയാണു് ഈ സിദ്ധാന്തം സമാശ്രയിച്ചിരിക്കുന്നതു്. ഒന്നു പുണ്യാത്മാക്കളുടെ പരസ്പരബന്ധം; മറെറാന്നു അംഗങ്ങളേയും ആസ്തികളേയും സംബന്ധിച്ചിടത്തോളം ക്രിസ്തുവിന്റെ മൗതികശരീരത്തിന്മേൽ തിരുസഭയ്ക്കുള്ള അധികാരവും ആധിപത്യവും. ക്രിസ്തുവിന്റെ സഭാംഗങ്ങൾ അവർ ഭൂമിയിലായാലും, സ്വർഗ്ഗത്തിലായാലും, ശോധനസ്ഥലത്തായാലും എല്ലാവരും ക്രിസ്തുവിന്റെ നിഗൂഢശരീരത്തിന്റെ വിവിധങ്ങളായ അവയവങ്ങളാണു്. ആകയാൽ പ്രാർത്ഥനകളാലും സൽക്കർമ്മങ്ങളാലും അവർ പരസ്പരം സഹായിപ്പാൻ സാധിക്കും. "പലരായിരിക്കുന്ന നാമും മിശിഹായിൽ ഒരേ ശരീരമാകുന്നു. നമ്മിൽ ഓരോരുത്തനും ഒരുത്തൻ മറെറാരുത്തന്റെ അവയവങ്ങളുമാകുന്നു." (റോ. 12, 5.)

നീതിമാൻ നിയോഗശുദ്ധിയോടെ ചെയ്യുന്ന ഓരോ സൽകൃത്യത്തിനും രണ്ടുതരം ഫലങ്ങളുണ്ടു്. പുണ്യയോഗ്യത; പരിഹാരസമർത്ഥത. ഇതിൽ പുണ്യയോഗ്യത സ്വകീയമാണു്; അന്യാധീനപ്പെടുത്തുവാൻ നിവൃത്തിയില്ല. പരിഹാരയോഗ്യതയാകട്ടെ മററുള്ളവർക്കുവേണ്ടി സമർപ്പിക്കാവുന്നതാണു്. ഈ സിദ്ധാന്തം സെൻ പോൾ കൊളോസോസ് കാർക്കെഴുതിയ ലേഖനത്തിൽ (1, 24) വ്യക്തമായി സൂചിപ്പിക്കുന്നുണ്ടു്. "നിങ്ങളെക്കുറിച്ചുള്ള പീഡകളിൽ ഞാൻ സന്തോഷിക്കയും, മിശിഹായുടെ ഞെരുക്കങ്ങളുടെ കുറവിനെ, ആ സഭയാകുന്ന അവന്റെ ശരീരത്തെപ്രതി എന്റെ ശരീരത്തിൽ ഞാൻ പരിഹരിക്കയും ചെയ്യുന്നു." വീണ്ടും ഗലാത്തിയാക്കാർക്കിങ്ങനെ എഴുതുന്നു; "നിങ്ങൾ പരസ്പരം ഭാരം വഹിക്കുവിൻ. എന്തുകൊണ്ടെന്നാൽ ഇങ്ങനെ നിങ്ങൾ മിശിഹായുടെ നിയമം നിവൃത്തിയാക്കും." (6, 2.) ക്രിസ്തുവിന്റെ പീഡാനുഭവങ്ങളുടേയും കുരിശുമരണത്തിന്റേയും പരിഹാരയോഗ്യതകൾ കൊണ്ടാണല്ലോ നാം വീണ്ടെടുക്കപ്പെട്ടതു്. ഇങ്ങനെ ഒരാൾക്കുവേണ്ടി വേറൊരാൾ പരിഹാരം ചെയ്യുകയെന്നതു ക്രൈസ്തവവിശ്വാസത്തിന്റെ അതിപ്രധാനമായ തത്വങ്ങളിൽ ഒന്നാണു്.

ലോകരക്ഷയ്ക്കു ആവശ്യമുള്ളതിലും വളരെയധികം പരിഹാരയോഗ്യത മിശിഹായുടെ സഹനത്തിനും കുരിശിലെ ബലിയർപ്പണത്തിനും ഉണ്ടെന്നു് ആരും സമ്മതിക്കും. അങ്ങനെ അവിടത്തെ പീഡാനുഭവങ്ങളുടേയും കുരിശുമരണത്തിന്റേയും അളവററ പരിഹാരഫലങ്ങളിൽനിന്നു തിരുസഭയ്ക്കു അനന്തവും അക്ഷയവുമായൊരു അദ്ധ്യാത്മനിധി സ്വായത്തമായിട്ടുണ്ടു്. അതിൽനിന്നാണു് ആവശ്യാനുസാരം തിരുസഭ വിശ്വാസികളുടെ താല്ക്കാലിക ശിക്ഷയുടെ വിമോചനാർത്ഥം പരിഹാരയോഗ്യതകളെടുത്തു നിശ്ചിതവ്യവസ്ഥകളനുസരിക്കുന്ന വർക്കു് ഔദാര്യപൂർവ്വം വിതരണം ചെയ്യുന്നതു്. ദൈവജനനിയുടേയും പുണ്യാത്മാക്കളുടേയും ഫലസമൃദ്ധമായ പരിഹാരയോഗ്യതകൾ പ്രസ്തുതനിധിയെ ഊഹാതീതമാംവിധം പരിപോഷിപ്പിക്കയും ചെയ്തിട്ടുണ്ടു്. സെന്തോമസ് അക്വിനാസ് പറയുന്നതുപോലെ, "തങ്ങളുടെ കർമ്മങ്ങളും സഹനങ്ങളും തങ്ങൾക്കുമാത്രമല്ല, തിരുസഭയ്ക്കാസകലം പ്രയോജനപ്പെടണമെന്നായിരുന്നു വിശുദ്ധരുടെ നിയോഗം."

ഈ അദ്ധ്യാത്മനിക്ഷേപത്തെക്കുറിച്ചു തിരുസഭ പല ഔദ്യോഗികപ്രസ്താവനകളും പുറപ്പെടുവിച്ചിട്ടുണ്ടു. 1343-ൽ ആറാം ക്ലമന്റ് ഒരു തിരുവെഴുത്തിൽ പറയുന്നു: കുരിശാകുന്ന ബലിപീഠത്തിൽ ക്രിസ്തു ഒരു തുള്ളി രക്തം മാത്രമല്ല ചിന്തിയതു —നിത്യവചനവുമായുള്ള ഐക്യംമൂലം മനുഷ്യകുലമൊക്കയേയും വീണ്ടെടുത്തു രക്ഷിപ്പാൻ അതു മതിയാകുമായിരുന്നു; എന്നാൽ അവിടുന്നു സമൃദ്ധിയായി തന്റെ തിരുച്ചോരയൊഴുക്കി. തദ്വാരാ മാനവസമുദായത്തിനു അനന്തമായൊരു നിക്ഷേപം അവിടുന്നു നല്കി. പ്രസ്തുത നിധിയാകട്ടെ അവിടുന്നു് ഒരു കൈത്തൂവാലയിൽ പൊതിഞ്ഞുവെക്കുകയോ, ഒരു വയലിൽ കുഴിച്ചുമൂടുകയോ ചെയ്യാതെ, പാപത്തിനുള്ള താല്ക്കാലികശിക്ഷയെ ഭാഗികമായൊ, പൂർണ്ണമായൊ ഇളവുചെയ്യത്തക്കവണ്ണം, അതു നീതിയുക്തവും ന്യായപൂർവ്വവുമായ വ്യവസ്ഥകളനുസരിച്ചു വിശ്വാസികൾക്കു വീതിച്ചുകൊടുപ്പാനായി താക്കോൽക്കാരനായ വി. പത്രോസിനേയും തന്റെ പിൻഗാമികളേയും ഭരമേല്പിക്കയാണു ചെയ്തതു്.

"പാപ്പാ ദണ്ഡവിമോചനങ്ങൾ വിതരണം ചെയ്യുവാനുപയോഗിക്കുന്ന സഭാനിക്ഷേപങ്ങൾ ക്രിസ്തുവിന്റെയും വിശുദ്ധരുടെയും പരിഹാരയോഗ്യതകൾ അടങ്ങിയതല്ല," എന്നു ലൂഥർ പ്രസ്താവനയിറക്കിയപ്പോൾ 10-ാം ലെയോൻ പാപ്പാ തൽക്ഷണം അതിനെ ശപിക്കയുണ്ടായി.

തിരുസഭയ്ക്കു യഥേഷ്ടം കൈകാര്യം ചെയ്യാവുന്ന ഈദൃശമൊരു അദ്ധ്യാത്മനിധി സ്വാധീനത്തിലില്ലായിരുന്നുവെങ്കിൽ ദണ്ഡവിമോചനവിതരണം നിഷ്ഫലവും അർത്ഥശൂന്യവുമാകുമായിരുന്നു. പത്രോസിനും അനന്തരാവകാശികൾക്കും ക്രിസ്തു നല്കിയ പാപവിമോചനാധികാരത്തിൽ, ഈ അദ്ധ്യാത്മനിക്ഷേപങ്ങളിൽ നിന്നുള്ള വീതം ഓരോ വിശ്വാസിക്കും ഏതു രീതിയിലും ഏതു വ്യവസ്ഥയിലും അനുവദിക്കാമെന്നു ക്ലിപ്തപ്പെടുത്തുവാനുള്ള അധികാരവും ഉൾപ്പെടുത്തിയിട്ടുണ്ടു്.

(പി. കെ.)

---

*Permissu Ecclesiastico*
Printed and Published by
K. L. Varkey
at the Mar Louis Memorial Press
Ernakulam